# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 14/1822/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം / ജി പി- 14/1822/23 തീയ്യതി: 26/12/2023

## തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 76 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 24-11-2023 | 02-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2023 | 02-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ലിഷ.കെ.വി, ഓഡിറ്റ് ഓഫീസർ

ശ്രീമതി ശാലിനി.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി റീന.ആർ, ഓഡിറ്റർ

ശ്രീമതി ദേവിക.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എം.ഷാഫി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബിജുകുമാർ | സെക്രട്ടറി | 01-04-2022 | 19-10-2022 |

| | | | |
|---|---|---|---|
| ശ്രീ.ജോയ്കുമാർ | സെക്രട്ടറി | 19-10-2022 | 09-01-2023 |
| ശ്രീ.ആർ.എസ്.മനോജ്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-01-2023 | 12-02-2023 |
| ശ്രീമതി അജിതകുമാരി | സെക്രട്ടറി | 13-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കല.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 07-11-2022 |
| ശ്രീ.ആർ.എസ്.മനോജ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 08-11-2022 | 31-03-2023 |
| ഡോ.രാജീവ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ഷീജ.ബി.ജെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 18-04-2022 |
| ഡോ.ഫെമിന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 19-04-2022 | 31-03-2023 |
| ശ്രീമതി ശ്രുതി.എ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അംബിക അന്തർജനം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി പ്രേമ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീമതി അർച്ചന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ I | 01-04-2022 | 12-01-2023 |
| ശ്രീ.ബിനുപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ I (ചാർജ്) | 13-01-2023 | 02-02-2023 |
| ശ്രീമതി രജിത.റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ I | 03-02-2023 | 31-03-2023 |
| ശ്രീ.റിയാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 01-04-2022 | 14-10-2022 |
| ശ്രീമതി അർച്ചന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II (ചാർജ്) | 15-10-2022 | 10-11-2022 |
| ശ്രീ.ബിനുപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II | 11-11-2022 | 31-03-2023 |
| ശ്രീ.വിഷ്ണു.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ.ബി.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.നൗഷാദ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.അനില പീതാംബരൻ | വെറ്റിനറി സർജൻ | 01-04-2022 | 14-10-2022 |
| ഡോ.റാണി ഗോപിനാഥ് | വെറ്റിനറി സർജൻ | 14-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | തൻവർഷത്തെ പ്രവർത്തനംഫലം ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-1-2 |
| 4 | കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-3 |
| 5 | ക്യാഷ് ഫ്ളോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-9 |
| 10 | RP(40b)യിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-10 |
| 11 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank ആയി ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 12 | റീകൺസിലിയേഷൻ പത്രികയിൽ അപാകത | 1-1-12 |
| 13 | കാഷ് ബുക്കിൽ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-13 |
| 14 | ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-1-14 |
| 15 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-15 |
| 16 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-16 |
| 17 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-17 |
| 18 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-18 |
| 19 | ഫണ്ടുകൾ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയക്ക് മാറ്റിയില്ല | 1-1-19 |
| 20 | ഗുണഭോക്തൃവിഹിതം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയതിൽ അപാകം | 1-1-20 |
| 21 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-21 |
| 22 | Secured Loans-loan From Hudco- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയിൽ കൃത്യതയില്ല | 1-1-22 |
| 23 | വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകതകൾ | 1-1-23 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു. | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 29 | റബ്ബർ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിഗണിച്ച് മാത്രം പെൻഷൻ നൽകേണ്ടതാണ്. | 1-6-1 |
| 30 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 32 | തൊഴിലുറപ്പ് പദ്ധതി | 1-9 |

| | | |
|---|---|---|
| 33 | തൊഴിലുറപ്പ് പദ്ധതി അപാകതകൾ | 1-9-1 |
| 34 | ഗുണഭോക്താവിന്റെ അക്കൌണ്ട് തെറ്റായിമാപ്പ് ചെയ്തു- ഗുണഭോക്താവിന് തുക ലഭിച്ചില്ല | 1-9-2 |
| 35 | മെറ്റീരിയലിന്റെ ഉപയോഗം സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല. | 1-9-3 |
| 36 | കരടിമുക്ക് പള്ളിമുക്ക് മൺതടം കോൺക്രീറ്റിംഗ് നിർമ്മാണം-കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ടതിനേക്കാൾ കൂടുതൽ തുക നൽകി | 1-9-4 |
| 37 | കുളമാൻകുഴി അംഗൻവാടി മുണ്ടോണിക്കര തടം കോൺക്രീറ്റ് -എം.ബുക്കിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് മെഷർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല | 1-9-5 |
| 38 | മിഷൻ ഡയറക്ടറുടെ സർക്കുലർ നിർദ്ദേശം പാലിക്കാതെ പോർട്ട് ലാന്റ് സിമന്റിന് അധിക നിരക്കിൽ തുക നൽകി | 1-9-6 |
| 39 | മസ്റ്റർ റോളിലെ അറ്റൻഡൻസും വേജ് ലിസ്റ്റ് പ്രകാരമുള്ള അറ്റൻഡൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-9-7 |
| 40 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1-10 |
| 41 | തൊഴിൽ നികുതി-അപാകങ്ങൾ | 1-11 |
| 42 | വാടക കുടിശിക നിലനിൽക്കുന്നു | 1-12 |
| 43 | ലേലം- അപാകങ്ങൾ | 1-13 |
| 44 | പാഴ്വസ്തുക്കളുടെ ലേലം | 1-13-1 |
| 45 | വൃക്ഷങ്ങളുടെ ലേലം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-13-2 |
| 46 | വളർത്തു നായകളുടെ ലൈസൻസ്- സ്റ്റാറ്റസ് റിപ്പോർട്ടിൽ എണ്ണം രേഖപ്പെടുത്തിയിട്ടില്ല | 1-14 |
| 47 | പന്നി ഫാമിന് ലൈസൻസ്- സബ് കമ്മിറ്റി പുന പരിശോധന നടത്തിയില്ല | 1-15 |
| 48 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-16 |
| 49 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-17 |
| 50 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 51 | വസ്തുനികുതി-അപാകങ്ങൾ | 1-19 |
| 52 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ആർ ആർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-19-1 |
| 53 | 60ച.മീ ൽ കുറവ് വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കൽ– അപാകങ്ങൾ | 1-19-2 |
| 54 | വാണിജ്യ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിനികുതി നിർണയിച്ചിരിക്കുന്നു | 1-19-3 |
| 55 | പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല | 1-19-4 |
| 56 | പ്ലാനിലേയും സഞ്ചയയിലേയും കെട്ടിടങ്ങളുടെ വിസ്തീർണം വ്യത്യാസപ്പെട്ടിരിക്കുന്നു | 1-19-5 |
| 57 | ഫോറം 6 ലെയും സഞ്ചയയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-19-6 |
| 58 | വസ്തുനികുതി- മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-19-7 |
| 59 | നികുതിയിളവ് നൽകിയ വിമുക്ത ഭടന്മാരുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-19-8 |
| 60 | വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-19-9 |
| 61 | ഒറ്റ തവണ നികുതി രസീതില്ലാതെ കെട്ടിട നമ്പർ അനുവദിച്ചു | 1-20 |
| 62 | തനതുവരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-21 |
| 63 | സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ് | 1-21-1 |
| 64 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു | 1-22 |
| 65 | സിഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങൽ– സർക്കാർ നിർദേശം പാലിച്ചില്ല | 1-23 |
| 66 | മുറ്റത്തൊരു മീൻ തോട്ടം പദ്ധതി- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് | 1-24 |
| 67 | അഡ്വക്കേറ്റ് ഫീസ്- ഇൻകംടാക്സ് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല | 1-25 |
| 68 | അംഗൻവാടി റോഡിന്റെ സൈഡ് വാൾ നിർമ്മാണം- എ.ഇയുടെ വാല്യൂവേഷൻ ഇല്ല | 1-26 |
| 69 | ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല | 1-27 |
| 70 | കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനായി പ്ലിന്ത് ഏരിയ അളന്നു- തുടർനടപടി വ്യക്തമല്ല | 1-28 |

| | | |
|---|---|---|
| 71 | ഹോമിയോ മരുന്ന് വാങ്ങൽ– ടാക്സ് ഇൻവോയിസ് ലഭ്യമാക്കേണ്ടതാണ് | 1-29 |
| 72 | എം.എൻ.ആർ.ഇ.ജി.എസ്, GIS സർവേ നടപടികൾ - രേഖകൾ ലഭ്യമാക്കിയില്ല | 1-30 |
| 73 | പൊതുടാപ്പുകൾക്ക് വെള്ളക്കരം- തുക അടവാക്കിയതിൽ വ്യക്തതക്കുറവ് | 1-31 |
| 74 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 75 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 330000 രൂപ തടസ്സം ചെയ്യുന്നു | 1-33 |
| 76 | മരുന്ന് വാങ്ങൽ പദ്ധതി-അപാകങ്ങൾ | 1-34 |
| 77 | നെൽകൃഷി വികസന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല | 1-35 |
| 78 | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം - പദ്ധതി നിർവഹണത്തിൽ അപാകം - 80500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-36 |
| 79 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- പദ്ധതി നിർവഹണത്തിൽ അപാകം 17,300 രൂപയുടെ അധികച്ചെലവ് -വിശദീകരണം തൃപ്തികരമല്ല | 1-37 |
| 80 | സ്ത്രീ പദവി പഠനം-പ്രവർത്തന വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-38 |
| 81 | ഭരതന്നൂർ പി എച്ച് സി - താൽക്കാലിക ഡോക്ടറിന്റെ നിയമനം-നടപടിക്രമം പാലിച്ചില്ല. | 1-39 |
| 82 | പാഥേയം പദ്ധതി വിനിയോഗ സാക്ഷ്യപത്രം, ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല 262080 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-40 |
| 83 | ഭവന പുനരുദ്ധാരണം- രേഖകൾ ഹാജരാക്കിയില്ല- 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-41 |
| 84 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ– സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-42 |
| 85 | ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-43 |
| 86 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല- കമ്മറ്റി തീരുമാന പ്രകാരമുള്ള തുടർ നടപടി വിവരം ലഭ്യമല്ല. | 1-44 |
| 87 | ഭവന പുനരുദ്ധാരണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചില്ല തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമല്ല | 1-45 |
| 88 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-46 |
| 89 | ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി സർവ്വീസ് പെൻഷണർക്ക് ആനുകൂല്യം അനുവദിച്ചത്- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-47 |
| 90 | എസ് എസ് എ വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല 700000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-48 |
| 91 | വിനിയോഗ വിവരം ലഭ്യമല്ല- 458483/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-49 |
| 92 | എസ്റ്റിമേറ്റില്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറൽ–54971/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 93 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ–സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചത് ഉറപ്പ് വരുത്താനായിട്ടില്ല- 100000/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-51 |
| 94 | കമ്മറ്റി തീരുമാനം നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് . | 1-52 |
| 95 | തെരുവ് വിളക്ക് പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-53 |
| 96 | കാലാവധി കഴിഞ്ഞ ആയുർവേദ മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു | 1-54 |
| 97 | ടെണ്ടർ ഫോറം വില- ലഭിച്ചതിന്റെ വിശദാംശം ലഭ്യമല്ല- | 1-55 |
| 98 | പ്രവർത്തി പൂർത്തീകരിക്കാൻ കാല താമസം- പിഴ ഈടാക്കിയിട്ടില്ല | 1-56 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **31.07.2023 ലെ 1(1) നം** കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.07.2023** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പാങ്ങോട്** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പാങ്ങോട്** ഗ്രാമ പഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. , പ്രസ്തുത പത്രികകൾ സോഫ്റ്റ് വെയറിൽ ലഭ്യമല്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 3 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഐ,കെ.എം മായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-2 തൻവർഷത്തെ പ്രവർത്തനംഫലം ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ പത്രിക വാർഷിക കണക്കുകളുടെ B1-ഷെഡ്യൂളിനോടൊപ്പം സമർപ്പിച്ചിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമല്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്

### 1-1-3 കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

കഴിഞ്ഞവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി/ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ

| ഹെഡ്ഡ് കോഡ് | 2021-22 വർഷത്തെ എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | 2022-23 വർഷത്തെ എ.എഫ്.എസ്(ട്രയൽ ബാലൻസ്) പ്രകാരമുള്ള മുന്നിരിപ്പ് |
|---|---|---|
| 410800101 | 965755 | 3212115 |

ILGMS ൽ Asset Code കൾ ലോക്കൽ സാംഖ്യയിൽ നിന്ന് വിഭിന്നമായതിനാലാണ് ലഭ്യമായിരുന്ന കോഡുകളിൽ മുന്നിരിപ്പ് ആയി ഉൾപ്പെടുത്തിയതെന്നാണ് ഓഡിറ്റ് എൻക്വയറി 3 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മുന്നിരിപ്പിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാനായില്ല. മുൻ വർഷത്തെ ക്ലോസിങ് ബാലൻസ് തൻവർഷം എപ്രകാരമാണ് ട്രയൽ ബാലൻസിലെ നീക്കിയിരുപ്പിൽ ക്രമീകരിച്ചത് എന്നത് ആധികാരികമായി വിശദമാക്കേണ്ടതാണ്.

## 1-1-4 ക്യാഷ് ഫ്ളോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (20201333) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (7007184) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സോഫ്റ്റ് വെയർ ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടാണെന്നാണ് ഓഡിറ്റ് എൻക്വയറി 3 ന് ലഭ്യമാക്കിയ മറുപടി ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല. സോഫ്റ്റ് വെയറിൽ ആയതിനുള്ള സൌകര്യമില്ലായെന്നാണ് ഓഡിറ്റ് എൻക്വയറി 3 നുള്ള മറുപടി . അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

I. B-4 Schedule പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ 7761194- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പ് 8152285- രൂപയാണ്.

Ii. B-4 Schedule പ്രകാരം Literacy Scheme Grant എന്ന ശീർഷകത്തിൽ 313462- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പ് 310855- രൂപയാണ്. മുൻവർഷങ്ങളിലെ വ്യത്യാസമാണ് എന്നാണ് ഓഡിറ്റ് എൻക്വയറി 3 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

III. B-2 Schedule പ്രകാരം Distress Relief Fund എന്ന ശീർഷകത്തിൽ 35300 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B-17 പ്രകാരം പ്രസ്തുത അക്കൌണ്ടിലെ നീക്കിയിരിപ്പ് 27060 - രൂപയാണ്. അപാകത പരിഹരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി 3 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. 31.3. 2023 ൽ മാത്രമാണ് ഡിമാൻഡ് എൻട്രി വരുത്തിയിട്ടുള്ളത്. മാസാമാസം എൻട്രി നടത്തുന്നത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്നും വാർഷികമായാണ് എൻട്രി വരുത്തുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഡിമാന്റ് എൻട്രി വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-9 നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

പാങ്ങോട് ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക് ( അക്കൌണ്ട് നമ്പർ 107112804000017) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് (മാർച്ച് 2023) പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നൽകി മൂന്നു മാസത്തിനുള്ളിൽ) പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശം ചുവടെ

| ബാങ്ക് | ചെക്ക്നം. തീയതി | തുക |
|---|---|---|
| ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് | 038688/24.1.2019 | 1000 |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ടസ്)ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ്

ചെയ്യേണ്ടതുമാണ്. എന്നാൽ ചെക്കിന്റെ കാലാവധി കഴിഞ്ഞിട്ടും ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല.

### 1-1-10 RP(40b)യിൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

Sub Treasury Nedumangad A/C No. 702031400000008 ന്റെ പ്രതിമാസ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ്, ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. RP (40b) പ്രകാരം പ്രസ്തുത അക്കൌണ്ടിൽ 27495 /- രൂപ നീക്കിയിരിപ്പുണ്ട്. Bimsൽ പ്രസ്തുത അക്കൌണ്ട് ആക്ടീവ് അല്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-11 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ Directly Credited By Bank ആയി ചേർത്തിട്ടുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല

ഫെഡറൽ ബാങ്ക് അക്കൌണ്ടിന്റെ (അക്കൌണ്ട് നമ്പർ 17350100093871)മാർച്ച് 2023 റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ Directly Credited By Bank ആയി ചേർത്തിട്ടുള്ള 3400/- രൂപ തൻ വർഷം ക്രമീകരിച്ചിട്ടില്ല

PFMS സംവിധാനം വഴി നടത്തിയ പേമെന്റിൽ 3400/-രൂപ ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് സാങ്കേതിക കാരണങ്ങളാൽ ക്രഡിറ്റ് ആയിട്ടില്ലായെന്നും 2023-24 വർഷം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-12 റീകൺസിലിയേഷൻ പത്രികയിൽ അപാകത

State Bank Of India 37376488654 ന്റെ ബാങ്ക് ബുക്ക് പ്രകാരം 31.03.2023 ലെ ക്ലോസിംഗ് ബാലൻസ് 846068 രൂപയാണ്. എന്നാൽ മാർച്ച് 2023ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 845419/- രൂപആക്കിയാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്. RP(40b) പ്രകാരമുള്ള നീക്കിയിരിപ്പ് 846068 രൂപയാണ്. Reconciliation പൂർത്തിയാക്കിയ ശേഷം Pending Task വഴി Payment നടത്തിയതിൽ ബാങ്ക് മാറിപ്പോയതിനാൽ ആണ് 649/- രൂപയുടെ വ്യത്യാസം ഉണ്ടായതെന്നും 2023-24 ൽ അത് കറക്ട് ചെയ്തിട്ടുണ്ടെന്നുമാണ് ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-13 കാഷ് ബുക്കിൽ ക്രഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു

ക്യാഷ്ബുക്ക് 3.1.2023 ൽ 4075 രൂപയുടെ ക്രഡിറ്റ് ബാലൻസും 6.1.2023 ൽ 6986/- രൂപയുടെ ക്രഡിററ് ബാലൻസും 07.01.2023 ൽ 3236 രൂപയുടെ ക്രഡിറ്റ് ബാലൻസും രേഖപ്പെടുത്തിയിരിക്കുന്നു. ക്യാഷ് ബുക്ക് കറക്ട് ചെയ്തിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി 20 നുള്ള മറുപടി . ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-14 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റിൽ (മാർച്ച് 2023) Directly Debited By Bank ആയി ചേർത്തിട്ടുള്ള തുക ചെലവായി ചേർത്ത് സാമ്പത്തിക വർഷാവസാനവും ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് | തുക | തീയതി |
|---|---|---|
| Sub Treasury Nedumangad 799030000000976 | 1250 | 02.03.2023 |

സിറ്റിംഗ് ഫീ ഇനത്തിൽ പേമെന്റ് നടത്തിയത് സെക്രട്ടറി ലോഗിനിൽ അപ്രൂവ് ചെയ്യാൻ കഴിയാതെ പോയതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം.20 ന്റെ മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-1-15 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വിവിധ സെക്ഷനുകൾക്ക് പ്രതിമാസം റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-16 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ഉദാഹരണം കേന്ദ്രാവിഷ്കൃതഫണ്ടുകൾ, സംസ്ഥാനാവിഷ്കൃതഫണ്ടുകൾ എന്നിവയുടെ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ വരും വർഷങ്ങളിൽ രജിസ്റ്റർ പരിപാലിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-1-17 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. മുൻവർഷത്തെ വെള്ളക്കരം, കറണ്ട് ചാർജ്ജ്, വാഹനത്തിന് ഇന്ധനം എന്നിവയ്ക്ക് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അവയ്ക്ക് ബാലൻസ് ഷീറ്റ് B9 ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായി നിർണ്ണയിക്കാൻ കഴിയാത്തതിനാലാണ് പ്രൊവിഷൻ രേഖപ്പെടുത്താത്തതെന്നാണ് ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-18 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | ഡിമാന്റ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ഡിമാന്റ് (എ.എഫ്.എസ് പ്രകാരം) | കളക്ഷൻ(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | കളക്ഷൻ (എ.എഫ്.എസ് പ്രകാരം) | ബാലൻസ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം | ബാലൻസ് (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|---|---|---|
| കെട്ടിട നികുതി (തൻവർഷം) | 3282013 | 3122986 | 3210408 | 3056234 | 66993 | 66993 |
| കെട്ടിട നികുതി Arrear | 1122706 | 1161710 | 976265 | 928843 | 147604 | 147604 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക(അരിയർ) | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 1587499 | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 375720 | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 1211779 |
| ലേലം | 279688 | 309899 | 279688 | 299899 | 0 | 0 |
| ലൈസൻസ് | 182000 | 185300 | 182000 | 185300 | 0 | 0 |
| ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം | 12250 | 3214 | 10150 | | 2100 | 164 |
| മാർക്കറ്റ് ലേലം(അരിയർ) | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 140810 | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 0 | രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല | 140810 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 ന് എ.എഫ്.എസ് തയ്യാറാക്കുന്നതിലേയ്ക്ക് ലഭ്യമായ ഡി.സി.ബി പ്രകാരമാണ് ഡിമാന്റ് നൽകിയതെന്നും ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബിയുമായി ഉണ്ടായ വ്യത്യാസമാണ് കാരണം എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അക്കൌണ്ട്സ് തയ്യാറാക്കുന്നതിനുള്ള ഡി.സി.ബി സ്റ്റേറ്റുമെന്റും രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റുമെന്റും വ്യത്യസ്തമാണെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-19 ഫണ്ടുകൾ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയക്ക് മാറ്റിയില്ല

ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിലെ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്ന ലെഡ്ജർ പരിശോധിച്ചതിൽ വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേയക്ക് മാറ്റിയില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ

1. ചുവടെ ചേർക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് റോഡ് ഉപയോഗിച്ച് ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| പ്രോജക്ട് | തുക |
|---|---|
| 118, കരിങ്ങട കലിങ്ക് നിർമ്മാണവും ഓട നിർമ്മാണവും | 381811 |

| | |
|---|---|
| 165, പുളിക്കര അടപ്പ പാറ റോഡ് സൈഡ് കോൺക്രീറ്റിംഗ്- വാർഡ് 15 | 244699 |
| 183, കാഞ്ചിനട, പുത്തൻവിള റോഡ് സൈഡ് കെട്ട് | 254415 |
| 182, ചെത്തപ്പാലം നാലുമുക്ക് റോഡ് കോൺക്രീറ്റിംഗ് | 270757 |
| 163, തൃക്കോവിൽവട്ടം തോട്ടുമുക്ക് റോഡ് സൈഡ് കെട്ട് | 373241 |

2. ചുവടെ ചേർക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിനായി വികസനഫണ്ട് (ജനറൽ) ഉപയോഗിച്ച് ചെലവഴിച്ച തുക “Capital Contribution” ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

| പ്രോജക്ട് | തുക |
|---|---|
| 102, അടപ്പുപാറ കല്ലുമല തടം ഇന്റർലോക്കിംഗും സൈഡ് കോൺക്രീറ്റിംഗും -വാർഡ് | 128220 |
| 168, പുത്തൻപള്ളി കുശവൂർ റോഡ് ഇന്റർലോക്കിംഗ് വാർഡ് 3 | 349652 |
| 149, പാങ്ങോട് വെറ്ററിനറി ഹോസ്പിറ്റൽ ഇന്റർലോക്കിംഗ് | 199963 |

മേൽപ്പറഞ്ഞവ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിന് കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 70 ന് പ്ലാൻ വൌച്ചറുകൾ E-bill വൌച്ചർ ജനറേഷൻ വഴിയാണ് ILGMS ലേയ്ക്ക് കൊണ്ടു വരുന്നതെന്നും സുലേഖ സോഫ്റ്റ് വെയരിൽ പദ്ധതി രൂപീകരണ സമയതത് നിർവ്വഹണ ഉദ്യോഗസ്ഥർ Data Entry ചെയ്യുന്ന രീതിയിലാണ് ചെലവ് ഹെഡ്ഡുകൾ വരുന്നതെന്നും മെയിന്റനൻസ് ഫണ്ട്, വികസനഫണ്ട് എന്നിവ ഉപയോഗിച്ച് ആസ്തി സംരക്ഷണ എന്ന രീതിയിൽ Project Formulation ചെയ്തതിനാലാകാം ഈ ശീർഷകത്തിൽ വന്നതെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-20 ഗുണഭോക്തൃവിഹിതം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയതിൽ അപാകം

B-4 Schedule പ്രകാരം Beneficiary Contribution ഇനത്തിൽ മുന്നിരിപ്പ് ഉൾപ്പെടെ 831470 രൂപ നീക്കിയിരിപ്പുണ്ട്. ഹെഡ്ഡ് കോഡ് 320800101 ന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പ് 306470/- രൂപയും വരവ് 819984 രൂപയും ചെലവ് 294984/-രൂപയുമാണ് ബുക്ക് ചെയ്തിട്ടുള്ളത്. വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം. 147ൽ ഗുണഭോക്താക്കളിൽ നിന്ന് പിരിച്ച 693000/-രൂപയും വി.ഇ.ഒ നിർവ്വഹണഉദ്യോഗസ്ഥയായ പ്രോജക്ട് നം. 54 ൽ 14256 രൂപയും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് നം. 111, 123, 65, 126 എന്നിവയിലായി ആകെ 112728/- രൂപയും ഗുണഭോക്താക്കളിൽ നിന്ന് പിരിച്ച തുക ചെലവഴിച്ചിട്ടുണ്ട്. ആകെ 819984/- രൂപ. പ്രസ്തുത ഹെഡ്ഡിൽ ഡെബിറ്റ് സൈഡിൽ 294984/- രൂപ മാത്രം ജേണൽ ചെയ്തതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ജേണൽ എൻട്രി ചെയ്തതിലെ പിഴവാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-21 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

B-18 Shedule പ്രകാരം Advance To Implimenting Agencies -Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ 204135 രൂപ നീക്കിയിരിപ്പുണ്ട്. അക്കൌണ്ട് ഹെഡ്ഡ് 460500202 ന്റെ ലഡ്ജർ പ്രകാരം മുന്നിരിപ്പ് 172209 നോടൊപ്പം തൻവർഷം ഡെപ്പോസിറ്റ് ചെയ്ത 31926 രൂപ (പ്രോ നം. 84) കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത നീക്കിയിരിപ്പിൽ എത്തിച്ചേർന്നിരിക്കുന്നത്. എന്നാൽ തൻവർഷം പ്രോജക്ട് നം. 2 പ്രകാരം കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 54971 രൂപ ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 20 ന് തനത് ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തി 251200001 എന്ന ഹെഡ്ഡ് ഓഫ് അക്കൌണ്ടിൽ ആണ് ബുക്ക് ചെയ്തതെന്നും ഡെപ്പോസിറ്റ് വർക്കാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടില്ലായെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-22 Secured Loans-loan From Hudco- തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയിൽ കൃത്യതയില്ല

ഹെഡ്ഡ് കോഡ് 330500202 പ്രകാരം Secured Loans-loan From Hudco എന്ന ശീർഷകത്തിൽ 31169463രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത ശീർഷകത്തിന്റെ മുന്നിരിപ്പ് 22087218/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ വരവ് 11404000/- രൂപയും (RP31 പ്രകാരം വരവ് 16144000/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്) സ്രോതസ്സിൽ നിന്ന് വിവിധ പ്രോജക്ടുകളിലായി കുറവ് ചെയ്ത തുക 3821755/- രൂപയുമാണ്. സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ നീക്കിയിരിപ്പ് വരേണ്ട തുക 22087218+11404000-3821755=29669463/- രൂപയാണ്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-23 വാർഷിക ധനകാര്യ പത്രികയിലെ മറ്റ് അപാകതകൾ

I. ILGMS അക്കൌണ്ടിംഗ്

01.04.2022 ൽ പഞ്ചായത്ത് ILGMS എന്ന പുതിയ Software യിലേയ്ക്ക് മാറിയ സാഹചര്യത്തിൽ അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Account Head കളിലെ വ്യത്യാസം

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ Trial Balance, 2022-23 ലെ ILGMS Trial Balance എന്നിവ പരിശോധിച്ചതിൽ ഇനങ്ങളുടെ അക്കൗണ്ട് ഹെഡുകളിൽ വ്യത്യാസം വന്നിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Headcode As Per Sankya AFS | Headcode As Per ILGMS AFS |
|---|---|---|
| NREGA | 320100101 | 320100128 |
| ICDS | 320100121 | 320100196 |
| Fee For Issue Of Death Certificate | 140130102 | 140130106 |
| Fee For Issue Of Marriage Certificate | 140130103 | 140130112 |
| Fee For Extracts As Per RTI | 140130104 | 140130119 |
| Government And Other Dues Payable-CGST | 350300110 | 350200205 |
| Government And Other Dues Payable-SGST | 350300111 | 350200206 |
| Property Tax Non -Residential Buildings | 110100103 | 1110100102 |
| Election Deposit | 340200107 | 340100303 |
| Waste Management- Sewage Treatment Plant | 410800101 | 414130106 |

2. സർക്കാർ അംഗീകാരത്തോടെ ലഭ്യമായ അക്കൌണ്ട് ഹെഡുകളിൽ മാറ്റം വരുത്തിയതിന്റെ ആധികാരികത ലഭ്യമാക്കേണ്ടതാണ്. സാംഖ്യയിലെ B-11 എന്ന ഷെഡ്യൂളിന് പകരം ഐ എൽ ജി എം എസ്-ൽ B-11, B-11 (A), B-11 (B), B-11 (C), B-11 (D), B-11 (E) എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സാംഖ്യയിലെ B-11 (A) യിൽ ഉൾപ്പെടുത്തിയിരുന്ന Capital Work In Progress എന്ന ഇനം ഐ എൽ ജി എം എസ്-ൽ B-11 (B) ആയി ചേർത്തിരിക്കുന്നു. ഇപ്രകാരം മാറ്റം വരുത്തിയതിനാൽ മുൻവർഷ ക്ലോസിങ് ബാലൻസ്, തൻവർഷ ഓപണിങ് ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

ക്രമ നം. 1, 2 എന്നിവയ്ക്ക് ലഭ്യമായ മറുപടിയിൽ ലോക്കൽ സാംഖ്യയിലേയും ഐ.എൽ.ജി.എം.എസിലേയും ഹെഡ്ഡുകൾ തമ്മിലുള്ള വ്യത്യാസമാണ് കാരണം എന്ന് വിശദീകരിച്ചിട്ടുണ്ട്.

II. MGNREGS ക്യാഷ് ബുക്ക് പ്രകാരം ഭരണനിർവ്വഹണ ചെലവ് 1720250.82 രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ഈയിനത്തിലെ ചെലവ് 1548192/- രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. കാഷ് ബുക്ക് കറക്ട് ചെയ്ത് ഹാജരാക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

III. മുൻവർഷ എ.എഫ്.എസ് പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ് 5567259 രൂപയും (B-4 പ്രകാരം) തൻവർഷ എ.എഫ്.എസ് പ്രകാരം വരവ് 10423935/- (RP-30 പ്രകാരം) രൂപയും സുലേഖ പ്രകാരം ഈയിനത്തിലെ ആകെ ചെലവ് 10458863- രൂപയുമാണ്. അതായത് ആകെ നീക്കിയിരിപ്പ് 5532331 രൂപ. എന്നാൽ തൻവർഷ B-4 ഷെഡ്യൂൾ പ്രകാരം ആയത് 7761194/-രൂപയും B-17 പ്രകാരം ആയത് 8152285/- രൂപയുമാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സുലേഖ ചെലവ് പത്രികയിൽ Egram Swaraj, Treasury വഴി ചെലവാക്കിയ തുകയും കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നും അതാണ് അപാകതയ്ക്ക് കാരണം എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്

IV. B-9 Schedule പ്രകാരം നീക്കിയിരിപ്പുള്ള ഹെഡ്ഡ് കോഡ് 350300101, 350300108, 350300111, 350300112, 350300199, 350400999 എന്നിവയിൽ അവശേഷിച്ചിട്ടുള്ള തുകകളിൽ ലൈബ്രറി സെസ് മാത്രമാണ് അടവാക്കിയിട്ടുള്ളതെന്നും ബാക്കിയുള്ളവ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകകൾ നിശ്ചിത ഹെഡ്ഡുകളിൽ അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

V. B-18 Schedule പ്രകാരമുള്ള ഹെഡ്ഡ് കോഡ് 460500501, 460500601, 460500801, 460509901 എന്നിവയിലെ തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന്

നൽകാനുള്ള തുക നിലവിൽ അവശേഷിക്കുന്നില്ലായെന്നും അത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

VI. 2022-23വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരുന്ന263077 രൂപയിൽ നിശ്ചിത സമയപരിധി കഴിഞ്ഞ തുകകൾ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**VII. B-4 Schedule പ്രകാരം 320100198 എന്ന ശീർഷകത്തിൽ 2734273/- - രൂപ നീക്കിയിരിപ്പുണ്ട് . പ്രസ്തുത ശീർഷകത്തിന്റെ ജേണൽ പ്രകാരം 2928377- രൂപ മുന്നിരിപ്പും 190000/- രൂപ വരവും ഉണ്ട്. ജേണൽ പ്രകാരം 384104 രൂപ ഡെബിറ്റ് സൈഡിൽ ബുക്ക് ചെയ്തിട്ടുണ്ട്. പ്രോജക്റ്റ് നം. 9 പ്രകാരം 220800/- രൂപയും പ്രോജക്റ്റ് നം. 54 പ്രകാരം 128304/- രൂപയും പ്രോജക്റ്റ് നം. 51 പ്രകാരം 35000/- രൂപയും വൌച്ചർ നം. 22200137/30.5..2022 പ്രകാരം 190000/- രൂപയും ശുചിത്വ മിഷൻ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജേണൽ പ്രകാരം പ്രോജക്റ്റ് നം. 9, പ്രോജക്റ്റ് നം. 54 എന്നിവയുടെ ചെലവുകൾ മാത്രമാണ് ബുക്ക് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മഴക്കാല പൂർവ്വ ശുചീകരണത്തിന് നൽകിയ തുകയുടെ യു.സി ലഭിക്കാത്തതിനാലാണ് അത് ജേണൽ ചെയ്യാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പ്രോജക്റ്റ് നം. 51 പ്രകാരമുള്ള 35000/- രൂപ ബുക്ക് ചെയ്യാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.**

## 1-2 ബജറ്റ്

ബജറ്റ് 25.3.2022 ലെ 1/1 നം തീരുമാനപ്രകാരം അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റ് 23.03.2023 ലെ 1/1 നം. തീരുമാനപ്രകാരവും അംഗീകരിച്ചു. 2022-23 ലെ ലഭ്യമാക്കിയ ബജറ്റ് പകർപ്പിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ലഭ്യമല്ലാത്തതിനാൽ മുന്നിരിപ്പ്, വരവ് , ചെലവ് , നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

റിവൈസ്ഡ് ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11604920 |
| വരവ് | 292474200 |
| ആകെ | 304079120 |
| ചെലവ് | 295163483 |
| നീക്കിയിരിപ്പ് | 8915637 |

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ (Annexure 6)
3. പെർഫോമൻസ് ബജറ്റ് (Annexure 10)
4. ജെൻഡർ ബജറ്റ് (Annexure 11)
5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22 ന് മേലിൽ ബജറ്റ് രൂപീകരണം സംബന്ധിച്ച പരാമർശങ്ങൾ പാലിക്കുന്നതായിരിക്കും എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

2. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214, ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

3. 2022-23 വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ നികുതി വരുമാനങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 22 ന് 22-23 വർഷത്തെ ബജറ്റിൽ വിട്ടുപോയ വരവുകൾ റിവൈസ്ഡ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4 വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയോ കുറവായോ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം, | ശീർഷകം | ഇനം | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം | എ.എഫ്.എസ് |
|---|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | ഉൾപ്പെടുത്തിയിട്ടില്ല | 4500000 | 3122986 |
| 2 | 1102001 | തൊഴിൽ നികുതി | ഉൾപ്പെടുത്തിയിട്ടില്ല | 900000 | 1408275 |
| 3 | 1303001 | കെട്ടിടങ്ങളുടെ വാടക | 700000 | 1000000 | 1683180 |
| 4 | 1401101 | ലൈസൻസ് ഫീസ് | 150000 | 200000 | 185300 |

5. 22-23ലെ ബജറ്റ്, 22-23 ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ / വകയിരുത്തിയതിനെക്കാൾ അധികമായി തുക ചെലവഴിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1. | 2201003 | Vehicle Tax | 0 | 0 | 4605 |
| 2 | 2501003 | Agricultural Development Programmes | 100000 | 0 | 60000 |
| 3 | 2501014 | Agriculture And Related Sectors | 0 | 0 | 100000 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 22 ന് അപാകതകൾ ഉണ്ടാകാതെ മേലിൽ ശ്രദ്ധിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് ചട്ടം, ബജററ് മാന്വൽ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26382230 |
| ഓഡിറ്റ് വർഷത്തെ വരവ് | 78950193 |

| | |
|---|---|
| ആകെ | 105332423 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71943009 |
| നീക്കിയിരിപ്പ് | 33389414 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 229520390/- രൂപയും ചെലവ് 229321330/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 20530577 | 20530577 | 19686740 | 843837 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 9004997 | 9004997 | 8998967 | 6030 |
| വികസനഫണ്ട് ടി.എസ്.പി | ० | 1335161 | 1335161 | 1834249 | -499088 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 23502000 | 23502000 | 16771348 | 6730652 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) | 0 | 10274000 | 10274000 | 7968818 | 2305182 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | ० * | 9637489 | 9637489 | 5224072 | 4313417 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ബേസിക് ഗ്രാന്റ്) | 0 ** | 4156992 | 4156992 | 5234791 | -1077799 |
| CSS | 0 | 0 | 0 | 993794 | -993794 |
| SSS | 0 | 0 | 0 | 3300000 | -3300000 |

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) എ.എഫ്.എസ് പ്രകാരം മുന്നിരിപ്പുണ്ട്

** ധനകാര്യകമ്മീഷൻ ഗ്രാന്റ് ( ബേസിക് ഗ്രാന്റ്) എ.എഫ്.എസ് പ്രകാരം മുന്നിരിപ്പുണ്ട്

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | എ.സി.ആർ പ്രകാരം ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരം ( I 6+ Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് ( CFC Tied) | 5224072 | 5224072 | 5247909 |

| | | | |
|---|---|---|---|
| വികസന ഫണ്ട് ( CFC Untied) | 5234791 | 5234791 | 5320000 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 16771348 | 18709680 | 16771348 |

2. കേന്ദ്രാവിഷ്കൃത പദ്ധതി , സംസ്ഥാനാവിഷ്കൃത പദ്ധതി എന്നിവയുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ പ്രകാരമുള്ള മുന്നിരിപ്പ് , വരവ് , നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9123240 | 6097984 | 66.8 |
| | പട്ടിക ജാതി | 880000 | 880000 | 100 |
| | പട്ടിക വർഗ്ഗം | 200000 | 50000 | 25 |
| സേവനം | പൊതുവിഭാഗം | 50414392 | 30453014 | 60.4 |
| | പട്ടിക വർഗ്ഗം | 13724634 | 5476941 | 40 |
| | പട്ടിക ജാതി | 15516802 | 8253694 | 53 |
| പശ്ചാത്തലം | പൊതുവിഭാഗം | 38188392 | 22548211 | 59 |
| | പട്ടിക ജാതി | 929200 | 664184 | 71.4 |

ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമല്ല

4. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ 2021-22മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല വിശദാംശം ചുവടെ.

| ഹെഡ്സ് കോഡ് | തുക |
|---|---|
| 320100162 | 9059 |
| 320100181 | 926102 |
| 320100197 | 313462 |
| 320100199 | 20000 |
| 320700105 | 234935 |
| 320700204 | 1220121 |
| 320700205 | 308621 |
| 320700405 | 180000 |

B) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തൻവർഷംവിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്സ് കോഡ് | തുക |
|---|---|
| 320100149 | 860000 |
| 320100198 | 2734273 |
| 320200104 | 1803789 |
| 320200113 | 5957405 |
| 320400199 | 11365 |
| 320100196 | 5168269 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. അവ ലഭ്യമാക്കേണ്ടതും തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും

വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയ്ക്ക് കാരണവും മേൽ പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

5. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന യുടെ അടിസ്ഥാനത്തിൽ)പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിൽ , സംരക്ഷണഫണ്ട് (റോഡിതരം ) ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവ് തുക (സുലേഖ പ്രകാരം) | നീക്കിയിരിപ്പ് തുക | ചെലവ് ശതമാനം | 2023-24 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 10274000 | 7968818 | 2305182 | 77.56 | 2054800 | 250382 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 23502000 | 16771348 | 6730652 | 71.36 | 4700400 | 2030252 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ ഉൾപ്പെട്ട പ്രോജക്ടുകളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ചിരുന്നവെങ്കിലും ബിൽ പാസായില്ലായെന്നും പ്രസ്തുത പദ്ധതികൾ സ്പിൽ ഓവർ ആക്കുകയാണുണ്ടായതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ടുകൾ ലാപ്സാകാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6. സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അനുബന്ധം 2 | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 3155480 | 4533900 | 3200464 | 70.5 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്ക് വേണ്ടിയുള്ള പദ്ധതി | 1577740 | 1900000 | 1430950 | 75.3 |
| വൃദ്ധർ((പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1577740 | 2628100 | 2023738 | 77 |

സർക്കാർ നിർദ്ദേശപ്രകാരം വിവിധ ഘടകപദ്ധതികൾക്കായി ചെലവഴിക്കേണ്ട തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും വിവിധ കാരണങ്ങളാലാണ് അടങ്കൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തതെന്നുമാണ് ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്തിന്റെ വിവിധ വികസനപ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കേണ്ടിയിരുന്ന ഫണ്ട് ഇപ്രകാരം വകയിരുത്തിയിട്ട് ചെലവഴിക്കാതെ പാഴാക്കുന്നത് ആശാസ്യമല്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ , അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം. 161 പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനായി ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശംലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് വാതിൽപ്പടി സേവനവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ കണ്ടെത്തുകയും സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുക്കുകയും ചെയ്തെങ്കിലും ഗുണഭോക്താക്കളുടെ ലിസ്റ്റ് പോലീസ് വെരിഫിക്കേഷന് വേണ്ടി കൈമാറിയെങ്കിലും പ്രവർത്തനങ്ങൾ മുന്നോട്ട് പോയിട്ടില്ലായെന്നും വാങ്ങൽ നടപടികൾ സ്വീകരിക്കുകയോ ബാങ്ക് അക്കൌണ്ട് എടുക്കുകയോ ചെയ്തിട്ടില്ലായെന്നും ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ തനത് വരവിനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവു വരുത്തിയിട്ടുണ്ട്. പാങ്ങോട് ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 238910/-രൂപ കുറവു ചെയ്തു പോയിട്ടുണ്ട്.

തനത് വരവുകളുടെ പിരിവ് കാര്യക്ഷമമാക്കേണ്ടതും വികസനഫണ്ടിൽ നിന്ന് ഇപ്രകാരം കുറവ് സംഭവിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം


1. ഫണ്ട് വിനിയോഗം

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| 1 | 2 | 3 | 4 |
|---|---|---|---|
| ഫണ്ടിനം | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക | ക്യാരി ഓവറായി ലഭിച്ചത് കുറച്ച് നീക്കിയിരിപ്പ്/ലാപ്സ് തുക |
| വികസനഫണ്ട് സാധാരണ വിഹിതം | 23891000 | 19686740 | 4204260 |
| പട്ടിക ജാതി ഉപപദ്ധതി | 10419000 | 8998967 | 1420033 |
| പട്ടിക വർഗ ഉപപദ്ധതി | 2023000 | 1834249 | 188751 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 10274000 | 7968818 | 2305182 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 23502000 | 16771348 | 6730652 |
| **ആകെ** | **70109000** | **55260122** | **14848878** |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

**(1)**




**(2)**




ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | (2021-22 B-4 ഷെഡ്യൂൾ പ്രകാരം) | (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വരവ്) | ആകെ | ചെലവ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2022-23 B-4 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | 2635405 | 9537489 | 12172894 | 5224072 | 6948822 | 5,957,405 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( അൺടൈഡ്) | 2931854 | 4156992 | 7088846 | 5234791 | 1854055 | 1,803,789 |

നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

2) **2022-23 സാമ്പത്തിക വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി | ആകെ പദ്ധതി | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | പദ്ധതികൾ | | | അടങ്കൽ (ഗ്ര.വി. ഒഴികെ) | ചെലവ്(ഗ്ര.വി. ഒഴികെ) | |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 0 | 1927990 | 1878192 | 97.4 |
| വെറ്റിനറി സർജൻ | 6 | 6 | 0 | 2795000 | 2323000 | 83.1 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 6 | 6 | 0 | 2401019 | 2347757 | 97.8 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 0 | 1400000 | 1400000 | 100 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 0 | 24000 | 24000 | 100 |
| ലേഡി വി.ഇ.ഒ | 9 | 9 | 0 | 22819950 | 8776096 | 38 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 11 | 1 | 7557100 | 5856647 | 77.5 |
| സെക്രട്ടറി | 42 | 32 | 10 | 16884929 | 11514576 | 68.2 |
| ഹെഡ്മാസ്റ്റർ എൽ.പി.എസ് | 6 | 6 | 0 | 3185000 | 2811535 | 88.3 |
| വി.ഇ.ഒ | 11 | 10 | 1 | 65952950 | 21765096 | 33 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 4356250 | 2195292 | 50 |
| അസി.എഞ്ചിനീയർ | 69 | 55 | 19 | 46709089 | 28241253 | 60.5 |
| അസി.സെക്രട്ടറി | 10 | 7 | 3 | 1916580 | 1131980 | 59.06 |

**(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 26641217 | 19686740 | 73.9 |
| എസ്.സി.പി. | 11126002 | 8998967 | 80.9 |
| ടി.എസ്.പി. | 2710839 | 1834249 | 67.7 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 13388777 | 10458863 | 78.1 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1245936 | 993794 | 79.8 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12600000 | 3300000 | 26.2 |
| തനത് ഫണ്ട് | 3865895 | 1662846 | 43.01 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 8647414 | 885353 | 10.2 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 7469881 | 1410031 | 18.9 |
| മെയിന്റനൻസ് റോഡ് | 28380980 | 16771348 | 59.09 |
| മെയിന്റനൻസ് നോൺ റോഡ് | 12446700 | 7968818 | 64.02 |
| മറ്റുള്ളവ | 51868724 | 14668984 | 28.28 |
| ഹെൽത്ത് ഗ്രാന്റ് | 453019 | 453019 | 100 |

| | | | |
|---|---|---|---|
| ആകെ | 180845384 | 89093012 | 49.26 |

**ആസൂത്രണസമിതി**

മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസൂത്രണസമിതി മിനിട്സ് പരിശോധിച്ചതിൽ 04.01.2022, 12.05.2022 എന്നീ തീയതികളിൽ മാത്രമാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളത്. മാർഗ്ഗരേഖയുടെ 3.1.1 ബി 1 മുതൽ 17വരെ പ്രതിപാദിക്കുന്ന ആസൂത്രണസമിതിയുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ലായെന്ന് മിനിട്സ് പരിശോധനയിൽ കാണുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 19.04.2022 തീയതിയിലെ പദ്ധതി മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുന്നതിന് മുൻപ് തന്നെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.12.2021 തീയതിയിലെ 3/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആസൂത്രണ സമിതി പുനസംഘടിപ്പിച്ചിട്ടുണ്ടെന്നും പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. ഇത്തരത്തിൽ വിവരം പ്രസിദ്ധപ്പെടുത്തിയ വെബ്സൈറ്റ് Panchayat.lsgkerala.gov.in/pangode Panchayath ആണെന്നും ഓഡിറ്റ് എൻക്വയറി നം 2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**വർക്കിംഗ് ഗ്രൂപ്പ്**

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.12.2021 തീയതിയിലെ 3/2 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പു പുനസംഘടിപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്റ്റുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിച്ചിട്ടില്ലായെന്നും 2023-24 മുതൽ അപ്രകാരം ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ 2022-23 ൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മാത്രമേ വർക്കിംഗ് ഗ്രൂപ്പുകൾ വിളിച്ചു ചേർത്തിട്ടുള്ളുവെന്നും വരും വർഷങ്ങളിൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | അഭിപ്രായം |
|---|---|---|---|---|
| 1 | കൃഷി | 04.01.2022 | തൃക്കോവിൽ വട്ടം തരിശ് നെൽ കൃഷി ചെയ്യുന്നതിന് വേണ്ടി തൊഴിലുറപ്പ് പദ്ധതി പ്രകാരം നിലം ഒരുക്കൽ, കള പറിക്കൽ, കൊയ്ത്ത് എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതി | നെൽ കൃഷി വികസനം പദ്ധതി ഏറ്റെടുത്തെങ്കിലും തൊഴിലുറപ്പ് പദ്ധതി യുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയില്ല. പദ്ധതിക്കായി വകയിരുത്തിയതുക ഗുണഭോക്താക്കളുടെ കുറവ് മൂലം പൂർണമായും ചെലവഴിക്കാനും സാധിച്ചില്ല. |

| | | | | |
|---|---|---|---|---|
| | | | | |
| 2 | കുടിവെള്ളം , ശുചിത്വം, മാലിന്യപരിപാലനം | 04.01.2022 | ജലജീവൻമിഷൻ കുടിവെള്ള പദ്ധതി ഉയർന്ന പ്രദേശങ്ങളിൽ ഇതുവരെയും നൽകാൻ കഴിഞ്ഞിട്ടില്ല. രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന കുന്നിൻ പ്രദേശങ്ങൾ കണ്ടെത്തി ബൂസ്റ്റർ സ്റ്റേഷൻ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കാൻ നടപടി സ്വീകരിക്കുക, മലിനമായി കിടക്കുന്ന കുടിവെള്ള ശ്രോതസ്സുകൾ നവീകരിച്ച് പൊതു ജനങ്ങൾക്ക് കുടിവെള്ളത്തിനായി നൽകുക | ജലജീവൻമിഷൻപദ്ധതി പ്രകാരം പഞ്ചായത്തിലെ 75 % ത്തോളം വീടുകളിൽ നിലവിൽ കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുണ്ടെന്നും ഉയർന്ന പ്രദേശങ്ങളിൽകുടിവെള്ള വിതരണംകാര്യക്ഷമമാക്കുന്നതിന് വാട്ടർ അതോറിറ്റി തന്നെ ബൂസ്റ്റർ പമ്പ് സ്ഥാപിച്ച് നൽകുന്നതിനാൽ പഞ്ചായത്ത് പദ്ധതി ഏറ്റെടു ത്തിട്ടില്ലെന്നും വാട്ടർ അതോ റിറ്റിയുടെ നിർദ്ദേശ പ്രകാരം ഇപ്രകാരം സ്ഥാപി ച്ചിരിക്കുന്ന ബൂസ്റ്റർ പമ്പുകളുടെ ഇലക്ട്രിസിറ്റി ചാർജ് ഒടുക്കുന്നതിന് ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തി യായി വരുന്നതായും വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതികളുടെ മെയിന്റ നൻസ് നടപടി കൾക്ക് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെ ന്നും അറിയിച്ചിട്ടുണ്ട്. |
| 3 | പട്ടിക വർഗ വികസനം | 04.01.2022 | എല്ലാ ആദിവാസി മേഖലകളിലും കുടിവെള്ളം എത്തിക്കാനുള്ള നടപടി, റോഡുകൾ ഗതാഗത യോഗ്യമാക്കുക | അടപ്പുപാറ തോട്ടുംപുറം എന്നീ വാർഡുകളിലെ പട്ടിക വർഗ ഊരുകളിലും ജലജീവൻ മിഷൻ കണക്ഷൻ അനുവദിച്ച വരുന്നെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | ആരോഗ്യം | 04.01.2022 | ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുക, കൗമാരക്കാരിലെ ആത്മഹത്യാ പ്രവണത പരിഹരിക്കുന്നതിനുള്ള പദ്ധതികൾ | ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ പദ്ധതി ഏറ്റെടു ത്തിട്ടില്ലായെന്നെ എന്നാൽ ചികി ത്സാ സഹായം നൽകുന്ന തിനായി പദ്ധതി രൂപീകരിച്ച് തുക കൈമാറി വരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. |
| 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 04.01.2022 | ശോചനീയാവസ്ഥയിലുള്ള അങ്കനവാടികൾക്ക് പുതിയ കെട്ടിടം നിർമിക്കുക | നിലവിൽ പഞ്ചായത്തി ലെ 32 അംഗൻവാടി കളിൽ ഒരെണ്ണമായ ചെല്ലാപ്പച്ച അംഗനവാടി കാലപ്പഴക്കം മൂലം തകർന്ന അവസ്ഥ യിലായതിനാൽ വാടക കെട്ടിട ത്തിൽ പ്രവർത്തിച്ച് വരുന്ന തായും എം ജി |

| | | | | | |
|---|---|---|---|---|---|
| | | | | | എൻ ആർ ഇ ജി എസ്, പഞ്ചായത്ത്, ശിശു വികസന വകുപ്പ് എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് തൊഴിലുറപ്പിൽ ഉൾപ്പെടുത്തി അംഗനവാടി കെട്ടിട നിർമാണ ത്തിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി അയച്ചിരിക്കുന്നുവെന്നും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടത്തി തുടർ നടപടി കൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

**9) സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചില പ്രശ്നങ്ങളും പ്രശ്നങ്ങൾ പരിഹരിക്കാൻ സ്ഥാപനം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം | പരിഹാര നടപടി |
|---|---|---|---|---|
| 1 | കൃഷി | അതീവ ഗുരുതരം | വന്യമൃഗശല്യം | സൗരവേലി പദ്ധതി നടപ്പിലാക്കി. |
| 2 | മൃഗ സംരക്ഷണവും ക്ഷീര വികസനം | അതീവ ഗുരുതരം | സ്ലാട്ടർ ഹൗസ് ഇല്ലാത്തത് | സ്ലാട്ടർ ഹൗസ് നിർമാണത്തിനായി കിഫ്ബി ഫണ്ട് ആവശ്യപ്പെട്ട് അപേക്ഷ നൽകിയെങ്കിലും അടുത്ത ഘട്ടത്തിൽ നൽകാമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 3 | ദാരിദ്യലഘൂകരണം | അതീവഗുരുതരം | ജീർണാവസ്ഥയിലുള്ള വാസഗൃഹങ്ങൾ | വീട് വാസയോഗ്യമാക്കൽ പദ്ധതി നിർവഹണം നടത്തി വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| 4 | സാമൂഹ്യ നീതി | അതീവഗുരുതരം | അങ്കണവാടി കെട്ടിടത്തിന്റെ ശോചനീയാവസ്ഥ | അങ്കണവാടി കെട്ടിട നിർമാണത്തിന് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |
| 5 | ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും | ഗുരുതരം | കൗമാര പ്രായക്കാരായ പെൺകുട്ടികളിൽ വർദ്ധിച്ച് വരുന്ന ആത്മഹത്യ | ജ്വാല പദ്ധതിയുമായി ബന്ധപ്പെട്ട് വുമൺ ഫെസിലിറ്റേറ്ററിന്റെ ഇടപെടലുകളെ തുടർന്ന് കൗൺസിലിങ് ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| 6 | പട്ടികജാതി വികസനം | അതീവഗുരുതരം | പൊതു ശ്മശാനം ഇല്ല | പൊതു ശ്മശാനത്തിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും പരിസരവാസികളുടെ പരാതിയെ തുടർന്ന് |

| | | | | |
|---|---|---|---|---|
| | | | | ശ്മശാന നിർമാണത്തിനായി പദ്ധതി ഏറ്റെടുക്കാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. |
| 7 | പട്ടിക വർഗ വികസനം | ഗുരുതരം | ഊരുകളിലെ കുട്ടികൾ സ്കൂളിൽ എത്തുന്നതിനുള്ള വാഹന സൗകര്യം, റോഡുകളുടെ ശോചനീയാവസ്ഥ | ഗോത്ര സാരഥി പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. |

**ഗ്രാമസഭ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വിക സന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. ഈ വിഷയത്തിലെ അന്വേഷണ കുറിപ്പിന്( ഓഡിറ്റ് എൻക്വയറി നം. 2/2022-23,24.11.2023) വികസന പരിപ്രേക്ഷ്യം കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്യുകയും കരട് നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്തതും ഗ്രാമസഭയിൽ ലഭിച്ചതുമായ നിർദ്ദേശങ്ങളാണ് മിനുട്സിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്

**ഊരുകൂട്ട യോഗങ്ങൾ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.2 (1) പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിന് മുൻപായി പട്ടിക വർഗ ഊരുകളിൽ ഗ്രാമ സഭായോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുകൂട്ടങ്ങളിൽ ഊരു മൂപ്പന്റെ അധ്യക്ഷതയിൽ ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരുകൂട്ട യോഗങ്ങളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. കൂടാതെ 3.2.2 (1) ലെ എല്ലാ വ്യവസ്ഥകളും പൂർണമായും പാലിച്ചിട്ടുമില്ല.

**ഫോറം 7 ൽ വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.**

പദ്ധതി രൂപീകരണ സമയത്ത് 2022-23 ബഡ്ജറ്റ് വിഹിതം ലഭ്യമാകാത്തതിനാൽ മുൻവർഷത്തെ ഫണ്ട് അനുസരിച്ചാണ് പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നതെന്നും 14 ാം പഞ്ചവത്സര പദ്ധതി സമർപ്പിച്ച സമയത്ത് 2021-22 വർഷത്തെ ബഡ്ജറ്റ് വിഹിതം അനുസരിച്ചാണ് പദ്ധതി സമർപ്പിച്ചതെന്നും ആയതിനാൽ മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ 2022-23 ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയിട്ടില്ലാന്ന് അറിയിച്ചിട്ടുണ്ട്.

**വായ്പാ സാദ്ധ്യതകൾ**

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ സംബന്ധിച്ച ചർച്ച നടന്നിട്ടില്ലാ ആയത് വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം**

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

**കുടുംബശ്രീ**

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

**നൂതന പ്രോജക്ട്**

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

**സി.എസ്.ആർ. ഫണ്ട്**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച അന്വേഷണത്തിന് പഞ്ചായത്തിൽ പാങ്ങോട് മാർക്കറ്റിൽ പ്രവർത്തിച്ച് വരുന്ന എം.സി.എഫ് പരിസരത്തെ അനധികൃത മാലിന്യം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ക്യാമറ സ്ഥാപിക്കുന്നതിന്റെ ആവശ്യത്തിനായി പഞ്ചായത്തിലെ അക്കൗണ്ടുകൾ നിലവിലുള്ള ബാങ്കിൽ നിന്ന് സ്പോൺസർഷിപ്പ് മുഖേന ആവശ്യപ്പെട്ടതായും അതിന്റെ അടിസ്ഥാനത്തിൽ ഫെഡറൽ ബാങ്കിൽ നിന്നും തുക ലഭ്യമാകുകയും പദ്ധതി നടപ്പിലാക്കുകയും

ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

**ആസ്തി സംരക്ഷണ പദ്ധതി**

മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി റോഡ് മാപ്പിങ് പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ച് വരുന്നതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടി പൂർത്തിയാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5986200 | 556 |
| വിധവാപെൻഷൻ | 21642500 | 1990 |
| വാർദ്ധക്യകാല പെൻഷൻ | 32780200 | 3150 |
| വികലാംഗ പെൻഷൻ | 5138400 | 465 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 266800 | 24 |

## 1-6-1 റബ്ബർ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിഗണിച്ച് മാത്രം പെൻഷൻ നൽകേണ്ടതാണ്.

രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള റബ്ബർ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരു മാസത്തെ നോട്ടീസ് നൽകി റദ്ദ് ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ചുവടെ പറയുന്ന റബ്ബർ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 62/ 2022-23, 02.12.2023) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|
| 1 | അബ്ദുൽറഹമാൻ - ABULRAHUMAN | 102510202370 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) Jul-2016 Starting | ആക്ടീവ് | July-2023 വരെ വിതരണം ചെയ്തു |
| 2 | അബ്ദുൽമജീദ് - ABDULMAJEED | 102510202736 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | “ | “ |
| 3 | ആരിഫ ബീവി എം - Arifa Beevi M | 102510202078 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | “ | “ |
| 4 | ഹാഷിം യു - HASHIM U | 102510203656 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | “ | “ |
| 5 | കെ എ ജോർജ് - K A George | 102510203931 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ | “ | “ |

| | | | | | |
|---|---|---|---|---|---|
| | | | ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | | |
| 6 | സയീദ് എസ് - SAYEED S | 102510201186 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 7 | രഞ്ജൻതോമസ് - RANJAN THOMAS | 102510204125 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 8 | അബൂബക്കർ - ABOOBACKER | 102510202597 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 9 | ബി.സുശീല - B.Suseela | 102510600945 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | " | " |
| 10 | ഷംസുദ്ദീൻ - M SHAMSUDEEN | 102510204116 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 11 | അബ്ദുൽഅസീസ് - ABDULASEES | 102510202566 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 12 | കെ.വിജയകുമാർ - K.VIJAYAKUMAR | 102510202915 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 13 | പ്രഭാകരൻകാണി - Prabhakarankani | 102510101195 | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | " | " |
| 14 | പ്രഭാകരൻ പിള്ള ആർ - Prabhakaran Pillai R | 102510201400 | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | " | " |
| 15 | പ്രസന്നകുമാരി.റ്റി.എൽ | 102510202504 | സാമൂഹ്യ സുരക്ഷ | " | " |

| | | | | | | |
|---|---|---|---|---|---|---|
| | - PRASANNAKUMARY.T.L | | പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | | | |

സർക്കാരിന്റെ 29.06.2022 ലെ 1174016/എസ്.എഫ്.സി ബി2/2022/ധന നം കത്തിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവർ ആണെന്ന് കണ്ടെത്തിയവർ ആണോ പട്ടികയിലെ ഗുണഭോക്താക്കൾ എന്നുറപ്പാക്കേണ്ടതും അല്ലാത്തപക്ഷം പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2023 തീയതിയിൽ 3.05 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4234/- ( നാലായിരത്തി ഇരുന്നൂറ്റി മുപ്പത്തി നാല് രൂപ മാത്രം) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**എ.** ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

ബി. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. കെട്ടിടം പണി നടക്കുന്നതിനാൽ റിക്കാർഡ് റൂമിൽ സ്ഥല പരിമിതിയുള്ളതതിനാൽ ആയത് പൂർത്തിയാക്കുന്ന മുറക്ക് ISO പുതുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. ഫ്രണ്ട് ഓഫീസ് ഡയറി ,പരാതി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4. 2022-23 വർഷത്തെ പൌരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

5. ഓഫീസ് ഓർഡർ രജിസ്റ്റർ പരിശോധിച്ചതിൽ ഓഫീസ് ഓർഡർ നം 21/22 തിയ്യതി-2-12-22 പ്രകാരം ഗ്രാമ പഞ്ചായത്തിനെതിരെ നിലനിൽക്കുന്ന കേസുകളുടെ ഫയൽ നിലവിൽ MISPLACE ആയി കിടക്കുകയാണെന്നും ആയത് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ( 454/20, 6420/20, 10858/20,8755/22) ഫയലുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റ് എൻക്വയറി നം 55/1-12-23 ന് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല.

6. നിലവിൽ ഐ എൽ ജി എം എസിൽ നിന്നുള്ള സീറ്റ് വൈസ് റിപ്പോർട്ട് പരിശോധിച്ചതിൽ 260 ഡിലയ്ഡ് ഫയലുകളും 486 പാർക്കിംഗ് ഫയലുകളും ഉള്ളതായി കാണുന്നു. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വരുന്ന ഫയലുകൾ നിലവിൽ നടപടി സ്വീകരിക്കാതെ പാർക്ക് ചെയ്യുന്നതിനാലാണ് ഫയലുകളുടെ എണ്ണം ഇത്രയും കൂടുതലായി കാണിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ച വരുന്നതായി അറിയിച്ചിട്ടുണ്ട്.

7. 22-2-23 ലെ ഓഫീസ് മീറ്റിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിലുറപ്പ് പദ്ധതിയിലെ ഫയലുകൾ കംപ്ലീറ്റ് അല്ലെന്നും മെഷർ മെന്റ് ബുക്കുകൾ സൂക്ഷിച്ചിട്ടില്ല എന്നും കണ്ടെത്തിയതായും നിലവിൽ എൻ ആർ ഇ ജി എസ് ഓവർസിയറായി പ്രവർത്തിക്കുന്ന ശ്രീ,അജിത്ത് രാജിന് 149 ബില്ലുകൾ പെന്റിംഗ് ഉണ്ടെന്നും ജിയോ ടാഗിംഗ് ഇനി 70 എണ്ണം ഉണ്ടെന്നും കണ്ടെത്തിയ സാഹചര്യത്തിൽ എൻ ആർ ഇ ജി എസിലെ മറ്റ് ജീവനക്കാരുടെ സഹായത്തോടെ കുടിശ്ശിക ജോലി പൂർത്തീകരിക്കുന്നതിനും ടിയാന് നിർദ്ദേശം നൽകിയതായും എൻ ആർ ഇ ജി എസിലെ മറ്റ് ജീവനക്കാരുടെ ലോഗിനിൽ ഉള്ള പെന്റിംഗ് ഫയലുകളുടെ വിശദമായ റിപ്പോർട്ട് രേഖമൂലം ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓഡിറ്റിന് നിലവിൽ ലഭ്യമാക്കിയിരിക്കുന്ന എം ബുക്കുകളിൽ ഭൂരിഭാഗത്തിലും മെറ്റീരിയൽ സ്റ്റാക്കുചെയ്തതു മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ.

8.റബ്ബർ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടില്ല.

9.എം.എൻ.ആർ.ഇ.ജി.എസ് ഫയലുകൾ പരിശോധിച്ചതിൽ മാസ്റ്റർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നതായി കണ്ടു.

10. എം.എൻ.ആർ.ഇ.ജി.എസ് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് അർഹമായതിലധികം തുക നൽകിയതായും., മിഷൻ ഡയറക്ടറുടെ ഉത്തരവിൽ നിഷ്കർഷിച്ച തുകയേക്കാൾ കൂടുതൽ തുക പോർട്ട് ലാന്റ് സിമന്റിന് അനുവദിച്ചതായി കണ്ടു.

11.തനതുവരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12.വാടക കുടിശിക ഈടാക്കാൻ നടപടിസ്വീകരിക്കേണ്ടതാണ്.

13. ലേലവുമായി ബന്ധപ്പെട്ട് അപാകങ്ങൾ നിലനിൽക്കുന്നു,

14.റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

15.മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ്(I-14 F(പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 20082 | 1987449 | 2007531 | 1546077 | 297090 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 71156596 | 71156596 | 71156596 | 0 |
| ആകെ | 20082 | 73144045 | 73164127 | *72702673 | 0 |

* I-6 പ്രകാരം ആകെ ചെലവ് 72867037 ആണ്. ആയത് I-14(C)+ I-14 (F)ലെ (72702673) തുകയുമായി പൊരുത്തപ്പെടുന്നില്ല. ഭരണചെലവിനത്തിൽ ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9-1 തൊഴിലുറപ്പ് പദ്ധതി അപാകതകൾ

1. MGNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MGNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതായി ഗ്രാമസഭ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തിയിയതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ.4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3. എം.ജി.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖ,7.12.5 Annexure VII പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

B. ഡിസൈന്റെ കോപ്പി ഫയലിൽ ലഭ്യമല്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്,ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

C. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

D. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

E.പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

F. Muster Roll Movement Slip ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

F. മിക്ക ഫയലിനൊടൊപ്പവും Wage List, FTO Statement എന്നിവ സൂക്ഷിച്ചിട്ടില്ല.

4) 14.09.2018 ലെ 2679/EGS-C/17/REGS നം. കത്ത് പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കുടുംബശ്രീ സംരംഭക ഗ്രൂപ്പിനെയാണ് തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കേണ്ട ചുമതല ഏൽപ്പിക്കേണ്ടത്. പ്രസ്തുത ഗ്രൂപ്പുകൾക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി പരിശീലനം നൽകേണ്ടതാണ്. അപ്രകാരമുള്ള കുടുംബശ്രീ സംരംഭക ഗ്രൂപ്പ് 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5 തദ്ദേശ സ്വയംഭരണ (ഡിഡി ) വകുപ്പിന്റെ 11.1.2021 ലെ സർക്കുലർനം. ഡി. ഡി. 2/336/2020/ Lsgd പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധനയും സാങ്കേതിക

പരിശോധനയും പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞും നടത്തേണ്ടതാണ്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 60/02.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-2 ഗുണഭോക്താവിന്റെ അക്കൌണ്ട് തെറ്റായിമാപ്പ് ചെയ്തു- ഗുണഭോക്താവിന് തുക ലഭിച്ചില്ല

ഭരണസമിതിയുടെ 18.3.2023 ലെ അജണ്ട 4 തീരുമാനം 4 പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ശ്രീമതി ഷാനിദ എന്നയാളുടെ 24 ദിവസത്തെ വേതനം കാക്കാണിക്കര എസ്.എൻ.എൽ.പി.എസ് സ്കൂൾ ഹെഡ്മാസ്റ്ററുടെ പേരിലുള്ള അക്കൌണ്ടിലേക്ക് തെറ്റായി ക്രഡിറ്റ് ആയത് ടിയാൾക്ക് തിരിച്ചു നൽകുന്നതിന് സ്കൂളിലേക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം അക്കൌണ്ട് തെറ്റായി മാപ്പ് ചെയ്തതിന് ഇടയായ സാഹചര്യവും തുക ഗുണഭോക്താവിന് തിരികെ ലഭിച്ചിട്ടുണ്ടോയെന്ന വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/2.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം തിരിച്ചു നൽകിയിട്ടുണ്ടോയെന്ന് ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കേണ്ടതാണ്.

## 1-9-3 മെറ്റീരിയലിന്റെ ഉപയോഗം സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല.

താഴെപ്പറയുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തത് മെഷർ ചെയ്ത് എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉപയോഗിച്ച മെറ്റീരിയലിന്റെ Volume M Book ൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അതിന് ആനുപാതികമായാണോ കരാറുകാരന് തുക നൽകിയിരിക്കുന്നതെന്ന് ഉറപ്പു വരുത്താനായിട്ടില്ല. വിശദാംശം ചുവടെ

1

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തോട്ടുമുക്ക് വി.കെ പൊയ്ക തടം കോൺക്രീറ്റ് നിർമ്മാണം |
| എം.ബുക്ക് നം. | രേഖപ്പെടുത്തിയിട്ടില്ല |
| പ്രവൃത്തിയുടെ കോഡ് നം. | RC/369868 |
| കരാറുകാരൻ | ജയപ്രസാദ്.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെറ്റീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകിയ തുക | FTO No. 012EATPAYREQ 25032023163624 പ്രകാരം 383617 രൂപ |

2

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എക്സ് കോളനി അംഗൻവാടി മുതൽ ഹരിജൻ കോളനി തടം കോൺക്രീറ്റ് |
| എം.ബുക്ക് നം. | 4863/21-22 |
| പ്രവൃത്തിയുടെ കോഡ് നം. | RC/369737 |
| കരാറുകാരൻ | ജയപ്രസാദ്.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് | FTO No.012EATPAYREQ4092022161 |

| | |
|---|---|
| നൽകിയ തുക | |

3

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തോട്ട് മുക്ക് സൈഡ് വാൾ കോൺക്രീറ്റ് |
| എം.ബുക്ക് നം. | 4876/21-22 |
| പ്രവൃത്തിയുടെ കോഡ് നം. | RC/369730 |
| കരാറുകാരൻ | ജയപ്രസാദ്.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകിയ തുക | FTO No.012EATPAYREQ2103202316988 പ്രകാരം 394118/- രൂപ |

4

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വലിയവയൽ തോട്ടുമുക്ക് സൈഡ് വാൾ മൺതടം കോൺക്രീറ്റ് |
| എം.ബുക്ക് നം. | 4922/22-23 |
| പ്രവൃത്തിയുടെ കോഡ് നം. | RC/369735 |
| കരാറുകാരൻ | ജയപ്രസാദ് വി.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകിയ തുക | FTO No. 012EATPAYREQ2103202316954 പ്രകാരം 394118 രൂപ |

*5

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചേന്നാട് തലക്കുളം മൺതടം കോൺക്രീറ്റ് നിർമ്മാണം |
| എം.ബുക്ക് നം. | രേഖപ്പെടുത്തിയിട്ടില്ല |
| പ്രവൃത്തിയുടെ കോഡ് നം. | RC/369728 |
| കരാറുകാരൻ | ജയപ്രസാദ് വി.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ | FTO No. 0121EATPAYREQ25032023162461 |

| | |
|---|---|
| ചെയ്തതിന് കരാറുകാരന് നൽകിയ തുക | പ്രകാരം 387022 പ്രസ്തുത പ്രവൃത്തിയിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലല്ലാതെ മറ്റ് അളവുകളൊന്നും തന്നെ മെഷർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. |

*6

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അംബേദ്കർ കോളനി മാവു നിന്ന പച്ച മൺതടം കോൺക്രീറ്റ് നിർമ്മാണം |
| എം.ബുക്ക് നം. | രേഖപ്പെടുത്തിയിട്ടില്ല. |
| പ്രവൃത്തിയുടെ കോഡ് നം. | RC/369731 |
| കരാറുകാരൻ | ജയപ്രസാദ് . വി.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകിയ തുക | FTO File No. 012EATPAYREQ2503023163655 പ്രകാരം 383647 |

*7

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഉളിയൻകോട് വാറുവിള മൺതടം കോൺക്രീറ്റ് നിർമ്മാണം |
| എം.ബുക്ക് നം. | 4915/22-23 |
| പ്രവൃത്തിയുടെ കോഡ് നം. | RC/369726 |
| കരാറുകാരൻ | ജയപ്രസാദ് . വി.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകിയ തുക | FTO File No. 012EATPAYREQ2503023163398 പ്രകാരം 383489/- രൂപ |

*8

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഴവിള പുലിപ്പാറ അംഗൻവാടി മൺതടം കോൺക്രീറ്റ് നിർമ്മാണം |
| എം.ബുക്ക് നം. | 4914/22-23 |
| പ്രവൃത്തിയുടെ കോഡ് നം. | RC/369724 |
| കരാറുകാരൻ | ജയപ്രസാദ്.വി.ജി |

| | |
|---|---|
| പദ്ധതിയുടെ അടങ്കൽ തുക | 500000 |
| മെററീരിയൽ സപ്ലൈ ചെയ്തതിന് കരാറുകാരന് നൽകിയ തുക | FTO File No. 012EATPAYREQ2503023163741 പ്രകാരം 255048 രൂപ |

ക്രമ നം. 5 മുതൽ 8 വരെയുള്ള പ്രവൃത്തികളിൽ മേൽ അപാകത കൂടാതെ എം.ബുക്കിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലല്ലാതെ മറ്റ് അളവുകളൊന്നും തന്നെ മെഷർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്നിരിക്കെ അപ്രകാരം ചെയ്യാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികമുള്ള കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള ക്രമ നം. 1 മുതൽ 8 വരെയുള്ള പ്രവൃത്തികളിൽ ജി.എസ്.ടി ഈടാക്കി അടവാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 51/01.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9-4 കരടിമുക്ക് പള്ളിമുക്ക് മൺതടം കോൺക്രീറ്റിംഗ് നിർമ്മാണം-കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ടതിനേക്കാൾ കൂടുതൽ തുക നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കരടിമുക്ക് പള്ളിമുക്ക് മൺതടം കോൺക്രീറ്റിംഗ് നിർമ്മാണം |
| എം.ബുക്ക് നം | 4913/22-23 |
| കരാറുകാരൻ | ജയപ്രസാദ് |
| പ്രവൃത്തിയുടെ കോഡ് | RC/369732 |
| പദ്ധതി ഭരണാനുമതി തുക | 500000 |

പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

A) എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2022-23 ഖണ്ഡിക 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ എം ബുക്കിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ ക്ലോസ് ചെയ്യുന്ന മുറയ്ക്ക് അളവുകൾ മെഷർ ചെയ്തതു സംബന്ധിച്ച മറ്റു രേഖകളും സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ ആകെ അളവ് രേഖപ്പെടുത്തി ബിൽ തയ്യാറാക്കുന്നതുമാത്രമാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

B) എം.ബുക്ക് പേജ് നം. 1 മുതൽ 3 വരെ 4 ക്രമനമ്പരുകളിലായാണ് മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നത്. എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം മെറ്റീരിയൽ വർക്കിന് കരാറുകാരന് നൽകേണ്ട തുകയും നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| ഇനം | എം.ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം മെറ്റീരിയലിന്റെ അളവ് | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|
| Stone Aggregate Of20mm Nominal | 30 M3 | 2559.375/cum | 76781.25 | Mbook ന്റെ ബിൽപാർട്ടിൽ നൽകിയ തുക കണക്കാക്കി |

| | | | | |
|---|---|---|---|---|
| Size | | | | എഴുതിയിട്ടില്ല. |
| Stone Aggregate 10mm Nominal Size | 10m3 | 2968.875 | 29688.75 | |
| Coarse Sand | 21m3 | 3276 | 68796 | |
| Portland Cement | 302 Bag | 11232(561.6/bag) | 169603.2 | |
| ആകെ | | | 344869.2 | FTO പ്രകാരംകരാറുകാരന് മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിൽ നൽകിയ തുക 357458 |

ഇപ്രകാരം കരാറുകാരന് 12588.8 /- രൂപ അധികമായി നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 52/01.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9-5 കുളമാൻകുഴി അംഗൻവാടി മുണ്ടോണിക്കര തടം കോൺക്രീറ്റ് -എം.ബുക്കിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് മെഷർ ചെയ്ത് രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കുളമാൻകുഴി അംഗൻവാടി മുണ്ടോണിക്കര തടം കോൺക്രീറ്റ് |
| എം.ബുക്ക് നം. | 4893/22-23 |
| പ്രവൃത്തിയുടെ കോഡ് നം. | RC/365022 |
| കരാറുകാരൻ | ജയപ്രസാദ്. വി.ജി |
| പദ്ധതിയുടെ അടങ്കൽ തുക | 500000 |

പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു വിവരവും Mbook ൽ യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. FTO File No. 0121EATPAYREQ25032023163738 പ്രകാരം 383647/- രൂപ മെറ്റീരിയലിന്റെ വിലയായി കരാറുകാരന്റെ അക്കൌണ്ടിലേയ്ക്ക് 25.3.23 ൽ FTO ചെയ്തിട്ടുണ്ട്. എം.ബുക്കിൽ മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് മെഷർ ചെയ്തത് സംബന്ധിച്ച രേഖപ്പെടുത്തലിന്റെ അഭാവത്തിൽ ചെലവിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 52/01.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-9-6 മിഷൻ ഡയറക്ടറുടെ സർക്കുലർ നിർദ്ദേശം പാലിക്കാതെ പോർട്ട് ലാന്റ് സിമന്റിന് അധിക നിരക്കിൽ തുക നൽകി

1. എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്ത് പ്രകാരം SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430 /- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സമാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ്നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

1.തോട്ടുമുക്ക് വി.കെ പൊയ്ക തടം കോൺക്രീറ്റ് നിർമ്മാണം

2 എക്സ് കോളനി അംഗൻവാടി മുതൽ ഹരിജൻ കോളനി തടം കോൺക്രീറ്റ്

3. തോട്ട് മുക്ക് സൈഡ് വാൾ കോൺക്രീറ്റ്

4. വലിയവയൽ തോട്ടുമുക്ക് സൈഡ് വാൾ മൺതടം കോൺക്രീറ്റ്

5. ചേന്നാട് തലക്കുളം മൺതടം കോൺക്രീറ്റ് നിർമ്മാണം

6. അംബേദ്കർ കോളനി മാവു നിന്ന പച്ച മൺതടം കോൺക്രീറ്റ് നിർമ്മാണം

7. ഉളിയൻകോട് വാറുവിള മൺതടം കോൺക്രീറ്റ് നിർമ്മാണം

8. പഴവിള പുലിപ്പാറ അംഗൻവാടി മൺതടം കോൺക്രീറ്റ് നിർമ്മാണം

9. കരടിമുക്ക് പള്ളിമുക്ക് മൺതടം കോൺക്രീറ്റിംഗ് നിർമ്മാണം

10. കുളമാൻകുഴി അംഗൻവാടി മുണ്ടോണിക്കര തടം കോൺക്രീറ്റ്

പ്രസ്തുത പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തതിൽ ജയപ്രസാദ് വി.ജി എന്ന വ്യക്തിയുമായാണ് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് കരാറിലേർപ്പെട്ടിട്ടുള്ളത്. ഇ-ടെണ്ടർ പ്രകാരം 1 ടണ്ണിന് 11232 രൂപ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ളത്. അതായത് ഒരു ചാക്കിന് 561.6/- രൂപ . പ്രസ്തുത നിരക്കിലാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 53/01.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പോർട്ട് ലാന്റ് സിമന്റിന് അധിക നിരക്കിൽ തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9-7 മസ്റ്റർ റോളിലെ അറ്റൻഡൻസും വേജ് ലിസ്റ്റ് പ്രകാരമുള്ള അറ്റൻഡൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ധനശ്രീ ജെ. എൽ.ജി (കനകരാജൻ-16) |
| എംബുക്ക് നം. | 4898/22-23 |
| ഭരണാനുമതി തുക | 300000 |

ധനശ്രീ ജെ.എൽ.ജി (കനകരാജൻ-16) എന്ന പ്രവൃത്തിയിൽ തൊഴിലാളികളുടെ 25.8.2022 മുതൽ 04.09.2022വരെയുള്ള മസ്റ്റർ റോളിലെ രേഖപ്പെടുത്തലും വേജ് ലിസ്റ്റിൽ അറ്റൻഡൻസ് രേഖപ്പെടുത്തി നൽകിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മസ്റ്റർ റോളിൽ മിക്ക തൊഴിലാളികളും 29.08.2022 ൽ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത് ഒഴിവാക്കിയാണ് മസ്റ്റർ റോളിൽ ആകെ അറ്റൻഡൻസ് രേഖപ്പെടുത്തിയിരിക്കുന്നത്. മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ അറ്റൻഡൻസിന്റെ അടിസ്ഥാനത്തിലല്ല വേതനം നൽകിയിരിക്കുന്നത്. ചുവടെ പട്ടികയിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ

| രജിസ്ട്രേഷൻ നം. | പേര് | മസ്റ്റർ റോൾ പ്രകാരം അറ്റൻഡൻസ് രേഖപ്പെടുത്തിയിരിക്കുന്ന ദിവസം | വേജ് ലിസ്റ്റ് പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന അറ്റൻഡൻസ് |
|---|---|---|---|
| KL-14-009-005-016-35 | രാധ.ടി | 5 | 4 |

ശ്രീമതി രാധ .ടി മസ്റ്റർ റോളിൽ 5 ദിവസത്തെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വേജ് ലിസ്റ്റ് പ്രകാരം 4 ദിവസത്തെ അറ്റൻഡൻസ് രേഖപ്പെടുത്തി അത്രയും ദിവസത്തെ വേതനം മാത്രം ആണ് നൽകിയിരിക്കുന്നത്. 29.8.2022 ൽ അറ്റൻഡൻസ് മസ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടും അത് വേതനം നൽകുന്നതിൽ നിന്നും കുറവ് ചെയ്തതിനും ശ്രീമതി രാധ.ടി മസ്റ്റർ റോൾ പ്രകാരം 5 ദിവസം പ്രവൃത്തി എടുത്തതായി രേഖപ്പെടുത്തിയിട്ടും 4 ദിവസത്തെ വേതനം മാത്രം നൽകിയതിനും കാരണം ആരാഞ്ഞു കൊണ്ട് നൽകിയഓഡിറ്റ് എൻക്വയറി നം. 61/02.12.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 28-05-2022 | 01.08.2021 മുതൽ | ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 31.03.2022 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-2-2013 മുതൽ 28-2-2013 വരെ | 2007-08 മുതൽ 2011-12 വരെ | 9-4-2013 |

## 1-11 തൊഴിൽ നികുതി-അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഒറ്റ രജിസ്റ്ററിലാണ് എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ സൂക്ഷിക്കുന്നതെന്നാണ് ഓഡിറ്റ് അന്വേഷണം നം 1/24.11.2023ന് മറുപടി നൽകിയത്. തൊഴിൽ നികുതി ഈടാക്കുന്നതിന് ഇത്തരം സ്ഥാപനങ്ങളുടെ രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2) ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനുള്ളതായി കാണുന്നു.

i. MTM Central School – 2nd Half
ii. T M Auditorium
iii. 6 ക്ഷീര സംഘങ്ങളിൽ 4 എണ്ണം മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 23/29.11.2023 ന് ടി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ടി എം ഓഡിറ്റോറിയത്തിൽ സ്ഥിരമായി ജീവനക്കാരില്ലാത്തതിനാൽ തൊഴിൽ നികുതി അടയ്ക്കുന്നില്ലയെന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.
3) തൻ വർഷം തൊഴിൽ നികുതിയിൽ 13800/- രൂപ കുടിശിക ഉണ്ടെന്നും ടി തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിലവിൽ ഇതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വഴി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലയെന്നും ഓഡിറ്റ് അന്വേഷണം നം 1/24.11.2023ന് മറുപടി നൽകി. കുടിശിക തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 വാടക കുടിശിക നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും അടവാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്ക് എടുത്ത വ്യക്തി | മാസവാടക (രൂപ), ജി എസ് ടി | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ | ജി എസ് ടി അടക്കം ആകെ അടവാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | 4 (പാങ്ങോട്) | സക്കീർ ഹുസൈൻ | 2400/- 432/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 33984/- |
| 2 | 5 (പാങ്ങോട്) | സക്കീർ ഹുസൈൻ | 1200/- 216/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 16992/- |
| 3 | 9 (പാങ്ങോട്) | വിജയകുമാർ | 8295/- 1493/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 117456/- |
| 4 | 13 (പാങ്ങോട്) | ഹിദായത്ത് | 14500/- 2610/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 205320/- |
| 5 | 18 (പാങ്ങോട്) | സക്കീർ ഹുസൈൻ | 2300/- 414/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 32568/- |
| 6 | 19 (പാങ്ങോട്) | ഹാഷിം | 3600/- 648/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 50976/- |
| 7 | 20 (പാങ്ങോട്) | സുഭാഷ് | 3600/- 648/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 50976/- |
| 8 | 1 (ഭരതന്നൂർ) | അജയഘോഷ് | 3000/- 540/- | ജൂൺ 2022 മുതൽ മാർച്ച് 2023 വരെ | 35400/- |
| 9 | 7 (ഭരതന്നൂർ) | സഫീറുദീൻ | 4479/- 806/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 63420/- |
| 10 | 8 (ഭരതന്നൂർ) | സഫീറുദീൻ | 2483/- 446/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 35148/- |
| 11 | 10 (ഭരതന്നൂർ) | ബാബു | 2139/- 385/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 30288/- |

| | | | | | |
|---|---|---|---|---|---|
| 12 | 12 (ഭരതന്നൂർ) | ദാവൂദ് മുസ്ലിയാർ | 2900/-<br>522/- | ജൂൺ 2022 മുതൽ മാർച്ച് 2023 വരെ | 34220/- |
| 13 | 13 (ഭരതന്നൂർ) | മുഹമ്മദ് റാഫി | 3000/-<br>540/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 42480/- |
| 14 | 14 (ഭരതന്നൂർ) | മുഹമ്മദ് റാഫി | 3200/-<br>576/- | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | 45312/- |
| 15 | 15 (ഭരതന്നൂർ) | ദാവൂദ് മുസ്ലിയാർ | 1100/-<br>198/- | ജൂൺ 2022 മുതൽ മാർച്ച് 2023 വരെ | 12980/- |
| 16 | 16 (ഭരതന്നൂർ) | നസീർ | 1100/-<br>198/- | ജൂലൈ 2022 മുതൽ മാർച്ച് 2023 വരെ | 11682/- |
| 17 | 17 (ഭരതന്നൂർ) | നസീർ | 1100/-<br>198/- | ജൂലൈ 2022 മുതൽ മാർച്ച് 2023 വരെ | 11682/- |
| 18 | 18 (ഭരതന്നൂർ) | ജയദേവൻ | 1200/-<br>216/- | ജൂലൈ 2022 മുതൽ മാർച്ച് 2023 വരെ | 12744/- |
| 19 | 19 (ഭരതന്നൂർ) | ചന്ദ്രകുമാരി | 2250/-<br>405/- | ജൂൺ 2022 മുതൽ മാർച്ച് 2023 വരെ | 26550/- |

കടമുറി നമ്പർ 16, 17 എന്നിവ വാടകക്ക് എടുത്ത നസീർ എന്ന വ്യക്തി ഒഴികെ വാടക കുടിശിക വരുത്തിയ മറ്റുള്ളവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിശദാംശം ഓഡിറ്റ് അന്വേഷണം നമ്പർ 13/28.11.2023 ന് മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതും നസീർ എന്ന വ്യക്തിയിൽ നിന്ന് വാടക കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ലേലം- അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച് ചുവടെ പറയുന്ന അപാകതകൾ കാണുന്നു. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 30/29.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ഗ്രാമ പഞ്ചായത്തിന്റെ ലേല രജിസ്റ്ററിൽ ലേല തുക അടവാക്കുന്നതിന്റെ രസീത് വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

2. ലേല രജിസ്റ്റർ പ്രകാരം 2100/- രൂപ കുടിശിക നിലനിൽക്കുന്നു. ആയത് ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. 2022-23 വർഷം ഏഴുകുടി ശ്മശാന ഭൂമിയിലെ റബ്ബർ മരങ്ങളിൽ നിന്നുള്ള മേലാദായം എടുക്കുന്നതിനുള്ള അവകാശം 17.03.2022 ന് ഷാനവാസ് എന്ന വ്യക്തിക്ക് ലേലം ചെയ്തിട്ടുണ്ട്. ലേല തുക 7100/- രൂപയിൽ ഇ എം ഡി 5000/- രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി ലേലത്തുക പൂർണമായും അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രസീത് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 2021-22ലും ഷാനവാസ് തന്നെയാണ് ലേലം കൊണ്ടിരുന്നത് 2021-22 വർഷത്തെ കുടിശിക ടിയാൾ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

4. 17.03.2022 ന് പാങ്ങോട് മാർക്കറ്റ് കടമുറി നമ്പർ 5 ഷംസുദ്ധീൻ എന്ന വ്യക്തിക്ക് മാസവാടക 2950/- രൂപക്ക് ലേലം ചെയ്തിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ടി കടമുറി സക്കീർ ഹുസൈൻ എന്ന വ്യക്തിക്ക് 1200/- രൂപ നിരക്കിൽ വാടകക്ക് നൽകിയതായി കാണുന്നു. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

5. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ കൊച്ചാലുംമൂട് കേന്ദ്രമാക്കി ഇറച്ചി വ്യാപാരം നടത്തുന്ന ശ്രീ.നൌഷാദിന് 12 ശതമാനം കൂട്ടിയുള്ള തുക ഒടുക്കുന്നതുമായി ബന്ധപ്പെട്ട് അറിയിപ്പ് നൽകിയതിനെ തുടർന്ന് 25000/- രൂപ ഒടുക്ക് വരുത്തുകയും ബാക്കി തുക 10.07.2022 ന് മുൻപ് ഒടുക്കാത്ത പക്ഷം ഇറച്ചി വ്യാപാരത്തിനുള്ള അനുമതി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 18.06.2022 ലെ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേല രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ 25000/- രൂപ മാത്രം ഒടുക്കിയ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ബാക്കി എത്ര രൂപ അടവാക്കാനുണ്ടെന്നും തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6. പാങ്ങോട്, ഭരതന്നൂർ പബ്ലിക് ടോയിലറ്റ് 2022-23 വർഷം ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13-1 പാഴ്‌വസ്തുക്കളുടെ ലേലം

1. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിലെ തുരുമ്പ് പിടിച്ച സ്ലൈസറുകളും മറ്റ് ഉപകരണങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 25.03.2022 ലെ ഭരണസമിതി യോഗം ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന്(30/29.11.2023) മറുപടി ലഭ്യമാക്കിയില്ല.
2. ഭരതന്നൂർ സ്റ്റേഡിയത്തിലെ മണ്ണ് ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മൈനിംഗ് ആൻറ് ജിയോളജി ഓഫീസിലേക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതിന് 15.11.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

തുടർവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന്(30/29.11.2023) മറുപടി ലഭ്യമാക്കിയില്ല.

3. പാങ്ങോട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉപയോഗ ശൂന്യമായ കമ്പ്യൂട്ടർ, മോണിറ്റർ, പ്രിൻറർ തുടങ്ങിയ സാധനങ്ങൾ സ്ക്രാപ്പ് ചെയ്ത് നൽകുന്നതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് 09.06.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.തുടർനടപടി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന്(31/29.11.2023) മറുപടി ലഭ്യമാക്കിയില്ല.

രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13-2 വൃക്ഷങ്ങളുടെ ലേലം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

1. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പുലിപ്പാറ വാർഡിലെ കുളമാൻകുഴി അംഗനവാടിയിൽ അപകടകരമായി നിൽക്കുന്ന മഹാഗണി മരം മുറിച്ചു മാറ്റുന്നതിനായി വാല്യുവേഷൻ എടുത്ത് നൽകുന്നതിന് സോഷ്യൽ ഫോറസ്ട്രിക്ക് കത്ത് നൽകുന്നതിന് 29.04.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

2. ഭരതന്നൂർ ഗവ. എൽ.പി.എസിൽ കെട്ടിടനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രിയുടെ വാല്യുവേഷൻ ലഭ്യമായതിനെ തുടർന്ന് ടി മരങ്ങളുടെ ലേലം 03.08.2022 ന് നടത്തുന്നതിന് ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

3. ഉളിയൻകോട് വാർഡിലെ കുളമാൻകുഴി അംഗനവാടി പരിസരത്ത് ചുവട് ദ്രവിച്ച് അപകടാവസ്ഥയിൽ നിൽക്കുന്ന ആഞ്ഞിലി മരം, എക്സ് കോളനി ജംഗ്ഷന് സമീപം തോട് പുറമ്പോക്കിൽ അപകടകരമായി നിൽക്കുന്ന തണൽമരം എന്നിവ മുറിച്ചു മാറ്റുന്നതിനായി വാല്യുവേഷൻ തയ്യാറാക്കി നൽകുന്നതിന് സോഷ്യൽ ഫോറസ്ട്രിയിലേക്ക് കത്ത് നൽകുന്നതിന് 16.08.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

4. തണ്ണിച്ചാൽ ജംഗ്ഷനിൽ അപകടകരമായി നിൽക്കുന്ന ബദാം മരം മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾക്കായി സോഷ്യൽഫോറസ്ട്രിക്ക് കത്ത് നൽകുന്നതിന് 13.10.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

5. പഞ്ചായത്ത് സ്ഥലത്ത് അപകടകരമായി നിൽക്കുന്ന ഇലവ്, പ്ലാവ് എന്നീ വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് വാല്യുവേഷൻ എടുക്കുന്നതിനുള്ള നടപടികൾക്കായി സോഷ്യൽ ഫോറസ്ട്രിക്ക് കത്ത് നൽകുന്നതിന് 13.10.2022 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

6. ഭരതന്നൂർ ഗവ.എൽ.പി.എസ് പരിസരത്ത് വീണ്കിടക്കുന്നതും ഉണങ്ങി അപകടകരമായി നിൽക്കുന്നതുമായ മരങ്ങൾ ലേലം ചെയ്യുന്നതിന് 27.01.2023 ലെ ഭരണസമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ഭരണസമിതി തീരുമാനങ്ങൾ പ്രകാരം മരങ്ങൾ മുറിക്കുന്നതിന് വാല്യുവേഷൻ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലേലം ചെയ്തതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(30/29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

7. 20.08.2022 ലെ ഭരണസമിതി മിനിട്സ് പ്രകാരം ഭരതന്നൂർ ഗവ. എൽ.പി.എസ് കോമ്പൌണ്ടിലെ 14 മാഞ്ചിയം മരങ്ങളും കടപുഴകിയ 3 മാഞ്ചിയം മരങ്ങളും ഉൾപ്പെടെയുള്ളവ സോഷ്യൽ ഫോറസ്ട്രിയുടെ വാല്യുവേഷൻറെ അടിസ്ഥാനത്തിൽ 16.08.2022ന് ലേലം നടത്തുകയും 3 പേർ പങ്കെടുത്ത ലേലത്തിൽ ശ്രീ.റഫീക്ക് എന്ന വ്യക്തിയുടെ 33,000/- രൂപയുടെ ലേലം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ലേലത്തിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരങ്ങളുടെ ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 വളർത്തു നായകളുടെ ലൈസൻസ്- സ്റ്റാറ്റസ് റിപ്പോർട്ടിൽ എണ്ണം രേഖപെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പന്നികളെയും പട്ടികളെയും വളർത്തുന്നതിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ Cattle Census പ്രകാരം പഞ്ചായത്തിലെ വളർത്തുനായകളുടെ എണ്ണം സ്റ്റാറ്റസ് റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ നായകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 33/30.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ പിഗ് & ഡോഗ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 124/- നായകൾക്കാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മുഴവൻ വളർത്തുനായകൾക്കും ലൈസൻസ് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 പന്നി ഫാമിന് ലൈസൻസ്- സബ് കമ്മിറ്റി പുന പരിശോധന നടത്തിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3(1) ൽ സൂചിപ്പിച്ചിട്ടുള്ള എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം പന്നികളെ

വളർത്തുന്നതിനു ലൈസൻസ് എടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ വെള്ളയംദേശം വാർഡിൽ പ്രവർത്തിക്കുന്ന എം.എസ്.എം പന്നിഫാമിൻറെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം സബ്കമ്മിറ്റി സ്ഥലം സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് 09.06.2022 ലെ ഭരണസമിതി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം മൂന്ന് മാസത്തിനു ശേഷം പുനപരിശോധന നടത്തുമ്പോൾ മാലിന്യം പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണെന്നും ഫാം പരിസരത്തേക്ക് പ്ലാസ്റ്റിക് മാലിന്യം എത്തിക്കുന്നത് പൂർണ്ണമായും നിർത്തലാക്കണമെന്നും അല്ലാത്ത പക്ഷം ഫാം നടത്തിപ്പിനായി നൽകുന്ന ലൈസൻസ് റദ്ദാക്കുന്നതാണെന്നും ഉള്ള വ്യവസ്ഥയിൻ മേൽ 2022-23 വർഷത്തേക്കുള്ള ലൈസൻസ് അനുവദിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

ഇപ്രകാരം പന്നി ഫാമിന് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്, 06.06.2022 ൽ സ്ഥലപരിശോധന നടത്തിയതിന്റെ സബ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കി. എന്നാൽ ലൈസൻസ് അനുവദിച്ചതിനു ശേഷം പരാതികൾ ലഭ്യമാകാത്ത സാഹചര്യത്തിലും പ്രാദേശിക പരിശോധനയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടതിനാലും സബ് കമ്മിറ്റി അംഗങ്ങൾ മൂന്ന് മാസത്തിനു ശേഷം പുനപരിശോധന നടത്തിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. മാത്രമല്ല, 2023-24 വർഷത്തിലും ടി ഫാമിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനത്തിന് വിരുദ്ധമായി സബ് കമ്മിറ്റി പുനപരിശോധന റിപ്പോർട്ടില്ലാതെ പന്നി ഫാമിന് ലൈസൻസ് തുടർന്നും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1999 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടം 3(2) പ്രകാരം 200/- രൂപ ഫീസ് ഒടുക്കി രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് ഒടുക്കി എല്ലാ വർഷവും പുതുക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ ചട്ടങ്ങൾ പ്രകാരം 2022-23 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയതായി കാണുന്നില്ല.

1. Bhavya Clinical Laboratory
2. S P Clinic
3. Sri Muruka Clinic
4. Vaidya Mandiram Ayurveda, Siddha, Yunani, Oushadashala

ആയതിന് വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം 36/30.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1, 4 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ചട്ടം പ്രകാരം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ നിന്ന് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 265 മുതൽ 267 വരെ, 1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ചട്ടം 3(2) പ്രകാരമുള്ള 200/- രൂപക്ക് രജിസ്ട്രേഷൻ എടുക്കുകയോ ചട്ടം 5(1) പ്രകാരം 50/- രൂപക്ക് പുതുക്കുകയോ ചെയ്യേണ്ടതാണ്.

പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ രജിസ്റ്റർ പരിശോധിച്ചപ്പോൾ ആകെ ഒരു സ്ഥാപനം മാത്രമാണ് രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളത്. പഞ്ചായത്തിലെ മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികളുടെ വിശദാംശവും 2018-19, 2019-20 വർഷങ്ങളിൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഈ വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ആവശ്യപെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം 37/30.11.2023 ന് മറുപടി ലഭ്യമാക്കിയില്ല.

1. എം റ്റി എം ഹോം സ്കൂൾ പുലിപ്പാറ
2. ശാസ്ത്ര ട്യൂഷൻ സെന്റർ ഭരതന്നൂർ
3.നളന്ദ കോളേജ് & കമ്പ്യൂട്ടർസ് ഭരതന്നൂർ
4.വിശ്വഭാരതി ട്യൂഷൻ സെന്റർ
5.എക്സാംമേറ്റ് പി എസ് സി കോച്ചിംഗ് സെന്റർ
6.ജീനിയസ് ട്യൂഷൻ സെന്റർ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും കണ്ടെത്തി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ 9- 764/2019 നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ ലൈസൻസ് എടുത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 43/01.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 23/29.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ 11 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. എന്നാൽ റേഷൻ കട വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമാണെന്നും റേഷൻകട വ്യാപാരികൾക്ക് വിറ്റുവരവിന് അനുസൃതമായ കമ്മീഷൻ തുക മാത്രമാണ് നൽകുന്നത് എന്നതിനാൽ തൊഴിൽ നികുതി ഈടാക്കാൻ നിർവാഹമില്ലായെന്നും നെടുമങ്ങാട് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 വസ്തുനികുതി-അപാകങ്ങൾ

വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-19-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ആർ ആർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതിയും ലൈബ്രറി സെസ്സും കുടിശ്ശികയും ഉൾപ്പെടെയുള്ള തുക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബിൽഡിംഗ് ഐ ഡി , കെട്ടിട നമ്പർ | ഉടമസ്ഥൻറെ മേൽവിലാസം | കുടിശികയുള്ള വർഷം | ലൈബ്രറി സെസ് അടക്കം ആകെ കുടിശിക (രൂപ) |
|---|---|---|---|---|
| 1 | 50251010010186, 3/975 | MANAGER, AIRCELL DISHNET WIRELESS LIMITED | 2013-14 1st Half—2023-24 2nd Half | 62654/- |
| 2 | 50251010011434, 3/976 | MANAGER, INDUS TOWERS LIMITED(IDEA) | 2020-21 1st Half--2023-24 2nd Half | 22964/- |

ടി മൊബൈൽ ടവറുകൾ നിലവിൽ പൊളിച്ചുമാറ്റിയവയാണെന്നും നികുതി കുടിശികയുള്ളതിനാൽ അസസ്മെന്റ് രജിസ്റ്ററിൽ നിന്ന് ഒഴിവാക്കിയിട്ടില്ലയെന്നും ആർ ആർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 15/28.11.2023 ന് മറുപടി ലഭ്യമാക്കി. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-19-2 60ച.മീ ൽ കുറവ് വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കൽ-അപാകങ്ങൾ

1) ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരേ വ്യക്തിയുടെ ഒന്നിൽ കൂടുതൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും മേൽവിലാസവും | വാർഡ്/കെട്ടിട.നം | വിസ്തീർണം(ച മീ) |
|---|---|---|---|
| 1 | നൌഷാദൻ, തുഷാരമന്ദിരം, അയിരൂർ, ഭരതന്നൂർ | 4/22 | 36 |
| | | 4/24 | 36 |
| 2 | അബ്ദുൾ റഹിം, കോണത്ത് പുത്തൻ വീട്, മാറനാട്, ഭരതന്നൂർ പി ഒ | 4/64 | 36 |
| | | 4/65 | 30 |
| 3 | കുഞ്ഞുമോൻ, മാമൂട്ടിൽ വീട്, ഭരതന്നൂർ | 4/393 | 49 |
| | | 4/394 | 49 |

| | | | |
|---|---|---|---|
| 4 | മൈതീൻ കുഞ്ഞ്, സലീം മൻസിൽ, പാലുവള്ളി, പാങ്ങോട് പി ഒ | 17/221 | 27 |
| | | 17/222 | 41 |

2) ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്കും നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|
| 1 | 4 | 112/ B | മണികണ്ഠനാശാരി/ചന്ദ്രിക, കാവേരി ഭവൻ, ചരുവിളപുത്തൻവീട്, മാറനാട് | 18 |

3) ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവിന്റെ വിശദാംശം സഞ്ചയ സോഫ്റ്റ്‌വെയറിൽ കൃത്യമായും രേഖപ്പെടുത്തുന്നില്ല. ഇവ ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരമുള്ള നികുതി ഇളവിന് സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം | ഉപയോഗ ക്രമം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 4 | 191 | പാർപ്പിടാവശ്യം | ഗിരീശൻപിള്ള, തെക്കുംകര തടത്തരികത്തു പുത്തൻ വീട്, മാറനാട് | 49 |
| 2 | 4 | 586 | പാർപ്പിടാവശ്യം | രാജേഷ്/വീണ, സുധി, അയിരൂർ | 49 |
| 3 | 8 | 306 | പാർപ്പിടാവശ്യം | ശശി | 30 |
| 4 | 8 | 313 | പാർപ്പിടാവശ്യം | മനോഹരൻ, ആര്യ ഭവൻ, ലെനിൻകുന്ന് | 36 |

4) സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ വസ്തു നികുതി ഇളവ് നൽകാത്ത താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയം നടത്തി തുക ഡിമാന്റ് ചെയ്യുകയോ നികുതി തുക പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം (ച മീ) |
|---|---|---|---|---|
| 1 | 4/487 | ശശിധരൻ പിള്ള, ശാന്തി സാഗർ, ഭരതന്നൂർ പി ഒ | പാർപ്പിടം | 64 |
| 2 | 12/263 | സീമ, എ എം മൻസിൽ, മൈലമൂട് | പാർപ്പിടം | 64 |

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നമ്പർ 47/01.12.2023 ന് മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല, നികുതിയിളവ് അനുവദിച്ച 60 ച മീ താഴെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-19-3 വാണിജ്യ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തിനികുതി നിർണയിച്ചിരിക്കുന്നു**

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര്, വിലാസം | ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 8/156 | ജ്യോതീന്ദ്രൻ, ശ്രീകൃഷ്ണപ്രസാദം, നെല്ലിക്കുന്ന്, ഭരതന്നൂർ | ഷോപ്പുകൾ | 165 ച മീ |
| 2 | 3/619 | അബ്ബാസ്, അൻവർ മൻസിൽ, പാങ്ങോട് | ഷോപ്പുകൾ | 105 ച മീ |

ഗ്രാമപഞ്ചായത്തിലെ 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 60/- രൂപയായിരിക്കെ 40/- രൂപ നിരക്കിലാണ് മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി കണക്കാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 47/01.12.2023 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-19-4 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, Gl, G2, Al ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറിക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്. പാങ്ങോട് ഗ്രാമപഞ്ചായത്തിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല. അനധികൃതകെട്ടിടനിർമ്മാണങ്ങൾ കണ്ടെത്തുവാൻ ഉദ്യോഗതല സ്ക്വാഡ് രൂപീകരിക്കുന്നതിനും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം 44/01.12.2023 ന് മറുപടി ലഭ്യമാക്കി. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-19-5 പ്ലാനിലേയും സഞ്ചയയിലേയും കെട്ടിടങ്ങളുടെ വിസ്തീർണം വ്യത്യാസപ്പെട്ടിരിക്കുന്നു

| | |
|---|---|
| ഫയൽ നമ്പർ | A3/188/22 |
| കെട്ടിട ഉടമ | ബിജീഷ് |
| പെർമിറ്റ് നമ്പർ | A3-BA(136481)/2022 Dated 25.04.2022 |
| ഉപയോഗക്രമം | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം |
| വിസ്തീർണം | 160.05 ച മീ |

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ പെർമിറ്റ് ഫയലിൽ കെട്ടിടത്തിന്റെ പ്രൊപ്പോസ്ഡ് പ്ലാനിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന അതേ പ്ലോട്ടിൽ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളുടെ വിസ്തീർണവും ആ കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വിസ്തീർണവും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിൻറെ തരം | കെട്ടിട നമ്പർ | സഞ്ചയ പ്രകാരം വിസ്തീർണം (ച മീ) | പ്ലാൻ പ്രകാരം വിസ്തീർണം (ച മീ) |
|---|---|---|---|
| Existing House | 8/694 | 90 | 85.5 |
| Existing Shop | 8/695 | 9 | 83.99 |
| | 8/696 | 9 | |
| | 8/697 | 9 | |
| | 8/698 | 9 | |

ആയതിന് കാരണം വ്യക്തമാക്കാനും അപാകത മൂലം വസ്തുനികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതിൻറെ വിശദീകരണം ലഭ്യമാക്കാനും നൽകിയ ഓഡിറ്റ് അന്വേഷണം നം 67/02.12.2023 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-19-6 ഫോറം 6 ലെയും സഞ്ചയയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 ചട്ടം 12 പ്രകാരം ഒരു കെട്ടിടത്തെ സംബന്ധിച്ച് സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ഫോറം 6ൽ വിവരങ്ങൾ ശേഖരിച്ച് വസ്തു നികുതി നിർണയം നടത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിലെ ഏതാനും ചില കെട്ടിടങ്ങളുടെ നമ്പറിംഗ് ഫയലുകളും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഫോറം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിനു സമീപമുള്ള റോഡിന്റെ തരവും സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന റോഡിന്റെ തരവും വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണം (ച മീ) | ഫോറം 6 പ്രകാരം റോഡിന്റെ തരം | സഞ്ചയ പ്രകാരം റോഡിന്റെ തരം |
|---|---|---|---|---|---|
| 8/335 A | ജ്യോതി | പാർപ്പിടം | 115.79 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് | 1.5 മീറ്ററോ കുറവോ വീതിയുള്ള റോഡ് |
| 6/169 A | ശിഖ | പാർപ്പിടം | 146.19 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് | 1.5 മീറ്ററോ കുറവോ വീതിയുള്ള റോഡ് |
| 19/375 A | അബ്ദുൽ റഷീദ് ( പുതിയ ഉടമസ്ഥൻ: ഫൌസിയ) | പാർപ്പിടം | 143.8 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് | 1.5 മീറ്ററോ കുറവോ വീതിയുള്ള റോഡ് |
| 8/202A | ആതിര വി വി | പാർപ്പിടം | 185.3 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ചട്ടം 6 പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നുള്ള പ്രവേശനമാർഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർധനവ് ഈടാക്കാവുന്നതാണ്. മേൽപറഞ്ഞ കെട്ടിടങ്ങൾക്ക് അപ്രകാരം വർധനവ് ഈടാക്കിയിട്ടില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

2) ഫോറം 6 ൽ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല എന്ന് രേഖപ്പെടുത്തിയതും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ മേഖലയും തമ്മിൽ വ്യത്യാസമുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണം (ച മീ) | ഫോറം 6 പ്രകാരം മേഖല | സഞ്ചയ പ്രകാരം മേഖല |
|---|---|---|---|---|---|
| 2/16A | അബൂബക്കർ എം | പാർപ്പിടം | 151.85 | ദ്വിതീയം | ത്രിതീയം |

ചട്ടം 6 പട്ടിക 1 പ്രകാരം ദ്വിതീയ മേഖലക്ക് വസ്തു നികുതിയിൽ 10% ഇളവും ത്രിതീയ മേഖലക്ക് 20% ഇളവുമാണ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ പ്രകാരം മേൽ പറഞ്ഞ കെട്ടിടത്തിന് 20% ഇളവ് നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം 65/02.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19-7 വസ്തുനികുതി- മേഖലാ നിർണയത്തിലെ അപാകങ്ങൾ

1) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

പാങ്ങോട് ഗ്രാമപഞ്ചായത്തിൽ പുതിയ മേഖലാവിഭജനം നടത്തിയിട്ടില്ലയെന്നും റോഡ് മാപ്പ് പ്രസിദ്ധീകരിച്ചിട്ടില്ലയെന്നുമാണ് ഓഡിറ്റ് അന്വേഷണം നം 1/24.11.2023ന് മറുപടി ലഭ്യമാക്കിയത്.

2) കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ/കെട്ടിടത്തിലെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 4/31 | സതികുമാരി, ബിജുനിവാസ്,അയിരൂർ, ഭരതന്നൂർ പി ഒ | അയിരൂർ അമ്മൻകോവിൽ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 4/32 | ശൈലജ,മംഗലത്തുവിളവീട്, അയിരൂർ, ഭരതന്നൂർ പി ഒ | അയിരൂർ അമ്മൻകോവിൽ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 2 | 4/537 A | ഡെപ്യൂട്ടി ജനറൽ മാനേജർ(ബി എസ് എൻ എൽ മൊബൈൽ സർവിസെസ്; ബി എസ് എസ് ; ആർ റ്റി റ്റി സി കോംപ്ലക്സ്, കൈമനം തിരുവനന്തപുരം 40,കരമന പി ഒ) | കല്ലറ പാലോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |

| | | | | | |
|---|---|---|---|---|---|
| | 4/537 | പ്രിൻസിപ്പൽ ജനറൽ മാനേജർ, ബിഎസ്എൻഎൽ ടെലികോം ജില്ല, ഉപ്പളം റോഡ്;സ്റ്റാച്ചു; തിരുവനന്തപുരം,ജി പി എം പി ഒ | കല്ലറ പാലോട് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 3 | 4/95 | അബ്ദുൽ ഹമീദ് മൌലവി, ഹാജർ മൻസിൽ, മാറനാട്, ഭരതന്നൂർ പി ഒ | മാടൻനട നെല്ലിയോട്ടുകോണം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 4/96 | സന്ധ്യ, വടക്കുംകര വീട്, മാറനാട്, ഭരതന്നൂർ പി ഒ | മാടൻനട നെല്ലിയോട്ടുകോണം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 4 | 13/67 | ശാന്ത, Block No 692, അഞ്ചാനകുഴിക്കര, മൈലമൂട് പി ഒ | പാച്ചൻമുക്ക് അഞ്ചാനകുഴികര മൈലമൂട് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 13/67A | അശോകൻ, ചന്ദ്രവിലാസം, അഞ്ചാനകുഴിക്കര, മൈലമൂട് പി ഒ | പാച്ചൻമുക്ക് അഞ്ചാനകുഴികര മൈലമൂട് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |
| 5 | 13/112 | ഫാത്തിമ, തടത്തരികത്ത് വീട്, കോലിഞ്ചി, മൈലമൂട് പി ഒ | കോലിൻജി അഞ്ജനാനകുഴിക്കര റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 13/112A | സുരേഷ്കുമാർ /നിഷ, വയലരികത്ത് വീട്, കോലിഞ്ചി, മൈലമൂട് പി ഒ | കോലിൻജി അഞ്ജനാനകുഴിക്കര റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ത്രിതീയം |
| 6 | 13/192 | അജയകുമാർ, അഭിചന്ത് ഭവൻ, കുന്നകുഴി അഞ്ചാനക്കുഴിക്കര, കരിമൺകോട് പി ഒ | ചിപ്പൻചിറ കൊച്ചടപ്പപാറ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| | 13/192A | തനൂജ, അബിചന്ദ് ഭവൻ, ചിപ്പൻചിറ, കരിമൺകോട് പി ഒ | ചിപ്പൻചിറ കൊച്ചടപ്പപാറ റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ത്രിതീയം |

2011ലെ വസ്തുനികുതി പരിഷ്കരണം പ്രകാരം അസ്സെസ്സ്മെന്റ് രജിസ്റ്റർ പൂർണമായും സഞ്ചയ സോഫ്റ്റ് വെയറിലേക്ക് മാറ്റിയ ഘട്ടത്തിൽ ജീവനക്കാർക്കും ഡാറ്റ എൻട്രിക്കായി നിയോഗിചിട്ടുള്ളവർക്കും മതിയായ അവബോധം നല്കാൻ സാധിച്ചില്ലയെന്നും ആയതിനാലാണ് ഇത്തരം പോരായ്മകൾ വന്നിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 14/28.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേഖലാനിർണയത്തിലെ അപാകങ്ങൾ പരിഹരിച്ച് വസ്തുനികുതി വരവിലെ നഷ്ടം ഒഴിവക്കേണ്ടതും റോഡ് മാപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19-8 നികുതിയിളവ് നൽകിയ വിമുക്ത ഭടന്മാരുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.പാങ്ങോട് ഗ്രാമപഞ്ചായത്തിൽ നികുതി ഇളവ് അനുവദിച്ച വിമുക്ത ഭടന്മാരുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ലയെന്നാണ് ഓഡിറ്റ് അന്വേഷണം നം 1/24.11.2023 ന് മറുപടി ലഭ്യമാക്കിയത്. രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19-9 വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി 2013ൽ പുതുക്കി നിശ്ചയിച്ചതിനുശേഷം കെട്ടിടങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയത് മൂലം തനതുവരുമാനത്തിൽ വലിയ കുറവ് വരുന്നതായി വിലയിരുത്തി 04.02.2022 ലെ ഭരണസമിതി യോഗം വസ്തുനികുതി പുനർനിർണയിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി വാർഡ് ഒന്നിന് ഒരു ഫീൽഡ് സ്റ്റാഫ് എന്ന

കണക്കിൽ 19 പേരെ 1 കെട്ടിടത്തിന് 10 രൂപ നിരക്കിൽ നിയോഗിച്ചുകൊണ്ട് ഫീൽഡ് തല വിവരശേഖരണം നടത്തി. എന്നാൽ സ.ഉ.(കൈ) നം 77/2023 തസ്വഭവ തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചതിനെ തുടർന്ന് മേൽ തീരുമാനം പ്രകാരം നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾ നിർത്തിവെച്ചുവെന്നും സർക്കാർ ഉത്തരവിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഓഡിറ്റ് അന്വേഷണം നം 29/29.11.2023നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-20 ഒറ്റ തവണ നികുതി രസീതില്ലാതെ കെട്ടിട നമ്പർ അനുവദിച്ചു

സ.ഉ(എം.എസ്) നം.231/15/ത.സ്വ.ഭ.വ തീയതി 9.7.2015-ാം നമ്പർ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975ലെ കേരള കെട്ടിടനികുതിനിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതി അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തു നികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ്. ചുവടെ ചേർക്കുന്ന ഫയലിൽ മേൽ ഉത്തരവ് പാലിച്ചതായി കാണുന്നില്ല.

| **ക്രമ നമ്പർ** | **ഫയൽ നമ്പർ** | **വാർഡ് നമ്പർ/ കെട്ടിട നമ്പർ** | **ഉടമയുടെ പേര്** | **നികുതി പ്രാബല്യത്തിൽ വന്ന അർദ്ധ വർഷം** | **ഉപയോഗക്രമം** | **പ്ലീന്ത് ഏര്യ (ച മീ)** |
|---|---|---|---|---|---|---|
| 1 | A3-BA(124738)2022 | 8/180A | ആദർശ് പി | 2023 $1^{st}$ Half | പാർപ്പിടാവശ്യം | 180.18 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 66/02.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 തനതുവരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണം നം 1/ 24.11.2023 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ തനതുവരുമാനം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി എല്ലാ നികുതിദായകർക്കും ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെന്നും കുടിശിക വരുത്തിയ കെട്ടിട ഉടമകൾക്കെതിരെ ആർ ആർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തി ബജറ്റിൽ ഉൾപ്പെടുത്തുന്നതിനോ സമാഹരിക്കുന്നതിനോ ഉള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല.

2) നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റ്, പിരിവ് പുരോഗതി, തനത് വരവ് രജിസ്റ്ററുകൾ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് വിലയിരുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നികുതി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

### 1-21-1 സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

| ക്രമ നമ്പർ | സേവനം | വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി |
|---|---|---|
| 1 | **ശുചിത്വ പരിപാലനം** | **4%** |
| 2 | **ജല വിതരണം** | **3%** |
| 3 | **തെരുവു** | **2%** |

| | | |
|---|---|---|
| | വിളക്കുകൾ | |
| 4 | ഡ്രൈനേജ് | 1% |

വസ്തു നികുതി നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്.

പാങ്ങോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ലയെന്നും പുതിയ സേവനനികുതി മാർഗങ്ങൾ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ശിപാർശ ചെയ്തിട്ടില്ലെന്നുമാണ് ഓഡിറ്റ് അന്വേഷണം നം 1/ 24.11.2023 നമ്പർ മറുപടിയിൽ അറിയിച്ചത്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും സേവന ഉപനികുതിയായി നിശ്ചയിക്കാവുന്നതാണ്.

## 1-22 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു

ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തുന്നതിനു മുൻപ് ചെക്ക് മുഖേന തുകകൾ പിൻവലിക്കുന്നു. ഉദാഹരണം ചുവടെ

| വൌച്ചർ നം. തീയതി | ഇനം | തുക | ചെക്ക് നം. തീയതി | പേമെൻ്റ് ഓർഡർ നം. തീയതി | ബാങ്കിൽ നിന്ന് തുക പിൻവലിച്ച തീയതി |
|---|---|---|---|---|---|
| 22200179/16.6.22 | Being The Payment For Maintanance Of Street Light | 49400 | 193238/6.6.22 | 62240022400182/4.6.22 | 6.6.22 |
| 22200001/27.4.22 | Being The Salary Of Secretary March 2022 | 59917 | 193224/2.4.22 | 6224002240001/21.4.22 | 2.4.22 |
| 22200002/27.4.22 | Being The Honorarium Of Librarian | 12000 | 193224/2.4.22 | 62240022400004/26.4.22 | 2.4.22 |
| 22200002/27.4.22 | Being The Salary Of Technical Assistant | 30995 | 193224/2.4.22 | 62240022400003/26.4.22 | 2.4.22 |

ഇത് സംബന്ധിച്ച ഓഡിററ് എൻക്വയറി നം. 9 ന് സെക്രട്ടറിയുടെ ലോഗിനിൽ പേമെൻ്റ് ഓർഡർ അപ്രൂവ് ചെയ്യുന്നതിൽ ഉണ്ടായ കാലതാമസമാണ് അപാകതയ്ക്ക് കാരണം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥൻ്റെ അംഗീകാരം ഇല്ലാതെ ചെലവ് നടത്തുന്നത് സാമ്പത്തിക അച്ചടക്കത്തെ ബാധിക്കും വിധം ഗൌരവമേറിയ അപാകമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-23 സിഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങൽ- സർക്കാർ നിർദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| പദ്ധതി നമ്പർ | 140/23 |
| പദ്ധതി അടങ്കൽ | 1050000/-രൂപ മെയിൻ്റനൻസ് ഫണ്ട് റോഡിതരം |
| പദ്ധതി ചെലവ് | 1049885/- രൂപ മെയിൻ്റനൻസ് ഫണ്ട് റോഡിതരം |
| എ സി ആർ ബിൽ നമ്പർ/ തീയതി- തുക | 459/27.03.2023- 49999/-<br>460/27.03.2023- 499925/-<br>461/27.03.2023- 499961/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ പി എസ് പാങ്ങോട് |

G.O.(Rt)No.26/2015/SPD Dated 28.05.2015, സ.ഉ.(സാധാ).നം.97/2022/എസ് പി ഡി Dated 23.12.2022 എന്നിവ പ്രകാരം SIDCO യിൽ നിന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് നേരിട്ട് വാങ്ങുന്ന ഫർണിച്ചറുകളുടെ

സ്പെസിഫിക്കേഷനും പരമാവധി വിലയും നിർണയിച്ചിട്ടുണ്ട്.
എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചറുകളുടെ വിലയിൽ ഉത്തരവിൽ നിന്നും വ്യതിയാനം ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാങ്ങിയ എണ്ണം | ഉത്തരവ് പ്രകാരം സ്പെസിഫിക്കേഷൻ | വാങ്ങിയതിന്റെ സ്പെസിഫിക്കേഷൻ | ഉത്തരവ് പ്രകാരം വില (രൂപ) | വാങ്ങിയ വില (രൂപ) |
|---|---|---|---|---|---|
| Steel Almirah With 3 Shelves | 3 | 168x83x45 Cm | 169x84x45 Cm | 6181/- | 8480/- |
| Steel Table With 1 Cupboard, 1 Drawer With 18mm Laminated Board Top | 2 | 120x60x75 Cm | 120x60x75 Cm | 4849/- | 5466/- |

സർക്കാർ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയ അളവുകളിൽ നിന്ന് വ്യതിചലിച്ച് ഫർണിച്ചർ വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 10/27.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സിഡ്കോയിൽ നിന്ന് ഫർണിച്ചർ വാങ്ങുമ്പോൾ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.

## 1-24 മുറ്റത്തൊരു മീൻ തോട്ടം പദ്ധതി- മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

| | | | |
|---|---|---|---|
| പദ്ധതിയുടെ പേര് | മുറ്റത്തൊരു മീൻ തോട്ടം | | |
| പദ്ധതി നമ്പർ | 109/23 | | |
| | വികസന ഫണ്ട് പൊതുവിഭാഗം(രൂപ) | മറ്റുള്ളവ (രൂപ) | ആകെ (രൂപ) |
| പദ്ധതി അടങ്കൽ | 24000/- | 36000/- | 60000/- |
| പദ്ധതി ചെലവ് | 24000/- | 0 | 24000/- |
| എ സി ആർ ബിൽ നമ്പർ/ തീയതി- തുക | 230/19.01.2023 – 16000/- രൂപ<br>231/ 19.01.2023 – 8000/- രൂപ | | |
| നിർവഹണ ഉദ്യോഗസ്ഥ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | | |

പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് ഗുണഭോക്താക്കൾക്ക് 8000/- രൂപ വീതം സബ്സിഡി തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ രസീതിൽ ഗുണഭോക്താക്കൾ ഒപ്പു വെച്ചിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടിൽ വാർഡ് മെമ്പറോ മോണിറ്ററിംഗ് സമിതി അംഗങ്ങളോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
സബ്സിഡി മാർഗരേഖ ഖണ്ഡിക 6.4. ബി (11) പ്രകാരം അര സെന്റ് വിസ്തീർണമുള്ള കുളം 75 സെ മീ ആഴത്തിൽ കുഴിയെടുത്ത്, പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 75 സെ മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത്ത വിരിക്കൽ, അടിത്തട്ടൊരുക്കൽ, 125 സെ മീ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല/ വേലി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് മത്സ്യകുഞ്ഞുങ്ങളെ വളർത്താം.
പദ്ധതിയിൽ ഉൾപ്പെട്ട 3 കുളങ്ങളും ഇപ്രകാരം സബ്സിഡി മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് നിർവഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 46/01.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 അഡ്വക്കേറ്റ് ഫീസ്- ഇൻകംടാക്സ് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല

അഡ്വക്കേറ്റ് ഫീസിനത്തിൽ അഡ്വ. സി,ആർ. ശിവകുമാറിന് വിവിധ വൌച്ചറുകളിലായി ആകെ 70000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം. തീയതി | വൌച്ചർ നം. തീയതി | തുക |
|---|---|---|
| 755325/20.1.23 | 22200816/20.1.23 | 15000 |
| | 22200817/20.1.23 | 15000 |
| | 22200818/20.1.23 | 15000 |
| | 22200819/20.1.23 | 5000 |
| | 22200820/20.1.23 | 5000 |
| | 22200821/20.1.23 | 15000 |

ഇൻകംടാക്സ് ആക്ട് സെക്ഷൻ 194 J അനുശാസിക്കും പ്രകാരമുള്ള തുക ഇൻകം ടാക്സിനത്തിൽ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/30.11.23ന് ഇൻകംടാക്സ് ഈടാക്കിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊഫഷണൽ സേവനങ്ങൾക്ക് ഒരു വർഷം 30000 രൂപയിൽ കൂടുതൽ ഒരു വ്യക്തിയ്ക്ക് നൽകുന്ന

സാഹചര്യത്തിൽ 10% തുക ഇൻകംടാക്സ് ഇനത്തിൽ ഈടാക്കി അടവാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-26 അംഗൻവാടി റോഡിന്റെ സൈഡ് വാൾ നിർമ്മാണം- എ.ഇയുടെ വാല്യൂവേഷൻ ഇല്ല

വൌച്ചർ നം. 22200200/15.6.2022 ചെക്ക് നം. 1932240/10.6.22 എന്നിവ പ്രകാരം ലെനിൻകുന്ന് വാർഡിൽ അംഗനവാടി റോഡിന്റെ സൈഡ് വാൾ പുനർനിർമ്മിച്ച വകയിൽ 8700/-രൂപ ലേബർ ചാർജ്ജിനത്തിൽ വാർഡ് മെമ്പർക്ക് നൽകിയിട്ടുണ്ട്. എ.ഇയുടെ വാല്യൂവേഷൻ ഐ.എൽ.ജി.എം.എസിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41/30.11.2023 ന് ചെലവ് നടത്തുമ്പോൾ ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-27 ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല

ISO യുടെ ഭാഗമായി ഫയലുകൾ റിക്കോർഡ് റൂമിൽ എത്തിച്ചതിന് വൌച്ചർ നം. 22200311/30.7.22 പ്രകാരം 4200/- രൂപയും കേരള പേപ്പർ കൺവർട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 100 ബോക്സ് വാങ്ങിയ ഇനത്തിൽ വൌച്ചർ നം. 2220030/27.7.2022 പ്രകാരം 3540/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കേരള പേപ്പർ കൺവർട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ബോക്സുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. നിലവിൽ പഞ്ചായത്തിന് ISO ലഭ്യമാണെങ്കിൽ ISO Certificate പരിശോധനയ്ക്ക് ലഭ്യമാക്കാനും ഐ.എസ്.ഒ ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/30.11.23 ന് നിലവിൽ ISO യുടെ കാലാവധി കഴിഞ്ഞിട്ടുള്ളതാണെന്നും കെട്ടിടത്തിന്റെ പണി നടക്കുന്നതിനാൽ റിക്കോർഡ് റൂമിന്റെ സ്ഥലപരിമിതി കാരണം ISO പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും 100 Box കൾ റിക്കോർഡ് റൂമിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013, ഖണ്ഡിക 12.22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ പുതിയ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തിയ ഉടനാണ് തുക അനുവദിക്കേണ്ടത്. വാങ്ങിയ 100 Boxes സ്റ്റോക്കിലെടുക്കാതിരുന്നത് സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഭാവയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും ISO പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-28 കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനായി പ്ലിന്ത് ഏരിയ അളന്നു-തുടർനടപടി വ്യക്തമല്ല

കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിലേയക്കായി പ്ലിന്ത് ഏരിയ അളന്നതിന് താഴെപ്പറയും പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

| വൌച്ചർ നം. | ചെക്ക് നം | തുക |
|---|---|---|
| 22200432/6.9.22 | 193255/15.9.22 | 5910 |
| 22200535/12.10.22 | 755293/11.10.22 | 5100 |
| 22200570/18.10.22 | 755295/17.10.22 | 6850 |
| 22200571/18.10.22 | 755295/17.10.22 | 5950 |
| 22200440/6.9.22 | 193255/5.9.22 | 11950 |

വൌച്ചർ പരിശോധിച്ചതിൽ മുഴവൻ വാർഡുകളിലേയും കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ പുനർ നിർണ്ണയിച്ചതായി കാണുന്നില്ല. 5 വാർഡുകളിലെ പ്ലിന്ത് ഏരിയ ആണ് ഇപ്രകാരം കണക്കാക്കിയിരിക്കുന്നത്. മേൽ വൌച്ചർ പ്രകാരം പ്ലിന്ത് ഏരിയ കണക്കാക്കിയ കെട്ടിടങ്ങളിൽ തദനുസൃതമായ മാറ്റങ്ങൾ വസ്തുനികുതി നിർണ്ണയത്തിൽ സഞ്ചയയിൽ വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/30.11.2023 ന് പഞ്ചായത്ത് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് കമ്മിറ്റി തീരുമാന പ്രകാരം കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ കൃത്യമായി കണക്കാക്കി Tax Revise ചെയ്യുന്നിതിന്റെ ഭാഗമായി കുറച്ച് വാർഡുകളിൽ മേൽ പ്രവൃത്തി നടപ്പിലാക്കിയെങ്കിലും നിലവിൽ സർക്കാർ ഉത്തരവ് പ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മേൽ വൌച്ചറുകൾ പ്രകാരം തുക ചെലവഴിച്ച് കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ കണക്കാക്കുക വഴി ഉദ്ദേശിച്ച ലക്ഷ്യം പഞ്ചായത്തിന് നേടിയെടുക്കാൻ ആയോ എന്ന് മറുപടിയിൽ വ്യക്തമല്ല. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള വ്യക്തികൾ തന്നെയാണോ മേൽ പരാമർശിച്ചിട്ടുള്ള വാർഡുകളിൽ പ്ലിന്ത് ഏരിയ കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമല്ല. വ്യക്തമായ സർക്കാർ ഉത്തരവ് ലഭ്യമാകുന്നതിനു മുൻപ് പ്ലിന്ത് ഏരിയ കണക്കാക്കുക വഴി മേൽച്ചെലവുകൾ പാഴ്ച്ചെലവ് ആകാനുള്ള സാധ്യത നിലനിൽക്കുന്നു.

## 1-29 ഹോമിയോ മരുന്ന് വാങ്ങൽ- ടാക്സ് ഇൻവോയിസ് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 20/23 |

| | |
|---|---|
| പദ്ധതി അടങ്കൽ | 400000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം |
| പദ്ധതി ചെലവ് | 400000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ബിൽ നമ്പർ/ തീയതി | 137/15.11.2022 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ-ഹോമിയോ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 400000/- രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. 09.01.2023 ന് മെഡിക്കൽ ഓഫീസറും ഹോംകോ മാനേജിംഗ് ഡയറക്ടറും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരം തുക കൈമാറിയ തീയതിയിൽ നിന്ന് 9 മാസത്തിനകം മരുന്നുകൾ പൂർണമായും ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ഹോംകോ നഷ്ടപരിഹാരം നൽകുന്നതുമാണ്. ആകെ 172440/- രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ ടാക്സ് ഇൻ വോയിസ് (LF 730 Dated 28.07.2023) മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 227560/- രൂപയുടെ മരുന്നുകൾ ലഭ്യമായതിനെ കുറിച്ചുള്ള ഓഡിറ്റ് അന്വേഷണം നം 19/28.11.2023 ന് മരുന്നുകൾ 30.11.2023 ന് ഹോംകോയിൽ നിന്ന് മരുന്നുകൾ ലഭ്യമായതായി അറിയിച്ചു. ടി തുകയുടെ ടാക്സ് ഇൻവോയിസ്, മരുന്ന് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 എം.എൻ.ആർ.ഇ.ജി.എസ്, GIS സർവേ നടപടികൾ - രേഖകൾ ലഭ്യമാക്കിയില്ല

വൌച്ചർ നം. 222000452/12.9.22 പ്രകാരം എം.എൻ.ആർ.ഇ.ജി.എസ് GIS സർവേ നടപടികൾ 19 വാർഡുകളിലായി 74 എന്യൂമറേറ്റർമാർ സ്വകാര്യഭൂമിയിൽ നടത്തിയതിന്റെ വേതനമായി ഒരു സർവേയ്ക്ക് 750 രൂപ നിരക്കിൽ 80280/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ നടത്തിയ സർവ്വേകളുടെ എണ്ണം, സർവ്വേ റിപ്പോർട്ട്, പ്രസ്തുത സർവ്വേ നടത്തുന്നതിന് അടിസ്ഥാനമാക്കിയ ഉത്തരവ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 41/30.11.23 ന് അവ ഹാജരാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 പൊതുടാപ്പുകൾക്ക് വെള്ളക്കരം- തുക അടവാക്കിയതിൽ വ്യക്തതക്കുറവ്

April 2022 മുതൽ ജനുവരി 2023 വരെ 75 പൊതുടാപ്പുകൾക്ക് വിവിധ വൌച്ചറുകളിലായി 38104 രൂപ വീതമാണ് മാസം തോറും അടവാക്കിയിട്ടുള്ളത്. വൌച്ചർ നം. 22200923/24.2.23 പ്രകാരം വെള്ളക്കരം കൂട്ടിയതിന്റെ ഭാഗമായി 75 ടാപ്പുകൾക്ക് 95847/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ വൌച്ചർ നം. 22201098/29.3.23 പ്രകാരം വെള്ളക്കരമിനത്തിൽ 75 ടാപ്പുകൾക്ക് 90994/- രൂപയാണ് അടവാക്കിയിട്ടുള്ളതായി കാണുന്നത്. ഇപ്രകാരം 75 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഫെബ്രുവരിയിലേയും മാർച്ചിലേയും തുകകൾ തമ്മിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കാനും വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 41 ന് വാട്ടർ അതോറിറ്റി വെള്ളക്കരം വർദ്ധിപ്പിച്ച സാഹചര്യത്തിലാണ് തുക ഉയർന്നതെന്നും വാട്ടർഅതോറിറ്റി നൽകുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം ഒടുക്കിയിട്ടുള്ളതെന്നും വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വെള്ളക്കരമിനത്തിൽ ഫെബ്രുവരിയിലേയും മാർച്ചിലേയും തുകകൾ തമ്മിൽ വ്യത്യാസം വന്നതിന്റെ കാരണം മേൽ മറുപടിയിൽ നിന്ന് വ്യക്തമല്ല. ആയത് പരിശോധിക്കേണ്ടതും വാട്ടർ അതോറിറ്റിയ്ക്ക് അധികമായി തുക നൽകിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-32 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 134/23 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | വികസനഫണ്ട് 625000/-<br>ഗുണഭോക്തൃവിഹിതം (നേരിട്ട്) 625000 |
| ചെലവ് | 625000 |
| ബിൽ നമ്പർ | 334/4.3.23- 375000<br>422/24.3.23- 125000<br>420/24.3.23- 62500<br>419/24.3.23-62500 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

നാല്യ മാസം മുതൽ 6 മാസം വരെ പ്രായമുള്ള 50 കന്നുകുട്ടികൾക്ക് പ്രസവിക്കുന്നതു വരെ സബ്സിഡി നിരക്കിൽ തീറ്റ നൽകുന്നതിനു വേണ്ടിയാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. 12500 /- രൂപ നിരക്കിൽ 50 പേർക്കുള്ള 625000/- രൂപയാണ് എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് കൈമാറിയിട്ടുള്ളത്. പദ്ധതി തുടർന്ന് കൊണ്ടിരിക്കുന്നതിനാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലായെന്ന് വെറ്ററിനറി സർജൻ ഓഡിറ്റ് എൻക്വയറി നം. 42/30.11.23 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 330000 രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 35/23 |
| പ്രോജക്ടിന്റെ പേര് | പോത്തുകുട്ടി -കാളക്കുട്ടി വളർത്തൽ(എസ്.സി.പി) |
| അടങ്കൽ | വികസനഫണ്ട് (എസ്.സി.പി) 280000 |
| ചെലവ് | 280000 |
| ബിൽ നമ്പർ | 27/19-6-22-270000<br>57/22-8-22-10000 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

| | |
|---|---|
| പ്രോജക്ട് നമ്പർ | 36/23 |
| പ്രോജക്ടിന്റെ പേര് | പോത്തുകുട്ടി -കാളക്കുട്ടി വളർത്തൽ( ടി.എസ്.പി |
| അടങ്കൽ | വികസനഫണ്ട് (ടി.എസ്..പി) 50000 |
| ചെലവ് | 50000 |
| ബിൽ നമ്പർ | 556/22-8-22-50000 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളുടെ ഫയൽ, അനുബന്ധരേഖകൾ എന്നിവ ഓഡിററ് റിക്വസിഷൻ നം.1 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികളിൻമേൽ ഓംബുഡ്സ്മാനിൽ കേസ് നടക്കുന്നതിനാൽ ഫയലുകൾ പദ്ധതി സമയത്ത് ചാർജ്ജുണ്ടായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥ കൊണ്ടു പോയിരിക്കുന്നതിനാൽ ഹാജരാക്കാൻ സാധിക്കാല്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെലവു രേഖകളുടെ അഭാവത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി വിനിയോഗിച്ച 330000/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മരുന്ന് വാങ്ങൽ പദ്ധതി-അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 23/22 |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം)-600000 |
| ചെലവ് | 600000 |
| ബിൽ നമ്പർ | 34/7.7.22 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

മൃഗാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങലിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നീതി മെഡിക്കൽസ് വെഞ്ഞാറമൂടിൽ നിന്ന് മേൽബിൽ പ്രകാരം തുക ചെലവഴിച്ച് മരുന്ന് വാങ്ങിയതിന്റെ കാഷ് ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ( ബിൽ നം. 430/10.6.22) . എന്നാൽ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ 25.2.2022 ലെ ബിൽ നം.94565 പ്രകാരം മരുന്ന് സ്റ്റോക്കിലെടുത്തതാണ് അവസാനമായി രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നത്.

2. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിരിക്കുന്നത് 11.07.2022 ൽ ആണ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് മുൻപ് തന്നെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 7.7.2022 ന് നീതി മെഡിക്കൽസിന് തുക കൈമാറി

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.50/30.11.23 ന് ക്ലറിക്കൽ എറർ മൂലം ആണ് സ്റ്റോക്ക് രജിസ്റ്ററിൽ അപാകത സംഭവിച്ചതെന്നും മരുന്ന് സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായതിനുശേഷം മരുന്ന് വാങ്ങൽ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-35 നെൽകൃഷി വികസന പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 83/23 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷി വികസന പദ്ധതി |
| അടങ്കൽ | 25000 വികസന ഫണ്ട്<br>മറ്റുള്ളവ-7000 |
| ചെലവ് | 3200 |
| ബിൽ നമ്പർ | 139/15.11.2022-3200 |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഒരു ഹെക്ടർ സ്ഥലത്തു നെൽകൃഷി നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്.80 Kg നെൽ വിത്ത് സർക്കാർ/ സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകുകയും കുമ്മായം ജൈവവളം എന്നിവ കർഷകർ സ്വയം വാങ്ങി ഉപയോഗിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. വിത്തിനായി 3200 രൂപ, കൂലി ചെലവിനായി 10000 രൂപ, ജൈവവളത്തിനായി 7000 രൂപ കുമ്മായത്തിനായി, 4800 രൂപ എന്നിങ്ങനെയാണ് കർഷകർക്ക് പദ്ധതി പ്രകാരം സബ്സിഡി നൽകുന്നത്. സ്റ്റേറ്റ് സീഡ് ഫാം കടക്കലിൽ നിന്ന് ഇൻവോയിസ് നം 35/2022 Dtd 01.11.2022 പ്രകാരം 80 Kg നെൽ വിത്ത് വാങ്ങുകയും 6 ഗുണഭോക്താക്കൾക്ക് വിത്ത് വിതരണം ചെയ്യുകയും ചെയ്തു. എന്നാൽ നെൽകൃഷി ആരംഭിച്ചില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 48/2022-23, 01.12.2023) കാലാവസ്ഥ പ്രതികൂലമാകുകയും കൃഷി ഇറക്കേണ്ട സമയത്ത് മഴ പെയ്യുകയും ചെയ്തതായും മുൻ വർഷം തൊഴിലുറപ്പ് സഹായത്തോടെ നിലമൊരുക്കൽ ചെയ്തതിനാൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി നിന്നും നിലം വൃത്തിയാക്കാൻ കർഷകർക്ക് സാധിച്ചില്ലെന്നും വെള്ളം കെട്ടികിടക്കുന്ന സ്ഥലമായതിനാൽ കർഷകർക്ക് സ്വയം ചെയ്യുക പ്രയാസമായിരുന്നെന്നും ചെറിയ വിസ്തൃതിയുള്ള നിലങ്ങളായതിനാൽ സമീപ പഞ്ചായത്തിൽ നിന്ന് കൊണ്ട് വന്ന യന്ത്രങ്ങൾ ഇറക്കാൻ സാധിച്ചില്ലായെന്നും കാലം തെറ്റി നെൽ കൃഷി ചെയ്താൽ കതിരു വരുന്ന സമയത്ത് ചൂട് കൂടുതൽ ആയാൽ കർഷകർക്ക് പൂർണ നാശനഷ്ടമാകും ഫലമെന്നും ഈ സാഹചര്യത്തിലാണ് നെൽകൃഷി നടപ്പിലാക്കാൻ സാധിക്കാത്തതെന്നും നിർവഹണോദ്യോഗസ്ഥ അറിയിച്ചു.

പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ പദ്ധതി തുക പാഴാകുന്ന സാഹചര്യമുണ്ടായി. ഭാവിയിൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഇത്തരം വീഴ്ചകൾ ഉണ്ടാകാതെ ദീർഘ വീക്ഷണത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം - പദ്ധതി നിർവഹണത്തിൽ അപാകം - 80500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 130/23 |
| പ്രോജക്ടിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം |
| അടങ്കൽ | 926250- വികസനഫണ്ട്<br>257250- തനത് ഫണ്ട്<br>591750-ബ്ലോക്ക് പഞ്ചായത്ത്<br>591750-ജില്ലാ പഞ്ചായത്ത് |
| ചെലവ് | 853500- വികസനഫണ്ട്<br>300000-ബ്ലോക്ക് പഞ്ചായത്ത്<br>352000-ജില്ലാ പഞ്ചായത്ത് |
| ബിൽ നമ്പർ | 164/ 28.11.2022-600000 |

| | |
|---|---|
| | 22020352011000862497/<br>05.12.2022-300000<br>22020352011000862497/<br>05.12.2022-300000<br>317/ 27.02.2023-173000<br>22020352011001261133/27.02.2023-52000<br>338/ 05.03.2023-52000<br>391/ 17.03.2023-28500 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2022-23 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം എന്ന പദ്ധതിയുടെ പരിശോധനയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയതായും ഒരേ ഗുണഭോക്താവിന് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ഉള്ള പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകിയതായും ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചതെന്നും കണ്ടു. അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 17/2022-23 , തീയതി 28.11.2023 ) നിർവഹണോദ്യോഗസ്ഥ ഭാഗീകമായി മറുപടി ലഭ്യമാക്കിയത് കൂടി പരിഗണിച്ച ശേഷമുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1)ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്തവർക്ക് ആനുകൂല്യം നൽകി**

നിർവഹണോദ്യോസ്ഥ പരിശോധനക്കായ് ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടില്ല . ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലിസ്റ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ട് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പട്ടികയിലെ ഗുണഭോക്താക്കൾക്കായി അനുവദിച്ച തുകയായ 80500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ദേവിക എ എസ് | 28500 |
| 2 | സുഹറ | 23500 |
| 3 | അനാമിക ശ്രീകുമാർ | 28500 |

പട്ടികയിലെ ഗുണഭോക്താക്കൾ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**2)ഒരേ ഗുണഭോക്താവിന് മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും ഉള്ള പദ്ധതികൾ പ്രകാരം ആനുകൂല്യം നൽകി**

സുഹറ (Ac No 67365720528) എന്ന ഗുണഭോക്താവിന് സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം എന്ന പദ്ധതി പ്രകാരം 23500 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം(SO 129/23) എന്ന പദ്ധതി പ്രകാരം 5000 രൂപയും അനുവദിച്ചു. ടിയാളെ 2 പദ്ധതികളിലും ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് നമ്പർ17/28.11.23 മറുപടി ലഭ്യമാക്കിയില്ല.

ഇപ്രകാരം തുക അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

**3) അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചത്.**

ഗുണഭോക്താക്കൾക്ക് അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല ധനസഹായം അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | പേര് | അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് | ധനസഹായം അനുവദിച്ച അക്കൗണ്ട്. |
|---|---|---|---|
| 1 | ഗ്രീഷ്മ വിജയൻ | 020741201430043 | 107112301016323 |
| 2 | മുഹമ്മദ് | 102501000023346 | 102501000018682 |

| | | | |
|---|---|---|---|
| | ഫൈസൽ എഫ് | | |
| 3 | മുഹമ്മദ് ആഷിക് എൻ | 102501000023158 | 102501000020575 |

ഇപ്രകാരം തുക അനുവദിക്കാനുണ്ടായ കാരണം/ അക്കൗണ്ട് വിശദാംശങ്ങൾ, ഗുണഭോക്താവിന് തുക ലഭിച്ചതിന്റെ വിശദാംശങ്ങൾ ഇവ ലഭ്യമാക്കേണ്ടതാണ്.

**1-37 ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- പദ്ധതി നിർവഹണത്തിൽ അപാകം 17,300 രൂപയുടെ അധികച്ചെലവ് -വിശദീകരണം തൃപ്തികരമല്ല**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO 129/23 |
| പ്രോജക്റ്റിന്റെ പേര് | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 200000- വികസനഫണ്ട് |
| ചെലവ് | 144900- വികസനഫണ്ട് |
| ബിൽ നമ്പർ | 165/ 28-11-2022- 113000<br>313/ 25-02-2023- 18400<br>327/03-03-3023 - 13500 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 200000 രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതിയുടെ പരിശോധനയിൽ സബ്സിഡി മാർഗരേഖ പ്രകാരം അനുവദിക്കാവുന്ന പരിധി അധികരിച്ചും, നിശ്ചിത വൈകല്യം ഇല്ലാത്ത ഗുണഭോക്താവിനും ധനസഹായം അനുവദിച്ചതായും, അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചതെന്നും കണ്ടു. അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 16/2022-23 , തീയതി 28.11.2023 ) നിർവഹണോദ്യോഗസ്ഥ ഭാഗികമായി മറുപടി ലഭ്യമാക്കിയത് കൂടി പരിഗണിച്ച ശേഷമുള്ള പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

**1)സബ്സിഡി മാർഗരേഖ പ്രകാരം അനുവദിക്കാവുന്ന പരിധി അധികരിച്ച് ധനസഹായം അനുവദിച്ചു-10300 രൂപ തിരികെ ഈടാക്കേണ്ടതാണ്.**

സബ്സിഡി മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിക്കാവുന്ന പരിധി അധികരിച്ച് ധനസഹായം അനുവദിച്ചതായി ശ്രദ്ധയിൽപെട്ടു. അനുവദിക്കാവുന്ന തുകയുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | പേര് | ക്ലാസ് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | വ്യത്യാസം |
|---|---|---|---|---|---|
| 1 | ശ്രീരാജ്. എസ് | 8 (Hearing Impairment) | 6600 | 8000 | 1400 |
| 2 | അസ്ന എ | 10 (Speech & Hearing) | 8000 | 11000 | 3000 |
| 3 | അഞ്ജന എൽ എ | 7 (Locomotor Disability) | 6600 | 8600 | 2000 |
| 4 | ദേവ തീർത്ഥ എസ്.സി | 4 (Hearing Impairment) | 5300 | 6500 | 1200 |
| 5 | നാഫിയ എസ്.ആർ | 1 (Locomotor Disability) | 5300 | 8000 | 2700 |
| | | | | ആകെ | 10300 |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

**2) നിശ്ചിത വൈകല്യം ഇല്ലാത്ത ഗുണഭോക്താവിന് സ്കോളർഷിപ്പായി 7000 രൂപ അനുവദിച്ചു**

സ.ഉ കൈ നം 115/2022/LSGD തീയതി 28.05.2022 നം സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.1 ക്രമ നം 3പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ വിഷ്ണു എസ്.വി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ വൈകല്യം 3 % എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടിയാൾക്ക് സബ്സിഡി അനുവദിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ശ്രീമതി പ്രേമ എൽ, ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ കുട്ടിക്ക് രണ്ടാമത്തെ തവണ തുക നൽകിയത് ടിയാളാണെന്നും ജോലിത്തിരക്ക് കാരണം യഥാസമയം അപേക്ഷ ശ്രദ്ധയിൽ പെടാതെ നൽകിയതാണെന്നും 2023-24 സാമ്പത്തിക വർഷവും കുട്ടി അപേക്ഷ നൽകിയതായും 3 % ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാൽ ധനസഹായം നൽകിയിട്ടില്ലാത്തതുമാണെന്നും അറിയിക്കുകയുണ്ടായി. മനപ്പൂർവമല്ലാത്ത വീഴ്ച ക്ഷമിക്കണമെന്നും ടി കുട്ടി എസ്. റ്റി. വിഭാഗത്തിൽ പെട്ടതും നിർധന കുടുംബത്തിലെ അംഗമാണെന്നും അറിയിച്ചു.

നിശ്ചിത വൈകല്യം ഇല്ലാത്തവർക്ക് സ്കോളർഷിപ്പ് അനുവദിച്ചത് അംഗീകരിക്കാൻ കഴിയില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

**3)അപേക്ഷ പ്രകാരമുള്ള അക്കൗണ്ടിലേക്കല്ല തുക അനുവദിച്ചത്.**

അശ്വിൻ എ.എസ് എന്ന ഗുണഭോക്താവിന്റെ അപേക്ഷ പ്രകാരം അക്കൗണ്ട് നം 17350100100676 ആണ് എന്നാൽ തുക അനുവദിച്ചത് 6644308623 എന്ന അക്കൗണ്ടിലേക്കാണ് . ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ഇപ്രകാരം തുക അനുവദിക്കാനുണ്ടായ കാരണം/ അക്കൗണ്ട് വിശദാംശങ്ങൾ, തുക ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ടോയെന്ന വിവരം ഇവ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-38 സ്ത്രീ പദവി പഠനം-പ്രവർത്തന വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0144/23 |
| പ്രോജക്ടിന്റെ പേര് | സ്ത്രീ പദവി പഠനം |
| അടങ്കൽ | 47500 പൊതു വിഭാഗം |
| ചെലവ് | 22540 |
| ബിൽ നമ്പർ | 226/19.01.2023-2540<br>250/03.02.2023-20000 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പാങ്ങോട് ഗ്രാമ പഞ്ചായത്തിനെ ലിംഗ പദവി സൗഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുവാനും വേണ്ടിയാണ് സ്ത്രീ പദവി പഠനം പെൺ അടയാളങ്ങൾ എന്ന പദ്ധതി നടപ്പിലാക്കിയത്. എന്യൂമറേറ്റേഴ്സിന്റെ പരിശീലനം വിവരശേഖരണത്തിനുള്ള മൊബൈൽ റീചാർജ് വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമുള്ള തുക ഉുടങ്ങിയവയ്ക്കായി 47500 രൂപ വകയിരുത്തുകയും 22540 രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഠന റിപ്പോർട്ട് ഫയലിൽ ഇല്ല. പഠന റിപ്പോർട്ട് ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം 18/2022-23, 28.11.2023) പഠന റിപ്പോർട്ട് ഹാജരാക്കുന്ന എന്ന് മറുപടി ലഭ്യമാക്കിയെങ്കിലും വിവരശേഖരണത്തിന്റെ സമ്മതപത്രം മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. ചോദ്യാവലി തയ്യാറാക്കൽ, ഡേറ്റാ ശേഖരണവും എൻട്രിയും, ഡേറ്റാ അനാലിസിസ് എന്നീ പ്രവർത്തനങ്ങൾ നടത്തിയതിന്റെയോ അനാലിസിസിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ജില്ലാ തലത്തിൽ തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിന് നൽകിയതിന്റെയോ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ആയതിനാൽ തന്നെ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

പദ്ധതി പ്രവർത്തനങ്ങളുടെയും, ഡേറ്റാ അനാലിസിസിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശങ്ങളും ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-39 ഭരതന്നൂർ പി എച്ച് സി - താൽക്കാലിക ഡോക്ടറിന്റെ നിയമനം-നടപടിക്രമം പാലിച്ചില്ല.

| ക്രമ നം | വൗച്ചർ നം /തീയതി | തുക | വിശദാംശങ്ങൾ |
|---|---|---|---|
| 1 | 141/22-23 /09.01.2023 | 105840 | ഡോ.മുഹമ്മദ്.എം ന്റെ 11/22, 12/22 മാസങ്ങളിലെ ശമ്പളം |
| 2 | 161/2022-23 /15.02.2023 | 52920 | ഡോ.മുഹമ്മദ്.എം ന്റെ 1/23 മാസത്തെ ശമ്പളം |

ഭരതന്നൂർ പി.എച്ച്. സി യിൽ താൽക്കാലികമായി ഡോക്ടറിനെ നിയമിച്ച് മേൽ വൗച്ചറുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും വേതനം അനുവദിച്ചിട്ടുണ്ട്. 28.05.2022 ലെ സ.ഉ.(എം.എസ്) നം 115/2022 LSGD നം ഉത്തരവ് ഖണ്ഡിക 7.6.2 പ്രകാരം ഡോക്ടർമാരെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ , ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ജില്ലാ പ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ ചെയ്ത് എടുക്കേണ്ടതാണ്. എന്നാൽ സ്ഥാപനത്തിൽ അപ്രകാരമല്ല നിയമനം നടത്തിയത്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ( ഓഡിറ്റ് എൻക്വയറി നം 39 /2022-23,30.11.2023) മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ പാങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 21/07/2022 ലെ A4-2721/2021 നം ഉത്തരവ് പ്രകാരമാണ് പി.എച്ച്.സി യിൽ താൽക്കാലിക ഡോക്ടറിനെ നിയമിച്ചതെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സ.ഉ(സാ.ധാ) നം 964/2018 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ സ്ഥാപനത്തിന് ഡോക്ടറെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ നിയമന ഉത്തരവ് പ്രകാരം 12.07.2022 ൽ നേരിട്ട് നടത്തിയ എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി പ്രസിദ്ധപ്പെടുത്തിയ റാങ്ക് ലിസ്റ്റിൽ നിന്നും ശ്രീ മുഹമ്മദ് എം, ജെ.എം മൻസിൽ പുലിപ്പാറ എന്നയാളെ നിയമിക്കുകയാണുണ്ടായത്.

സർക്കാർ ഉത്തരവ് കൃത്യമായി പാലിച്ച് മാത്രം നിയമന നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-40 പാഥേയം പദ്ധതി വിനിയോഗ സാക്ഷ്യപത്രം, ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല 262080 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | SO99/23 | SO101/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പാഥേയം ജനറൽ | പാഥേയം (SC) |
| അടങ്കൽ | 145600(വികസനഫണ്ട്) | 116480(വികസനഫണ്ട്SCP) |
| ചെലവ് | 145600 | 116480 |
| ബിൽ നമ്പർ | 308/23.02.2023-145600 | 309/23.02.2023 |
| നിർവ്വഹണം | അസ്സിസ്റ്റന്റ് സെക്രട്ടറി | |

പാങ്ങോട് ഗ്രാമ പഞ്ചായത്തിനെ വിശപ്പ് രഹിത സമൂഹമാക്കി മാറ്റുന്നതിനായി 60 വയസ്സ കഴിഞ്ഞതും ഭക്ഷണം സ്വന്തമായി പാകം ചെയ്ത് കഴിക്കാൻ സാധിക്കാത്തവരുമായ അഗതികൾക്ക് പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനായ് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്ന പദ്ധതിയാണിത്.

SO99/23 നം പാഥേയം ജനറൽ പ്രോജക്ടിനായി 47 ഗുണഭോക്താക്കളുടെയും SO101/23 പാഥേയം (SC) പ്രോജക്ടിനായി 38 ഗുണഭോക്താക്കളുടെയും ഗുണഭോക്തൃ ലിസ്റ്റ് പദ്ധതിക്കായി അംഗീകരിച്ച് തുക വകയിരുത്തുകയും യഥാക്രമം 145600, 116480 രൂപ ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്ന വിവരവും തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഭക്ഷണ വിതരണം നടപ്പാക്കിയതിന്റെ ചെലവ് വിശദാംശങ്ങളും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് ( **ഓഡിറ്റ് എൻക്വയറി നം25 /2022-23,** 29.11.2023) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങളും കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും സി.ഡി.എസു കൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കി. ആയതു പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്ററുടെ 17.03.2023 ലെ 442/E2/2017/KSTVM നം നടപടി ക്രമം പ്രകാരം പാഥേയം ജനറൽ പദ്ധതിക്കായി പാങ്ങോട് സി.ഡി.എസ്. ന് 169200/- രൂപയും പാഥേയം എസ്.സി.പി പദ്ധതിക്കായി 140400/- രൂപയും അനുവദിച്ചതായി കാണുന്നു. ഗ്രാമ ജില്ലാ പഞ്ചായത്തുകൾ 40:60 എന്ന അനുപാതത്തിലാണ് തുക വകയിരുത്തേണ്ടത്. പദ്ധതികൾ പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയും സി.ഡി.എസു കൾക്ക് അനുവദിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ ചെലവ് രേഖകളുടെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 262080 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതികൾക്കായി വകയിരുത്തിയ തുക വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് ഭക്ഷണം വിതരണം ചെയ്തതിന്റെ ചെലവ് വിശദാംശങ്ങളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 ഭവന പുനരുദ്ധാരണം- രേഖകൾ ഹാജരാക്കിയില്ല- 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്തിൽ തൻ വർഷം ഭവന പുനരുദ്ധാരണത്തിനായി 5 പദ്ധതികളാണ് നടപ്പാക്കിയിരിക്കുന്നത്. ആയതിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അപാകങ്ങൾ കണ്ടു

എ.

| പ്രോജക്റ്റ് നം. | 8/23 |
|---|---|

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം (ജനറൽ) |
| അടങ്കൽ | 1900000-(cfc ബെയ്സിക് ഗ്രാന്റ്) |
| ചെലവ് | 1500000-(cfc ബെയ്സിക് ഗ്രാന്റ്) |
| ബിൽ നം | 160/16-11-22-450000<br>161/2-11-23-50000<br>201/31-12-22-50000<br>215/16-1-23-50000<br>216/16-1-23-50000<br>264/7-2-23-50000<br>276/13-2-23-50000<br>303/21-2-23-50000<br>314/27-2-23-50000<br>359/13-3-23-50000<br>368/14-3-23-50000<br>369/14-3-23-50000<br>370/14-3-23-50000<br>412/23-3-23-50000<br>450/27-3-23-50000<br>464/28-3-23-50000<br>475/29-3-23/50000<br>480/29-3-23-50000<br>481/29-3-23-50000<br>482/30-3-23-50000<br>486/31-3-23-50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -2 |
| ഓഡിറ്റ് എൻക്വയറി | 27/29-11-23 |

പാങ്ങോട് ഗ്രാമ പഞ്ചായത്തിലെ മോശപ്പെട്ട വീടുകൾ ഉള്ള 19കുടുംബങ്ങൾക്ക് 100000രൂപ നിരക്കിൽ ധന സഹായം അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

1.പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായതിന്റെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക അനുവദിച്ച ബിൽ നം |
|---|---|---|
| 1 | പ്രഭ.എം .ചരുവിള പുത്തൻ വീട് ,ലെനിൻ കുന്ന് | ആദ്യഗഡു 160/16-11-22-50000 |
| 2 | റംസീന , റംസീന മൻസിൽ , മാറനാട് | ആദ്യഗഡു 201/31-12-22-50000<br>രണ്ടാം ഗഡു-475/29-3-23-50000 |
| 3 | ഗോപകുമാർ .എസ്,വേലൻ മുക്ക്, മൈലമ്മൂട് | ആദ്യഗഡു -160/16-11-22-50000<br>രണ്ടാം ഗഡു-486/31.03.2023 –50000 |
| 4 | റെയ്ഹാനത്ത് ബീവി,മുനീറ മൻസിൽ, | ആദ്യഗഡു -412/23-3-23-50000 |

| | | |
|---|---|---|
| | താഴെ പാങ്ങോട് | |
| 5 | ഗ്രേസി. ബ്ളോക്ക് നം -3,അംബേദ്കർ കോളനി ഭരതന്നൂർ | ആദ്യഗഡു -412/23-3-23-50000 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെവാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുംവരെ 350000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 52/23 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം (എസ് സി) |
| അടങ്കൽ | 750000- വികസന ഫണ്ട് (Scp) |
| ചെലവ് | 650000( വികസന ഫണ്ട് (Scp) |
| ബിൽ നം | 3/8-5-22-550000<br>110/14-10-22-50000<br>236/31-1-23-50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ |

പാങ്ങോട് ഗ്രാമ പഞ്ചായത്തിലെ എസ് സി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

1.പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായതിന്റെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക അനുവദിച്ച ബിൽ നം |
|---|---|---|
| 1 | ശ്രീജ.എൽ,ബ്ളോക്ക് 834, വട്ടക്കരിക്കകം | ആദ്യഗഡു 3/8-5-22-50000 |
| 2 | ഭവാനി,പുളിക്കര കുന്ന് ,ലക്ഷം വീട് എന്നിവർക്ക് 50000രൂപ | ആദ്യഗഡു 3/8-5-22-50000 |

2. മഞ്ജു. ഒ.എസ് എന്ന ഗുണഭോക്താവിന് ക്രമ നം 3 ബിൽ പ്രകാരം 50000 രൂപ അനുവദിച്ചിട്ടുണ്ട്.എന്നാൽ ആയത് അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ക്രമ ന 2 ബിൽ പ്രകാരം മാധവി തോട്ടരികത്ത് വീട്, എന്ന ഗുണഭോക്താവിന് 50000 രൂപ അനുവദിച്ചത് അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക ലഭ്യമാക്കും വരെക്കും 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അക്വിറ്റൻസിൽ ചെലവ് രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

സി

| | |
|---|---|
| പ്രോജക്റ്റ് നം | 80/23 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം (എസ് സി) |
| അടങ്കൽ | 2700000- വികസന ഫണ്ട് (Scp) |
| ചെലവ് | 1475000( വികസന ഫണ്ട് (Scp) |
| ബിൽ നം | 367/14-3-23-150000<br>400/28-3-23-75000<br>157/26-11-22 – 450000<br>178/12-12-22 – 75000<br>217/16-01-23 – 150000<br>278/14-02-23 -50000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി ഇ ഒ -2 |

പാങ്ങോട് ഗ്രാമ പഞ്ചായത്തിലെ എസ് സി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

1.പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തിയായതിന്റെ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ്,മറ്റ് അനുബന്ധരേഖകൾ എന്നിവ ലഭ്യമല്ല

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക അനുവദിച്ച ബിൽ നം | ലഭ്യമാക്കേണ്ടരേഖകൾ |
|---|---|---|---|
| 1 | സാവിത്രി.കോലിഞ്ചി തടത്തരികത്ത് വീട് മൈലം മൂട് | ആദ്യഗഡു 367/14-3-23-75000 | ഭവന പുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ്, വാല്യുവേഷൻ, ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ടിയാരിക്കോ ഭർത്താവും കെട്ടിട ഉടമയായ ചെല്ലപ്പൻ എന്നവർക്കോ ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ഇല്ല |
| 2 | സീത. സി. നാലു സെന്റ് കോളനി , ഉളിയിൽ കോണം | ആദ്യഗഡു 400/28-3-23-75000 | വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ഫയലിലില്ല. |

പരാമർശപ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 150000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-42 ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 86/23 |
| പ്രോജക്റ്റിന്റെ പേര് | ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 1000000 (CFC) |
| ചെലവ് | 949061 |
| വൌച്ചർ നം / എ സി ആർ ബിൽ | 343/8-3-23-898961<br>356/11-3-23-32100<br>142/27-03-23 -18000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം | 59/2-12-22 |

പാങ്ങോട് ഗ്രാമ പഞ്ചായത്തിലെ മാലിന്യ സംസ്കരണം ഊർജ്ജിതമാക്കുന്നതിനിന്റെ ഭാഗമായി ശേഖരിക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മ സേനക്ക് ഇലക്ട്രിക്ക് വാഹനം വാങ്ങിക്കുന്നതിനായാണ് പദ്ധതി രൂപീകരിച്ചരിക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 949061 ചെലവഴിച്ചിട്ടുണ്ട് . ജെം മുഖേനയാണ് പർച്ചെയ്സ് നടത്തിയിരിക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. ജില്ലാ ശുചിത്വ മിഷന്റെ 14/7/21 ലെ-123 DSM/TVM/2 നം കത്തു പ്രകാരം എം സി എഫ് ഉള്ള തദ്ദേശ സ്ഥാപനങ്ങളിൽ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ വാങ്ങുന്നതിന് ആകെ തുക 450000 രൂപയിൽ പരിമിതപ്പെടുത്തണമെന്നും ടെണ്ടർ മുഖേനയോ സർക്കാർ അനുമതി ലഭ്യമായിട്ടുള്ള ഏജൻസികൾ മുഖേനയോ വാങ്ങാവുന്നതാണെന്നും ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ 450000രൂപയിൽ അധികരിക്കാതെ പെട്രോൾ/ഡീസൽ വാഹനം വാങ്ങാവുന്നതാണെന്നും നിഷ്കർഷിക്കുന്നു. ടി തുകയിൽ 315000 രൂപ എസ് ബി എം ഫേസ്-1 ൽ നിന്നും 135000 രൂപ

ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിങ്ങനെ ചെലവഴിക്കുന്നതിനുമാണ് നിർദ്ദേശം . പദ്ധതി ഫയൽ പരിശോധിച്ചതിൽ മേൽ നിർദ്ദേശം പാലിക്കാതെ മുഴുവൻ തുകയും 949061 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

2. സർക്കാർ ഉത്തരവ് നം നം ജി ഒ ( ആർ ടി) 2159/2022 തിയ്യതി-2-9-22 പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന നടപടികൾക്കാവശ്യമായ പിക്ക് അപ് വാൻ/ ഇലക്ട്രിക്ക് ഓട്ടോ എന്നിവ കേരള ഓട്ടോമൊബൈൽസിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടും ടി സ്ഥാപനം വാഗ്ദാനം ചെയ്തിട്ടുള്ള ഇളവുകളോടെയും വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3.പതിനാലാം പദ്ധതി മാർഗ്ഗരേഖ സഉ (കൈ)115/22 തിയ്യതി-28-5-22 ഖണ്ഡിക- 8-2-B പ്രകാരം മാലിന്യസംസ്കരണത്തിനായി വാഹനം വാങ്ങുമ്പോൾ ഇലക്ട്രിക്ക് വാഹനം വാങ്ങേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. .ചീഫ് എഞ്ചിനീയറുടെ കാര്യാലയം മെക്കാനിക്കൽ ഡിവിഷൻ, ജലസേചന വകുപ്പ് 9-12-21 ന് ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് നൽകിയ കത്ത് പ്രകാരം ജെം പോർട്ടലിൽ ലഭ്യമായ ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിളുകളുടെ സ്പെസിഫിക്കേഷനും ലഭ്യാക്കിയിട്ടുണ്ട്.ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ സർക്കാർ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കാതെ നിജപ്പെടുത്തിയ തുകയിൽ നിന്നും അധികമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-43 ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

പദ്ധതി മാർഗരേഖ [ സ.ഉ(കൈ)നം. 84/തസ്വഭവ തീയതി 19.04.20222] ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ പുതിയ ആസ്തികൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയ ആസ്തികൾ, ആസ്തികളുടെ അവസാന മെയിന്റനൻസ് നടത്തിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ് )255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 64/2-12-23 ന് മറുപടി ലഭ്യമാക്കിയില്ല. ആസ്തി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-44 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല- കമ്മറ്റി തീരുമാന പ്രകാരമുള്ള തുടർ നടപടി വിവരം ലഭ്യമല്ല.

പാങ്ങോട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിലേക്ക് ഉൾപ്പെടുത്തി ആദ്യഗഡുവായി 40000/- രൂപ കൈപ്പറ്റി ഒരു വർഷത്തിലേറെയായിട്ടും ഭവനനിർമ്മാണത്തിൽ യാതൊരു പുരോഗതിയും വരുത്താത്ത പുളിക്കര ലക്ഷംവീട് കോളനിയിൽ ശ്രീമതി ബിന്ദു എന്ന ഗുണഭോക്താവിനെതിരെ തുടർനടപടി ആവശ്യപ്പെട്ട് വി.ഇ.ഒ സമർപ്പിച്ച കത്ത് കമ്മിറ്റി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ (29-4-22 അജണ്ട-5 തീ-1) ടിയാളെ നേരിൽ വിളിച്ച് സംസാരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ടിയാരിയുടെ ഭവന നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്നും,പൂർത്തീകരിച്ചിട്ടുണ്ടോ എന്നുള്ളതിന്റെയും വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 56/2-12-23 ന് മറുപടി ലഭ്യമാക്കിയില്ല. ടിയാരി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഭവനനിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-45 ഭവന പുനരുദ്ധാരണത്തിനായി ആദ്യ ഗഡു കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചില്ല തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമല്ല

പാങ്ങോട് ഗ്രാമപഞ്ചായത്തിലെ 2021-22 വാർഷിക പദ്ധതിയിൽ വീട് മെയിൻറനൻസ് (എസ്സ്.സി) ആനുകൂല്യത്തിനായി

ഗുണഭോക്തൃപ്പട്ടികയിൽ ഉൾപ്പെടുകയും കരാർ വച്ച് ഒന്നാംഗഡുവായ 50000/- രൂപ കൈപ്പറ്റുകയും ചെയ്ത ഓമന, നാലു സെൻറ് കോളനി, ഉളിയൻകോട് എന്ന ഗുണഭോക്താവിന് കുടുംബപരമായ പ്രശ്നം കാരണം പണികൾ പൂർത്തീകരിക്കുന്നതിന് കഴിയുകയില്ലെന്നും ആയതിനാൽ ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കി ലഭിച്ച തുക തിരിച്ചടയ്ക്കുന്നതിന് അനുവദിക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം കമ്മിറ്റി തീരുമാനത്തിനായി വി.ഇ.ഒ സമർപ്പിച്ച കത്ത് പരിഗണിക്കുകയും ടിയാൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് അറിയിപ്പ് നൽകി തുക ഈടാക്കുന്നതിനും ഗുണഭോക്തൃ ലിസ്റ്റിൽ തൊട്ടടുത്ത പേരുകാരന് ആനുകൂല്യം അനുവദിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യെ ചുമതലപ്പെടുത്തി 20-7-22 അജണ്ട 5-1 പ്രകാരം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെയും പകരം ആനുകൂല്യം ആർക്കാണ് അനുവദിച്ചതെന്നതിന്റെയും വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 56/2-12-23 ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-46 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2020-21 വർഷം മുതലുള്ള ലൈഫ് അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| കരാർ തിയ്യതിയിലെ വർഷം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക / തുക അനുവദിച്ച തിയ്യതി | നിർമ്മാണത്തിന്റെ ഘട്ടം |
|---|---|---|---|
| 2020-21 | ബിന്ദു. | 40000/29-1-21 | ആരംഭിച്ചില്ല |
| 2020-21 | യമുന | 300000/11-7-22 | ലിന്റൽ |
| 2020-21 | സരള | 305000/11-7-22 | ലിന്റൽ |
| 2020-21 | സിന്ധു | 200000/9-3-22 | അടിസ്ഥാനം |
| 2020-21 | ഉഷ | 350000/12-5-22 | റൂഫ് |
| 2020-21 | ഷാബു/മായ | 360000/26-9-22 | റൂഫ് |
| 2020-21 | സുമേഷ്/വിനീഷ | 360000/12-9-22 | റൂഫ് |
| 2020-21 | യശ്പാൽ/ബീന | 300000/23-3-23 | റൂഫ് |
| 2020-21 | പത്മിനി | 360000/18-9-23 | റൂഫ് |
| 2020-21 | ഗിരിജ | 360000/21-3-23 | റൂഫ് |
| 2020-21 | ബിന്ദു.എൻ | 300000/23-12-22 | ലിന്റൽ |
| 2021-22 | ഗീത | 40000/19-2-22 | ആരംഭിച്ചില്ല |

ഗുണഭോക്താക്കളുമായി ഏർപ്പെടുന്ന കരാർ പ്രകാരം 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തികരിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കരാർ വച്ച് 3 വർഷം വരെയായിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത വിഷയത്തിൽ വ്യക്തത വരുത്തുന്നതിനാവശ്യപ്പെട്ടതിൽ ശ്രീമതി. ബിന്ദു. പുളിക്കര വീട്, ശ്രീമതി.ഗീത, സുഗീഷ് ഭവൻ എന്നിവർ കൈപ്പറ്റിയ തുക തുക തിരികെ ഈടാക്കുന്നതിനുള്ള നോട്ടീസ് അയച്ചതായി അറിയിച്ചിട്ടുണ്ട്. മറ്റു ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-47 ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി സർവ്വീസ് പെൻഷണർക്ക് ആനുകൂല്യം അനുവദിച്ചത്- തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഫയൽനമ്പർ A2-2297/22 ലെ റിപ്പോർട്ട് പ്രകാരം ലൈഫ് എസ്സ്.റ്റി അഡീഷണൽ ലിസ്റ്റിലെ അർഹതയുള്ളവരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പാങ്ങോട് ഗ്രാമപഞ്ചായത്തിലെ വെള്ളയംദേശം വാർഡിലെ ശ്യാമള , പോങ്ങുമല തടത്തരികത്ത് വീട് എന്നയാൾ കരാർ വയ്ക്കുന്നതിനായി ഹാജരാക്കിയ റേഷൻകാർഡ് പ്രകാരം ശ്യാമള, ഗൃഹഭരണം എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും ഹാജരാക്കിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വരുമാനം 30000/- രൂപയുമാണെന്നും ട്രൈബൽ ഓഫീസിൽ നിന്നും ഭവനനിർമ്മാണ ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും പഞ്ചായത്തിൽ നിന്നും ലൈഫ് വീടിനായി സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ടെന്നും വീട് പരിശോധിച്ചതിൽ വാസയോഗ്യമായ ഭവനം അല്ല എന്ന വിവരവും ബോധ്യപ്പെട്ടിട്ടുള്ളതായും എന്നാൽ അന്വേഷണ സമയത്തോ കരാർ വയ്ക്കുന്ന സമയത്തോ ടിയാൾ സർവ്വീസ് പെൻഷനറാണ് എന്ന വിവരം വെളിപ്പെടുത്തിയിരുന്നില്ല എന്നും ലൈഫ് മാനദണ്ഡ പ്രകാരം രേഖകൾ എല്ലാം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് ഭവന നിർമ്മാണത്തിനായി 200000/- രൂപ അനുവദിക്കുകയും ആയത് കൈപ്പറ്റിയിട്ടുള്ളതായും തുടർന്ന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ടിയാൾ സർവ്വീസ് പെൻഷനറാണെന്ന വിവരം സമ്മതിച്ചിട്ടുണ്ടെന്നും ലൈഫ് മാനദണ്ഡ പ്രകാരം സർക്കാർ ജീവനക്കാർക്കോ സർവ്വീസ് പെൻഷനർക്കോ ലൈഫ് വീടിന് അർഹതയില്ല എന്ന ഉത്തരവ് നിലവിലിരിക്കെയാണ് ടി വിവരം മറച്ചു വച്ച് ഈ ഗുണഭോക്താവ് ലിസ്റ്റിൽ ഇടം പിടിച്ചതെന്നും ആയതിനാൽ തുടർഗഡുക്കൾ അനുവദിക്കുന്നതിന് ലൈഫ് മിഷൻറെ സ്പഷ്ടീകരണം ആവശ്യമായതിനാൽ ടിയാരുടെ അപേക്ഷ ലൈഫ് മിഷനിലേക്ക് സമർപ്പിച്ച് സ്പഷ്ടീകരണം നേടുന്നതിനായി കമ്മിറ്റി തീരുമാനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സമർപ്പിച്ച കത്ത് കമ്മിറ്റി പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് ലൈഫ് മിഷനിൽ നിന്നും സ്പഷ്ടീകരണം തേടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 6-9-22 അജണ്ട 8 തീ-1 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകി കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടിവിവരം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 57/2-12-23ന് ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയത്തിൽ ലൈഫ് മിഷനിൽ നിന്നും സ്പഷ്ടീകരണം ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടിവിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-48 എസ് എസ് എ വിഹിതം കൈമാറൽ – വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല 700000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**താഴെ പറയുന്ന പദ്ധതികൾ പ്രകാരം എസ് എസ് കെ ക്ക് തുക കൈമാറിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .**

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 1/23 | എസ് എസ് എ വിഹിതം നൽകൽ (ജനറൽ) Scp) | ബി ആർ സി /പാലോട് | സി എഫ് സി | 93/28-9-22 | 500000 |
| 2 | 178/23 | എസ് എസ് എ വിഹിതം നൽകൽ ( Scp ) | ബി ആർ സി പാലോട് | വികസന ഫണ്ട്( Scp ) | 147/24-11-22 | 200000 |

മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെക്കും 700000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-49 വിനിയോഗ വിവരം ലഭ്യമല്ല- 458483/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

**താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല .**

| ക്രമ നം | പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പർ/ | തുക |
|---|---|---|---|---|---|---|
| 1 | 70/23 | ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടം നിർമ്മാണം തുക നൽകൽ | മെമ്പർ സെക്രട്ടറി & ചെയർ പേഴ്സൺ | വികസന ഫണ്ട് ജനറൽ | 67/24-8-22 | 350000 |
| 2 | 69/23 | ഐ കെ എം വിഹിതം നൽകൽ | ബി ആർ സി പാലോട് | വികസന ഫണ്ട്(ജനറൽ | 61/24-8-22 | 108483 |

മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/27-11-23 ന് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു വരെ 458483/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-50 എസ്റ്റിമേറ്റില്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക കൈമാറൽ- 54971/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നം | 2/23 |
| പ്രോജക്റ്റിന്റെ പേര് | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 100000(1992സി എഫ് സി, 98008 തനത്ഫണ്ട്) |
| ചെലവ് | 54971 |
| വൌച്ചർ നം | 1.22200512/7-10-22-26752<br>2.22200738/29-12-22-28219 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം | 7/27-11-23 |

ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനായാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

1. ക്രമ നം രണ്ടു ബിൽ പ്രകാരം പുലിപ്പാറ വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗിനായി 6377 രൂപയും , കക്കാണിക്കര വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗിനായി 5098 രൂപയും യഥാക്രമം കല്ലറ , പാലോട് കെ എസ് ഇ ബി കൾ ക്ക് അനുവദിച്ചത് വിശദമായ എസ്റ്റിമേറ്റിന്റെ അഭാവത്തിലാണെന്നു കാണുന്നു. സ്ഥാപനം നൽകിയ ഡിമാന്റ് ലെറ്ററാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്മറുപടിയായി ഭാവിയിൽ അപാകം ആവർത്തിക്കില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഉത്തരവ് നം 84/2022/തസ്വഭവ തിയ്യതി -19-4-22 അധ്യായം 12 ഖണ്ഡിക (ഡി) (ii)പ്രകാരം തുക കൈമാറുന്നതിന് മുമ്പായി കരാറിലേർപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ടി വ്യവസ്ഥ പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്കൈമാറിയ തുകകളുടെ വിനിയോഗ വിവരം, പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം , ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രേഖകൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.മേൽ പ്രകാരമുള്ള രേഖകളുടെ അഭാവത്തിൽ 54971/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-51 സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ-സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചത് ഉറപ്പു വരുത്താനായിട്ടില്ല- 100000/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്റ്റ് നം | 68/23 |
| പ്രോജക്റ്റിന്റെ പേര് | സാമൂഹ്യ സുരക്ഷാ മിഷൻ സംഭാവന |
| അടങ്കൽ | 100000-വികസന ഫണ്ട് ജനറൽ |
| ചെലവ് | 100000 |
| വൌച്ചർ നം | 145/24-11-22 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി നം | 12/27-11-23 |

കേരള സാമൂഹ്യ സുരക്ഷ മിഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംഭാവന നൽകുന്നതിന് ഒരു ലക്ഷം വകയിരുത്തിയാണ് പോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്.മേൽ ബിൽ പ്രകാരം 100000 രൂപ കേരള സോഷ്യൽ സെക്യൂരിററി മിഷന് കൈമാറിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകങ്ങൾ കാണുന്നു.

10-2-22 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മറ്റിയുടെ യോഗനടപടി തീരുമാനം നം 4.63 പ്രകാരം ധന സഹായം സ്വീകരിക്കുന്ന അർഹതപ്പെട്ട രോഗികളുള്ള നഗരസഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകാവുന്നതാണെന്നും തദ്ദേശ സ്ഥാപനങ്ങൾക്കു നൽകുന്ന വിഹിതം അതാതു തദ്ദേശ സ്ഥാപനങ്ങളിലെ രോഗികൾക്കു കിട്ടുന്നു എന്ന് ഉറപ്പു വരുത്തണം എന്ന് നിഷ്കർഷിക്കുന്നു.സ ഉ ( സാധാ) നം 559/22 തസ്വഭവ തിയ്യതി- 9-3-22 പ്രകാരം ധനസഹായം സ്വീകരിക്കുന്ന രോഗികളുള്ള നഗരസഭകൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെയും ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിററി മിഷന് തുക നൽകാവുന്നതാണെന്നും , തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം എന്നും സ്പഷ്ടമാക്കിയിട്ടുണ്ട്. മേൽ വ്യവസ്ഥകൾ ഉറപ്പുവരുത്തിയതിന്റെയും പഞ്ചായത്ത് പരിധിയിലുള്ള എത്ര

ഗുണഭോക്താക്കൾ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉണ്ടെന്നും ടിയാർക്ക് തുക ലഭിച്ചത് ഉറപ്പുവരുത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് ലഭ്യമാകുന്നതെന്നും മറ്റ് വിവരങ്ങൾ ലഭ്യമല്ല എന്നും ഭാവിയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാമിഷന് കൈമാറിയ 100000/- രൂപയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-52 കമ്മറ്റി തീരുമാനം നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ് .

**2022-23 വർഷത്തെ സകർമ്മ മിനുട്സ് പരിശോധിച്ചതിൽ കണ്ട താഴെ ചേർക്കുന്ന തീരുമാനങ്ങളിൻ മേൽ എടുത്ത തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.**

1. പാങ്ങോട് ഗ്രാമപഞ്ചായത്ത് മണക്കോട് രണ്ടാം വാർഡിൽ വർഷങ്ങളായി പ്രവർത്തനം ആരംഭിക്കാതെ കിടക്കുന്ന താബൂക്ക് നിർമ്മാണ യൂണിറ്റ് ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കുന്നതിന് കുടുംബശ്രീ യൂണിറ്റ് തയ്യാറായ സാഹചര്യത്തിൽ ടി കെട്ടിടത്തിന് അടിയന്തിരമായി നമ്പർ അനുവദിക്കുന്നതിനും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനും കുടുംബശ്രീ യൂണിറ്റുമായി കരാർ വച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 16-8-22 അജണ്ട 9 തീ-1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതും നിർമ്മാണ യൂണിറ്റ് പ്രവർത്തന ക്ഷമമായതിന്റെ വിവരം ലഭ്യമാക്കേണ്ടതുമാണ്.
2. മാർക്കറ്റിനകത്തെ പൈപ്പ് ലൈൻ നശിപ്പിച്ചവർക്കെതിരെ നടപടി ആവശ്യപ്പെട്ട് പാങ്ങോട് പോലീസ് സ്റ്റേഷനിലേക്ക് കത്ത് നൽകുന്നതിന് 15-12-22അജണ്ട-12 തീ-1 പ്രകാരം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.ഇക്കാര്യത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.നഷ്ടം ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതുമാണ്.
3. ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് മാലിന്യം കൊണ്ടുപോകുന്നതിന് വാഹനം വാങ്ങൽ എന്ന പദ്ധതി പ്രകാരം വാഹനം വാങ്ങുന്നത് സംബന്ധിച്ച് കമ്മിറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ 6 മാസത്തിനകം കുടുംബശ്രീ വഴി ഹരിതകർമ്മസേനയിൽ ഉൾപ്പെടുന്ന 2 സ്ത്രീകൾക്ക് ലൈസൻസ് എടുപ്പിക്കേണ്ടതും അവരെ ഉപയോഗിച്ച് വാഹനം ഓടിക്കേണ്ടതുമാണ് എന്നും സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയിലെ 2 അംഗങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസ് നേടുന്നതിന് നടപടി സ്വീകരിക്കുവാൻ കുടുംബശ്രീക്ക് കത്ത് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് സമയത്തും വാഹനം ഓടിക്കുന്നതിന് ദിവസ വേതനത്തിന് ആളെ നിയമിച്ച് വേതനം നൽകിവരുന്നതായി കണ്ടു.

മേൽപറഞ്ഞ കമ്മറ്റി തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 69/02.12.2023 ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-53 തെരുവ് വിളക്ക് പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 77/23 (SPILL OVER PROJECT) |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ |
| അടങ്കൽ | 840000 (340000 വി ഫ ജനറൽ, 500000 തനത് ഫണ്ട്) |
| ചെലവ് | 724510 (332182 വി ഫ ജനറൽ, 392328 തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ടിനം | വികസന ഫണ്ട്, തനതുഫണ്ട് |
| ഓഡിറ്റ് എൻക്വയറി നം | 54/1-12-23 |

പഞ്ചായത്തിലെ എല്ലാ തെരുവ് വിളക്കുകളുടെയും അറ്റകുറ്റപണിക്കാവശ്യമായ എൽ ഇ ഡി ബൾബ് ,ഹോൾഡർ , സ്വിച്ച് മുതലായവ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 340000 രൂപയും വേതനം, വാഹന വാടക എന്നിവ നൽകുന്നതിനായി 500000 രൂപയും വകയിരുത്തിയാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ ( പി) 259/2010 തിയ്യതി- 8-11-2010 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരിക്കലിനായി ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി സാമ്പത്തിക വർഷം ആരംഭത്തിൽ തുടങ്ങേണ്ടതാണെന്ന് സ്പഷ്ടമാക്കുന്നുണ്ട്. ഫയൽ പരിശോധിച്ചതിൽ 2022-23 വർഷാരംഭത്തിൽ പദ്ധതിക്കായി ടെണ്ടർ ക്ഷണിക്കാതെ കമ്മറ്റി തീരുമാനം നം 1/4 തിയ്യതി 8-4-22 പ്രകാരം, 2019-20 മുതൽ തെരുവ് വിളക്ക് പരിപാലനത്തിനായി കരാറെടുത്ത ശ്രീ. നിസാറുദ്ദീൻ എന്ന കരാറുകാരനെ തന്നെ തുടർനിയമിക്കുന്നതിനായും, അറ്റകുറ്റപണികൾക്കായുള്ള സാധനങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനത്തിന്റെ കരാർ 2022-23 വർഷത്തേക്ക് പുതുക്കി നൽകുകയും 2022-ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ പ്രവർത്തി ചെയ്തതിന് തുക 145840 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഏത് നിരക്കിലാണ് പ്രസ്തുത തുക അനുവദിച്ചതെന്നതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ഇപ്രകാരം ടെണ്ടർ ക്ഷണിക്കാതെ 4 വർഷം തുടർച്ചയായി ഒരേ കരാറുകാരനെ തുടരാനനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

2. ശ്രീ.നിസ്സാറുദ്ദീൻ എന്നയാളുടെ ലൈസൻസ് സംബന്ധിച്ച് കല്ലറ കെ.എസ്.ഇ.ബി യിൽ നിന്ന് കത്ത് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ ഇലക്ട്രീഷ്യനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. ശ്രീ. നിസ്സാറുദ്ദീൻ എന്ന കരാറുകാരന്റെ ലൈസൻസ് സംബന്ധിച്ച് കെ എസ് ഇ ബിയിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ വിവരം ഫയലിലില്ല. വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം തെരുവ് വിളക്ക് പരിപാലനം ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ യോഗ്യത നിശ്ചയിച്ചിട്ടുള്ളതാണ്. കരാറുകാരന്റെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ ഫയലിലില്ല. കെ എസ് ഇ ബി.യിൽ നിന്നും ശ്രീ. നിസ്സാറുദ്ദിന്റെ ലൈസൻസ് സംബന്ധിച്ച് വന്ന കത്തും 4 വർഷത്തോളം നിശ്ചിത യോഗ്യത ഇല്ലാത്ത വ്യക്തിയെ തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിനായി തുടരാൻ അനുവദിച്ചത് എന്തു കാരണത്താലാണെന്നും വ്യക്തമാക്കേണ്ടതാണ്.

3.നിലവിലെ കരാറുകാരൻ ശ്രീ. നിസാറുദ്ദീന്റെ ലൈസൻസ് സംബന്ധിച്ച് കെ എസ് ഇ ബിയിൽ നിന്നും കത്ത് വന്നതിന്റെ അടിസ്ഥാനത്തിൽ 17-8-2022 ൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്ക പരിപാലനം നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട് ക്വട്ടേഷൻ ലഭിച്ച വാസ്തു ഹാര ബിൽഡേഴ്സ്സിന് തൻവർഷം ചുവടെ ചേർക്കുന്ന വൌച്ചർ പ്രകാരം 241558 രൂപ നൽകിയിട്ടുണ്ട്.

I) 22200714/21.12.22 – 51392/-

Ii) 22200811/20.01.23 – 106304/-

Iii) 22200970/07.03.23 – 83862/-

4.സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം, റിപ്പയർ ചെയ്ത ശേഷം ഏതെങ്കിലും സാധനങ്ങൾ ബാക്കി വരികയാണെങ്കിൽ ടി സാധനങ്ങൾ തിരികെ ഏൽപിക്കുന്നതിനും ഇളക്കിയെടുക്കുന്ന പഴയ സാധനങ്ങൾ തിരികെ പഞ്ചായത്തിൽ ഏൽപിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരൻ വാറൻറി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിയ്ക്കുന്നുണ്ടോ, ആയത് റീപ്ളേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിയ്ക്കുന്നുണ്ടോ എന്നുള്ളതിന്റെ വിവരങ്ങളും ഇത് സംബന്ധിച്ച രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

5.പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നതാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6.15-9-11 ലെ 3055/DA3-2011 ത സ്വ ഭ വ സർക്കുലർ പ്രകാരം 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കേണ്ടതുണ്ട്. ആയത് ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

7.ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിങ്ങ് എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.

8.ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത് എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തി വേണം ആവശ്യകതാ നിർണയം നടത്തേണ്ടത്. സർക്കുലർ നമ്പർ 3055/ഡി.എ /3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.11.2017ലെ 177/ഡി.എ.3/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് കോൺട്രാക്ട് ഏറ്റെടുക്കുന്നവർക്ക് സൂപ്പർവൈസറി ലൈസൻസും ബി ക്ലാസ്സ് ലൈസൻസും തൊഴിലാളിക്ക് ഇലക്ട്രിഷ്യൻ ലൈസൻസും ഉണ്ടായിരിക്കേണ്ടതാണ്. ശ്രീ.നിസാറുദ്ദീന് അപ്രകാരമുള്ള രേഖകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

9. 05.09.2011-ലെ സർക്കുലർ നം.3055/ഡി.എസ്.3/2011/തസ്വഭവ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത്

കെ.എസ്.ഇ.ബി-യുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലുമായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി മേൽനോട്ടം വഹിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

10.കരാറുകാരൻ ഇൻഷ്വറൻസ് എടുത്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

11. തെരുവ് വിളക്കുകളുടെ സ്റ്റോക്ക്, ഇഷ്യു എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന സാധനങ്ങൾ എവിടെയാണ് സൂക്ഷിക്കുന്നത് എന്നതിന്റെ വിവരവും ലഭ്യമാക്കിയില്ല.
പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ട തെരുവ് വിളക്ക് പരിപാലനം നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതുമാണ്.

## 1-54 കാലാവധി കഴിഞ്ഞ ആയുർവേദ മരുന്നുകൾ സ്റ്റോക്കിൽ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പദ്ധതി നമ്പർ | 21/23 |
| പദ്ധതി അടങ്കൽ | 700000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം |
| പദ്ധതി ചെലവ് | 700000/-രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം |
| എ സി ആർ ബിൽ നമ്പർ/ തീയതി | 42/20.07.2022 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ- ഹോമിയോ |

ആയുർവേദ ആശുപത്രിക്ക് ഇൻ വോയിസ് നമ്പർ 90266996 തീയതി 30.07.2022 പ്രകാരം 182/- രൂപ നിരക്കിൽ പ്രമേഹൗഷധി 200g ന്റെ 102 ബോട്ടിലുകൾ ( ബാച്ച് നമ്പർ PT082187) വാങ്ങിയിട്ടുണ്ട്. ഈ മരുന്നുകളുടെ Expiry Date 09/2023 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ സെപ്റ്റംബർ 2023 ന് ശേഷം 40 ബോട്ടിൽ ഇനിയും വിതരണം ചെയ്യാതെ സ്റ്റോക്കിൽ അവശേഷിക്കുന്നതായി കാണപ്പെട്ടു. ഇവ കാലാവധി കഴിഞ്ഞ മരുന്നുകളാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 32/30.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ആശുപത്രിയിൽ ബാക്കിയുള്ള ബോട്ടിലുകളുടെ Expiry Date 2/24 ആണെന്നും ഔഷധിയിൽ അന്വേഷിച്ചപ്പോൾ ഇൻ വോയിസ് തെറ്റാണെന്നും പുതിയത് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തെറ്റ് തിരുത്തികൊണ്ടുള്ള ഇൻ വോയിസ് ഔഷധിയുടെ സാക്ഷ്യപത്രം സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ ഇൻവോയിസിലെ വിവരങ്ങൾ ശരിയാണെന്ന് പരിശോധിച്ചുറപ്പ് വരുത്തി മാത്രം മരുന്നുകൾ സ്റ്റോക്കിലെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-55 ടെണ്ടർ ഫോറം വില- ലഭിച്ചതിന്റെ വിശദാംശം ലഭ്യമല്ല-

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശവും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത തുക തനത് ഫണ്ടിൽ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-56 പ്രവർത്തി പൂർത്തീകരിക്കാൻ കാല താമസം- പിഴ ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. പ്രോജക്ട് നം. 28 പരിശോധിച്ചതിൽ കരാർ,കാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷ നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശം | ഈടാക്കേണ്ട തുക |
|---|---|---|
| 1 | പ്രോജക്ട് നം.39/23( SO)<br>പേര്- കണ്ണൻ പാറ ക്ഷേത്രം മുതൽ കുന്നിൽ തേരി റോഡ് വരെ<br>അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് റോഡ് -1203500<br>കരാറുകാരൻ-വിനോദ് .ഒ. നായർ<br>എം.ബുക്ക് നം.- 42/7-4-22<br>ബിൽ നം.-107/14-10-22<br>കരാർ തുക- 1074294 | കാലതാമസം- 108ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=108X20%=21<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് 87ദിവസം<br>87 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=1074294X87/90X1%=10385 |

| | | |
|---|---|---|
| | പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 4 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-24-2-22<br>പ്രവൃത്തി പൂർത്തീകരിച്ചത്- 6-10-22 | |
| 2. | പ്രോജക്ട് നം.30/23( SO)<br>പേര്- പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലെ വനിതാ ക്യാന്റീന് സമീപം ഓട നിർമ്മാണം<br>അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് റോഡ് -456200<br>കരാറുകാരൻ-രാജേഷ് കുമാർ.വി<br>എം.ബുക്ക് നം.- 74/1-6-22<br>ബിൽ നം.-256/6-2-23<br>കരാർ തുക- 407266<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 3 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-25-1-22<br>പ്രവൃത്തി പൂർത്തീകരിച്ചത്- 30-12-22 | കാലതാമസം- 248ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=248X20%=50<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് 198ദിവസം<br>ആദ്യത്തെ 90 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=407266X/1%=4073<br>പിന്നീട്ടുള്ള 90 ദിവസത്തേയ്ക്ക് ഈടാക്കേണ്ടപിഴ പിഴ =407266X/2%=8145<br>ഈടാക്കേണ്ട പിഴ- 12218 |
| 3 | *പ്രോജക്ട് നം.31/23( SO)<br>പേര്- അങ്കണവാടികൾക്ക് അടിസ്ഥാന സൌകര്യമൊരുക്കൽ<br>അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് റോഡ് -777500<br>കരാറുകാരൻ-ഷിയാസ് .എച്ച്<br>എം.ബുക്ക് നം.- 31/7-4-22<br>ബിൽ നം.-120/1-11-22-505564<br>ബിൽ നം.-253/6-2-3-202697<br>കരാർ തുക- 694186<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 3 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-3-3-22<br>പ്രവൃത്തി പൂർത്തീകരിച്ചത്- 28-1-23( ചെക്ക് മെഷർ ചെയ്ത തിയ്യതി) | കാലതാമസം- 175ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=175X20%=35<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് 140ദിവസം<br>ആദ്യത്തെ 90 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=694186X1%=6942<br>പിന്നീട്ടുള്ള ദിവസത്തേയ്ക്ക് ഈടാക്കേണ്ടപിഴ പിഴ =694186X50/90X2%=7713<br>ഈടാക്കേണ്ട ആകെ പിഴ- 14655 |
| 4 | പ്രോജക്ട് നം.28<br>പേര്- കൊച്ചാലുംമൂട് വട്ടക്കോണം റോഡ് റീ-ടാറിംഗ്<br>അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് റോഡ് -1267100<br>കരാറുകാരൻ-വിനോദ് .എം. നായർ<br>എം.ബുക്ക് നം.- 18/17-422<br>ബിൽ നം.-254/6-2-23<br>കരാർ തുക- 1077720<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 5 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-24-2-22<br>പ്രവൃത്തി പൂർത്തീകരിച്ചത്- 23-12-22 | കാലതാമസം- 151ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=151X20%=30<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് 121ദിവസം<br>ആദ്യത്തെ 90 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=1077720X1%=10777<br>അടുത്ത 31 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=1077720X31/90X 2%=7424<br>ആകെ – 18201 |
| 5 | പ്രോജക്ട് നം.41<br>പേര്- കൊച്ചാനക്കല്ലു വിള മൈലമൂട് റോഡ് റീ ടാറിംഗും സൈഡ് കോൺകോൺക്രീറ്റിംഗ്<br>അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് റോഡ് -1100000<br>കരാറുകാരൻ-സലിം.ജെ | കാലതാമസം- 169ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=169X20%=34<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് 135ദിവസം |

| | | |
|---|---|---|
| | എം.ബുക്ക് നം.- 18/17-4-22<br>ബിൽ നം.-108/14-10-22<br>കരാർ തുക- 981319<br>കരാർ നം-26/AE/LSG D/PGD/25-1-22<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 4 മാസം( TS NO-12382)<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-25-1-22<br>പ്രവൃത്തി പൂർത്തീകരിച്ചത്- 12-10-22 | ആദ്യത്തെ 90 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=981319X1%= 9813<br>പിന്നീട്ടുള്ള 45 ദിവസത്തേക്കുള്ള പിഴ- 981319X45/90X2%=<br>ആകെ ഈടാക്കേണ്ട പിഴ- 19626 |

പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 72,65,74 എന്നിവക്ക് മറുപടി ലഭ്യമാക്കിയില്ല. പിഴ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| | 65/23-ഹരിത ഭവനം | 56000 |
| ജില്ല പഞ്ചായത്ത് | 85/23-ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 67339 |
| | 82-ലൈഫ് പി എം എ വൈ എസ് സി | 680000 |
| | 130-സ്നേഹസ്പർശം | 352000 |
| | 92-ലൈഫ് എസ് ടി അഡീഷണൽ ലിസ്റ്റ് | 254692 |
| ആകെ | | 1410031 |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 85/23-ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 197353 |
| | 130/23 സ്നേഹസ്പർശം | 300000 |
| | 136 /23-ഗോത്ര സാരഥി | 138000 |
| | 15/23-അങ്കണവാടി പോഷകാഹാരം | 150000 |
| | 128/23, സൌരവേലി | 100000 |
| ആകെ | | 885353 |

| | മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22-B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 723574 | 1410031 | 2133605 | 1410031 | 723574 | 723574 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 1220121 | 885353 | 2105474 | 885353 | 1220121 | 1220121 |
| ആകെ | 1943695 | 2295384 | 4239079 | 2295384 | 1943695 | 1943695 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് തുക | ഏജൻസിയിൽ ബാക്കി നിർക്കുന്ന തുക |
|---|---|---|---|---|
| | | | | |
| കെ.എസ്.ഇ.ബി | 28/23-പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് ഇലക്ട്രിസിറ്റി കണക്ഷൻ | 31926 | 0 | 31926 |
| കെ.എസ്.ഇ.ബി | 2/23, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 54971 | 0 | 54971 |
| | ആകെ | 86897/- | 0 | 86897/ |

| | 21-22- B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 22-23വർഷത്തെ നിക്ഷേപം (RP 47 Payment) | ആകെ | ചെലവ് | നീക്കിയിരിപ്പ് | 22-23 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 172209 | 86897/ | 259106 | 0 | 259106 | 204135* |
| കേരള വാട്ടർ അതോറിറ്റി | 2602249 | 0 | 2602249 | 0 | 2602249 | 2602249 |

| | | | | | | |
|---|---|---|---|---|---|---|
| കേരള പൊതുമരാമത്ത് വകുപ്പ് | 310013 | 0 | 310013 | 0 | 310013 | 310013 |

തൻവർഷം പ്രോജക്ട് നം. 2 പ്രകാരം കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 54971 രൂപ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ഖണ്ഡിക 1-1-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

**ഇല്ല.**

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(b-5) |
|---|---|---|---|---|---|---|
| HUDCO | 22087218 | 16144000 | 38231218 | 3821756 | 34409462* | 31169463 |

*ശീർഷകത്തിന്റെ മുന്നിരിപ്പ് 22087218/- രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ വരവ് 11404000/- രൂപയും സ്രോതസ്സിൽ നിന്ന് വിവിധ പ്രോജക്ടുകളിലായി കുറവ് ചെയ്ത തുക 3821755/- രൂപയുമാണ്. സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ നീക്കിയിരിപ്പ് വരേണ്ട തുക 22087218+11404000-3821755=29669463/- രൂപയാണ്

## 4-5 സ്ഥിര നിക്ഷേപങ്ങൾ

**ഇല്ല.**

## 4-6 ഓഡിറ്റ് റിക്കവറി

**ഇല്ല.**

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-7 | | | VEO 10,59,000/-രൂപയുടെ ക്രമക്കേട് - ചെലവ് തടസ്സപ്പെടുത്തി. | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

**ഇല്ല.**

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 26382230 |
| ഓഡിറ്റ് വർഷത്തെ വരവ് | 78950193 |
| ആകെ | 105332423 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71943009 |
| നീക്കിയിരിപ്പ് | 33389414 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3161034 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 330000 | ഡോ.അനില പീതാംബരൻ, വെറ്ററിനറി സർജ്ജൻ |
| 1-36 | 80500 | ശ്രീമതി. പ്രേമ. എൽ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-40 | 262080 | മനോജ് കുമാർ,ആർ.എസ്,അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-41 | 650000 | ബിനു പ്രസാദ്. വിഇ ഒ- 2 |
| 1-48 | 500000 | ബിജു കുമാർ. എം, സെക്രട്ടറി |
| 1-48 | 200000 | ജോയ് കുമാർ. ബി, സെക്രട്ടറി |
| 1-48 | 458483 | ബിജു കുമാർ,.എം, സെക്രട്ടറി |
| 1-50 | 26752 | ബിജു കുമാർ. എം, സെക്രട്ടറി |
| 1-50 | 28219 | ജോയ് കുമാർ. ബി, സെക്രട്ടറി |
| ആകെ | 3161034 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല.**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയ് കുമാർ. ബി<br>സെക്രട്ടറി | സുഗതം, കാട്ടായിക്കോണം, പി ഒ , തിരുവനന്തപുരം | ജില്ലാ മിഷൻ കോർഡിനേറ്റർ , ലൈഫ് |
| ബിജു കുമാർ<br>സെക്രട്ടറി | വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് | TC58/538, കാർത്തിക, തിരുവല്ലം, തിരുവനന്തപുരം |
| ഡോ .റാണി ഗോപി നാഥ് | വെറ്റിനറി സർജൻ, പാങ്ങോട് പഞ്ചായത്ത് | കാർത്തിക ഭാനു ലെയിൻ, പേരൂർക്കട |
| ഡോ അനില പീതാംബരൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, അതിയന്നൂർ ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, കൈലത്തുകോണം, കുറക്കട.പി.ഒ, തിരുവനന്തപുരം |
| ബിനു പ്രസാദ്. വിഇ ഒ- 2 | പാങ്ങോട് പഞ്ചായത്ത് | ചെട്ടി തൊടി വീട്, വക്കം |
| മനോജ് കുമാർ,ആർ.എസ്,അസിസ്ററന്റ് സെക്രട്ടറി | അതിയന്നൂർ ഗ്രാമപഞ്ചായത്ത് | ഗൌരീ ശങ്കരം,കൃഷ്ണപുരം. നരുവാമൂട് |
| ശ്രീമതി. പ്രേമ. എൽ. ഐ.സി.ഡി.എസ് സൂപ്പർവൈസർ | പാങ്ങോട് ഗ്രാമപഞ്ചായത്ത് | മിന്നാരം, പാറക്കാറ, പുതുക്കളങ്ങര, പി.ഒ, നെടുമങ്ങാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| | | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 | 2 |

| | | |
|---|---|---|
| | തീയതി 15-10-2022 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 0 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 14 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 12 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 4 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 5 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 6 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.14/759/2022 തീയതി 15-10-2022 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2330/18, തീയതി 20.10.2018 | 34 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020, തീയതി 06.10.2020 | 34 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/1954/2021, തീയതി | 35 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/903/22 തീയ്യതി: 30/06/2022 | 39 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.14/273/23 തീയ്യതി: 27/03/2023 | 56 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**തിരുവനന്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pangode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pangode Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pangode Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Bank book , bank reconciliation statement, treasury account statement etc were not made available for audit relating to the sub- treasury account no. 7020314000000008 where Rs 27495 is shown as balance in AFS

2. As per Sulekha statement Rs 819984 has been collected and spent as beneficiary share but only Rs 294984 has been shown as expenditure in the annual financial statement. Due to this the amount shown in the balance sheet (B-4) as balance of Beneficiary Share shows a mismatch. Details are given below

| | |
|---|---|
| Opening balance | 306470 |
| collection | 819984 |
| expenditure | 294984 * |
| balance | 831470 |

* actual expenditure as per sulekha expenditure statement is Rs. 819984.

3. Bank book balance differs in reconciliation statement and AFS

Details are given below

| Bank Account Details | Bank Book Balance of march 31, 2023 | | |
|---|---|---|---|
| Sbi 37376488654 | As per Reconciliation statement | As per Rp.40-B | Difference |
| | 845419 | 846068 | 649 |

4. Payment voucher misclassification

A balance of Rs 204135 is shown in Balance sheet B-18 under the head Advance to implementing agencies- deposit with Kerala Electricity Board. But all amount expended for deposit works has not been recorded under this head due to which the amount shown as balance has a mismatch with actual balance. Details are given below.

| 460500202 -Advance To Implementing Agencies - Deposit With Kerala Electricity Board | |
|---|---|
| Opening balance | 172209 |
| Advance amount as per AFS | 31926 (pro. no. 84)* |
| balance | 204135 |

* Advance amount of Rs. 54971 deposited as per project no. 2 is not included under this head.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit

a) ratios, notes to accounts, Schedule B1 (statement containing adjusted performance for the current year)

2.Net increase in cash and cash equivalents (Rs. 7007184) does not match with the sum of net cash generated by investing activities, financing activities and operating activities. (Rs. 20201313)

3. Discrepancies/ Omissions in carrying forward of the closing balance in the year inrespect of assets/liabilities Example is shown below

| Head code | Closing balance asper A.F.S<br><br>2021-22 | Opening balance as per A.F.S<br><br>2022-23 |
|---|---|---|
| 410800101 | 965755 | 3212115 |

4. The stock and stores in hand was not valued and included in the annual financial statement, B-14 schedule at the end of the financial year 2022-23.

5. Grant liability amount shown as liability in Balance sheet does not match with Bank account opened for the specified account. Details are given below

| Item | Balance as per Balance sheet B-4 and B2 | As per B-17 , Amount in Bank Account |
|---|---|---|
| Finance Commission grant | Rs 7761194 | Rs.8152285. |
| literacy scheme grant | Rs.313462 | Rs.310855. |
| distress relief fund | Rs.35300 | 27060. |
| contributions for joint venture projects | Rs.1943695 | Rs.1000000 |

6. Lapses in making timely and accurate demand entries in respect of tax and non tax revenue

eg. There is no demand entry in the property tax ledger at the beginning of the year and every month thereafter. Entry has been made only on 31.03. 2023.

7.Cheque uncashed for more than three months in bank reconciliation statement were not transferred to stale cheques account. Details are appended below.

| Bank | Cheque no, date | amount |
|---|---|---|
| District co-operative Bank | 038688/24.1.2019 | 1000 |

| | | |
|---|---|---|
| 107112804000017 | | |

8. Directly credited by bank-amount not taken into account.

As per the reconciliation statement of Federal bank, Kallara, the amount shown as Directly Credited by bank is not taken into account.

Details are appended below

| Bank Account | amount | date |
|---|---|---|
| Federal bank, Kallara (17350100093871) | 3400 | 31.03.2023 |

9. Directly debited by bank- further action not taken. Details are appended below

As per the reconciliation statement of Sub treasury nedumangad the amount shown as Directly debited by bank is not taken as expenditure into account.

| Account details | amount | date |
|---|---|---|
| Sub treasury nedumangad 799030000000976 | 1250 | 02.03.2023 |

10. Cash book shows credit balance on 3.1.23 (Rs 4075), 6.1.23 (Rs 6986) and 7.1.23 (Rs 3236)

11. Demand registers are not periodically recconcilled with accounts

12.Non Disclosure of expense due- No provision has been recorded against the outstanding amount as per balance sheet. E.g. Provision has not been recorded for the previous year's water bills, current charges and fuel for the vehicle even though the amount has been spent in the current year.

13. The following registers are not maintained/does not match with accounts for audit

Eg. grant appropriation control register of state share and central share, advance register, loan registers

14. Demand registers does not match with financial statements. Details are appended below

| Item | Demand (asper register/sanchaya) | Demand(as per AFS) | Collection(As per register/ sanchaya) | Collection(As per AFS) | Balance(As per register/ sanchaya) | Balance(As per AFS) |
|---|---|---|---|---|---|---|
| Building tax(current) | 3282013 | 3122986 | 3210408 | 3056234 | 66993 | 66993 |
| Building tax(arrear) | 1122706 | 1161710 | 976265 | 928843 | 147604 | 147604 |
| Rent of Shopping complex(arrear) | No entry on register | 1587499 | No entry on register | 375720 | No entry on register | 1211779 |
| Auction | 279688 | 309899 | 279688 | 299899 | 0 | 0 |
| license | 182000 | 185300 | 182000 | 185300 | 0 | 0 |
| Usufructs of trees | 12250 | 3214 | 10150 | | 2100 | 164 |
| Auction of market(arrear) | No entry on register | 140810 | No entry on register | 0 | No entry on register | 140810 |

15. Amount used for asset creation using specific grant account not transferred to capital contribution

Amount used for asset creation using maintenance grant non- road, development fund -general

were not transferred to capital contribution. Details are given below.

1. maintenance grant non- road

| Project No. | Amount |
| --- | --- |
| 118 | 381811 |
| 165, | 244699 |
| 183 | 254415 |
| 182, | 270757 |
| 163, | 373241 |

2. development fund -general

| Project | amount |
| --- | --- |
| 102, | 128220 |
| 168, | 349652 |
| 149, | 199963 |

16. Loan Amount shown as liability as per B-5 Schedule mismatches with actual amount.
The loan details in AFS does not match with availed documents

| Loan | Opening balance (loan amount to be paid as per balance sheet b-5 of 2021-22) | Receipt **(As per RP-31 )** | Total | Amount Repaid during the period 2022-23 (As per sulekha statement) | Amount to be repaid | Amount to be paid as per Annual Financial Statement (b-5) |
| --- | --- | --- | --- | --- | --- | --- |
| HUDCO | 22087218 | 16144000 * | 38231218 | 3821755 | 34409463 (22087218+16144000-3821755) | 31169463 (difference= 3240000) |

***** The loan amount received in 2022-23 as per bank statement is Rs 11404000/- where in AFS , it is recorded as Rs 16144000.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്